بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ     نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ     وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാല്യം 4

ലക്കം 23

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2019 ജൂൺ 06/ഹി:ശം:1398 തബ്ലീഗ് 06/ഹി:ഖ: 1440ശവ്വാൽ 02


## അല്ലാഹുവിന്റെ വചനം

لَنۡ تَنَالُوا الۡبِرَّ حَتّٰی تُنۡفِقُوۡا مِمَّا تُحِبُّوۡنَ ۬ؕ وَمَا تُنۡفِقُوۡا مِنۡ شَیۡءٍ فَاِنَّ اللّٰہَ بِہٖ عَلِیۡمٌ ○

(آل عمران:93)

'നിങ്ങൾ ഇഷ്ടപ്പെടുന്നതിൽ നിന്ന് നിങ്ങൾ ചെലവഴിക്കുന്നതുവരെ നിങ്ങൾ നന്മ പ്രാപിക്കുകയില്ല. നിങ്ങൾ ഏതൊന്ന് ചെലവഴിക്കുന്നുവോ അതിനെക്കുറിച്ച് അല്ലാഹു' നല്ല വണ്ണം അറിയുന്നവനാകുന്നു"

(3:93)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

!

**അന്ധത രണ്ടുവിധമുണ്ട്. ഒന്ന് കണ്ണിന്റെ അന്ധത. രണ്ട് മനസ്സിന്റെ അന്ധത.**
**കണ്ണിന്റെ അന്ധത ഈമാനെ(സത്യവിശ്വാസം) ഒട്ടും ബാധിക്കുകയില്ല. എന്നാൽ, മനസ്സിന്റെ അന്ധത ഈമാനെ ബാധിക്കുന്നതാണ്. അതുകൊണ്ട് തനിക്ക് സത്യമായ ഈശ്വരജ്ഞാനവും യഥാർഥമായ ഉൾക്കാഴ്ചയും കാഴ്ചശക്തിയും പ്രദാനം ചെയ്യുന്നതിനും ശയ്ത്വാന്റെ ദുർബോധനത്തിൽനിന്ന് സുരക്ഷിതനാക്കുന്നതിനും ഓരോ വ്യക്തിയും അല്ലാഹുവിനോടു പൂർണമായ വണക്കത്തോടും വിനയത്തോടുംകൂടി എപ്പോഴും ദുആ ചെയ്തുകൊണ്ടിരിക്കേണ്ടത് നിർബന്ധമാണ്; എന്നല്ല വളരെ നിർബന്ധമാണ്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

### ഓരോ വ്യക്തിയും പരലോകയാത്രയ്ക്ക് തയ്യാറെടുക്കുക

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'ഇപ്പോൾ ഞാൻ വിവരിക്കുന്നതിന്റെ ഉദ്ദേശ്യം മനുഷ്യന്റെ ജീവിതത്തെ വിശ്വസിക്കാൻ പറ്റുകയില്ല. അതുകൊണ്ട് എന്റെയടുത്ത് ഇപ്പോൾ സംഘടിച്ചിട്ടുള്ളവർക്ക് അടുത്തവർഷം സംഘടിക്കാൻ പറ്റിയില്ലെങ്കിലോ എന്ന് ഞാൻ വിചാരിക്കുകയാണ്. ഈ ദിനങ്ങളിൽ അടുത്തവർഷം ചില സഹോദരങ്ങൾ ഈ ലോകത്ത് ഉണ്ടാവില്ലെന്ന് ഞാനൊരു ജാഗ്രദർശനത്തിൽ (കശ്ഫിൽ) കണ്ടു. ആരെയൊക്കെയാണ് ഈ ദർശനത്തിൽ കണ്ടതെന്ന് എനിക്ക് പറയാൻ പറ്റുകയില്ല. ഓരോ വ്യക്തിയും സ്വയമേവ പരലോകയാത്രയ്ക്കുള്ള തയ്യാറെടുപ്പ് നടത്തുന്നതിനു വേണ്ടിയാണിത്. ഞാനിപ്പോൾ പറഞ്ഞതുപോലെ, ആരുടേയും പേര് എന്നോട് പറഞ്ഞിട്ടില്ല. പക്ഷേ, ഞാൻ അല്ലാഹുവിന്റെ വിവരം കൊടുക്കലിനെ പറ്റി നല്ലവണ്ണം അറിയുന്നു; നിയതിനിയമത്തിന് ഒരു സമയമുണ്ട്. തീർച്ചയായും ഒരു നേരത്ത് നശ്വരമായ ലോകം ഉപേക്ഷിക്കേണ്ടതുണ്ട്. അതിനാൽ ഇപ്പോഴുള്ള ഓരോ വ്യക്തിയും ഓരോ സുഹൃത്തും, ഞാൻ പറയുന്ന കാര്യങ്ങൾ കഥകൾപോലെ മനസ്സിലാക്കരുതെന്ന് പറയേണ്ടത് വളരെ ആവശ്യമായി വരുന്നു. പ്രത്യുത ഇത് അല്ലാഹുവിൽനിന്നും അല്ലാഹുവിൽനിന്ന് നിയോഗിതനായ ആളിൽ നിന്നുമുള്ള ഒരു ഉപദേശമാണ്. അയാൾ ക്ഷേമകാംക്ഷയോടും സത്യസന്ധമായ നന്മയോടും മനോവേദനയോടും കൂടിയാണ് സംസാരിക്കുന്നത്.

### അല്ലാഹുവിലുള്ള വിശ്വാസം

ഞാനെന്റെ സ്നേഹിതന്മാരെ അറിയിക്കുന്നത് നല്ലവണ്ണം ഓർമവെക്കുക. ഞാൻ വീണ്ടും പറയുന്നു: മനസാ കേൾക്കുക, മനസിൽ ഇടംനല്കുക. തന്റെ ഗ്രന്ഥമായ വിശുദ്ധഖുർആനിൽ തന്റെ അസ്തിത്വവും തൗഹീദും ശക്തവും സുഗമവുമായ തെളിവിനാൽ സ്ഥാപിച്ചിട്ടുള്ളതുപോലെ അല്ലാഹു ഒരു അത്യുന്നത അസ്തിത്വവും പ്രകാശവുമാണ്. ഈ പ്രബലമായ അസ്തിത്വത്തിന്റെ ശക്തിപ്രഭാവങ്ങളും അത്ഭുതങ്ങളും കണ്ടിട്ടും, അവന്റെ അസ്തിത്വത്തിൽ സംശയിക്കുകയും സന്ദേശം പ്രകടിപ്പിക്കുകയും ചെയ്യുന്നവർ സത്യം പറയാം? വളരെ ദൗർഭാഗ്യകരാണ്. അല്ലാഹു തന്റെ പ്രബലമായ അസ്തിത്വത്തിന്റേയും സർവശക്തിത്വത്തിന്റേയും സ്ഥിരീകരണത്തെ സംബന്ധിച്ച് പറയുന്നു: *അഫില്ലാഹി ശക്കുൻ ഫാതിരിസ്സമാവാത്തി വൽഅർളി* ആകാശങ്ങളേയും ഭൂമിയേയും സൃഷ്ടിച്ച അല്ലാഹുവിന്റെ അസ്തിത്വത്തിലും സംശയിക്കാൻ കഴിയുമോ? ഒരു നിർമിതവസ്തു കണ്ടിട്ട് നിർ മാതാവിനെ വിശ്വസിക്കേണ്ടിവരുന്നുവെന്നത് ചൊവ്വായതും വ്യക്തവുമായ കാര്യമാണ്. മനോഹരമായ ഒരു പാദുകമോ പെട്ടിയോ കണ്ട് അതിന്റെ നിർമാതാവിനെ ഉടനെ അംഗീകരിക്കേണ്ടി വരുന്നു. അപ്പോൾപിന്നെ അല്ലാഹുവിന്റെ അസ്തിത്വത്തെ നിഷേധിക്കാൻ എന്തുവകയാണുള്ളത്? ആയിരക്കണക്കിന് അത്ഭുതങ്ങളെക്കൊണ്ട് ഭൂമിയും ആകാശവും നിറച്ചിട്ടുള്ള നിർമാതാവിനെ എങ്ങനെയാണ് നിഷേധിക്കാൻ കഴിയുക? അതുകൊണ്ട് തീർച്ചയായും മനസ്സിലാക്കുക, ഈ ശക്തിപ്രഭാവത്തിന്റെ അത്ഭുതങ്ങളും വസ്തുക്കളും കണ്ടിട്ടും– അതിലാണെങ്കിൽ മാനുഷികമായോ കൈയോ ബുദ്ധിയോ ഒന്നും പ്രവർത്തിച്ചിട്ടില്ല താനും– ഏതെങ്കിലും ഒരു വിഡ്ഢി അല്ലാഹുവിന്റെ അസ്തിത്വത്തെ സംശയിക്കുകയാണെങ്കിൽ, ആ ദൗർഭാഗ്യനായ മനുഷ്യൻ ശയ്ത്വാന്റെ കൈയിൽ അകപ്പെട്ടിരിക്കുന്നു. അവൻ പാപപൊറുതി(ഇസ്തിഗ്ഫാർ) തേടേണ്ടതാണ്. ദൈവാസ്തിക്യത്തെ നിഷേധിക്കുന്നത് തെളിവിന്റേയോ ദൃശ്യമായതിന്റേയോ അടിസ്ഥാനത്തിലല്ല. പ്രത്യുത പ്രതാപവാനായ അല്ലാഹുവിനെ നിഷേധിക്കുക എന്നത്, ഭൂമിയിലും ആകാശത്തിലും നിറഞ്ഞുകിടക്കുന്ന അവന്റെ ശക്തിപ്രഭാവങ്ങളും അത്ഭുതകരമായ സൃഷ്ടിജാലങ്ങളും വസ്തുക്കളും കണ്ടിട്ടും നിഷേധിക്കുക എന്നത് വലിയ അന്ധതയാണ്.

അന്ധത രണ്ടുവിധമുണ്ട്. ഒന്ന് കണ്ണിന്റെ അന്ധത. രണ്ട് മനസ്സിന്റെ അന്ധത. കണ്ണിന്റെ അന്ധത ഈമാനെ(സത്യവിശ്വാസം) ഒട്ടും ബാധിക്കുകയില്ല. എന്നാൽ, മനസ്സിന്റെ അന്ധത ഈമാനെ ബാധിക്കുന്നതാണ്. അതുകൊണ്ട് തനിക്ക് സത്യമായ ഈശ്വരജ്ഞാനവും യഥാർഥമായ ഉൾക്കാഴ്ചയും കാഴ്ചശക്തിയും പ്രദാനം ചെയ്യുന്നതിനും ശയ്ത്വാന്റെ ദുർബോധനത്തിൽനിന്ന് സുരക്ഷിതനാക്കുന്നതിനും ഓരോ വ്യക്തിയും അല്ലാഹുവിനോടു പൂർണമായ വണക്കത്തോടും വിനയത്തോടുംകൂടി എപ്പോഴും ദുആ ചെയ്തുകൊണ്ടിരിക്കേണ്ടത് നിർബന്ധമാണ്; എന്നല്ല വളരെ നിർബന്ധമാണ്.

### പരലോകവിശ്വാസം

ശയ്ത്വാന്റെ ദുർബോധനങ്ങൾ അനവധിയാണ്. ഏറ്റവും ഭയാനകമായ ദുർബോധനവും സംശയവും മനുഷ്യന്റെ മനസ്സിൽ സൃഷ്ടിച്ച് അവനെ *ഖസിറദ്ദുൻയാ വൽആഖിറ* ആക്കി തീർക്കുന്നത് പരലോകത്തെ സംബന്ധിച്ചാണ്. കാരണം എല്ലാ നന്മകളുടേയും സന്മാർഗങ്ങളുടേയും കനപ്പെട്ട മാർഗം മുകളിൽ പറഞ്ഞ കാര്യഹേതുക്കൾക്കും മാധ്യമങ്ങൾക്കും പുറമെ പരലോകത്തിലുള്ള വിശ്വാസവുമാണ്. മനുഷ്യൻ പരലോകത്തേയും അതിലെ കാര്യങ്ങളേയും കഥകളായി മനസ്സിലാക്കുമ്പോൾ അതിനെ നിഷേധിക്കുമെന്ന് കരുതിക്കൊള്ളുക. ഇരുലോകവും നഷ്ടപ്പെടുത്തിക്കളയുന്നു. അതിനാൽ, പരലോകത്തെ കുറിച്ചുള്ള ഭയവും മനുഷ്യനെ പേടിയുള്ളവനും വിറകൊള്ളുന്നവനുമാക്കി ഈശ്വരജ്ഞാനത്തിന്റെ സത്യമായ അരുവിയിലേക്ക് പതുക്കെപ്പതുക്കെ കൊണ്ടുവരുന്നു. സത്യമായ ഈശ്വരീയജ്ഞാനം യഥാർഥമായ ദൈവഭയവും പേടിയും കൂടാതെ കരസ്ഥമാകുകയില്ല. അതിനാൽ ഓർക്കുക! പരലോകത്തെ സംബന്ധിച്ച് ദുർബോധനമുണ്ടാകുക എന്നത്, ഈമാനെ അപകടത്തിൽ ഇടുകയും ശുഭപര്യവസാനത്തിൽ വിള്ളലുകൾ ഉണ്ടാക്കുകയും ചെയ്യുന്നു.

### അബ്റാറിന്റെ ജീവിതരീതി

എത്രത്തോളം സജ്ജനങ്ങളും ഉത്തമന്മാരും സന്മാർഗികളും ലോകത്ത് കടന്നുകഴിഞ്ഞിട്ടുണ്ടോ അവരെല്ലാം രാത്രിയിൽ ഉണർന്നെഴുന്നേറ്റ് നിന്നും സുജൂദിൽ (ശേഷം പേജ് 12ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഹദ്റത്ത് അഹ്മദ്(അ) സ്വന്തം തൂലികയിലൂടെ

*(വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) ബറാഹിനെ അഹ്മദിയ്യാ എന്ന തന്റെ ഗ്രന്ഥത്തിൽ (വാള്യം 5, പേജ് 64–77) എഴുതിയ ഭാഗമാണ് ഇവിടെ ചേർക്കുന്നത്. ഇംഗ്ലീഷ് പരിഭാഷയിൽനിന്നാണ് ഇത് മലയാളത്തിലേക്ക് മൊഴിമാറ്റം നടത്തിയിട്ടുള്ളത്. വിവ: കെ.പി. ഹസ്സൻകോയ, കോഴിക്കോട്)*

അജ്ഞരായ ചിലയാളുകൾ പൊതുവിൽ ചില മതങ്ങൾക്കും വ്യക്തികൾക്കുംമേൽ ആരോപിക്കുന്ന സ്വയംകൃതവും അതിമാനുഷവും അത്ഭുതകരമായതുമായ അതിശയോക്തിപരമായ കഥകൾ ഒരു മതത്തിനും അഭിമാനകരമല്ല; മറിച്ച്, അവ അപമാനകരവും നിന്ദ്യവുമാണെന്നതാണ് സത്യം. ഇങ്ങനെയുള്ള കെട്ടുകഥകൾ ഹദ്റത്ത് ഈസാ(അ)നബിയുടെ അഥവാ യേശുവിന്റെ മേൽ ആരോപിക്കപ്പെട്ടപോലെ മറ്റൊരു നബിയുടെമേലും ആരോപിക്കപ്പെട്ടിട്ടില്ല. എത്രത്തോളമെന്നാൽ അജ്ഞരായ ചില ആളുകൾ സങ്കല്പിക്കുന്നത് അദ്ദേഹം ആയിരക്കണക്കിന്–എന്നല്ല ലക്ഷക്കണക്കിന്–മരിച്ച ആളുകളെ പുനരുജ്ജീവിപ്പിച്ചിട്ടുണ്ടെന്നാണ്. സുവിശേഷങ്ങൾ അങ്ങനെയുള്ള അതിശയോക്തിപരമായ വിവരണങ്ങൾ നൽകുന്നുമുണ്ട്. ആയിരക്കണക്കിന് വർഷം പഴക്കമുള്ള ഒരു ശ്മശാനത്തിൽ മറവ് ചെയ്യപ്പെട്ട മൃതദേഹങ്ങൾ മുഴുവനും ഒരവസരത്തിൽ പുനരുജ്ജീവിക്കുകയും ജീവനോടെ പട്ടണത്തിലേക്ക് നടന്നുപോകുകയും ചെയ്തത്രെ!!

ഇനി ബുദ്ധിയുള്ള ആർക്കും വിധി കല്പിക്കാവുന്നതാണ്. ലക്ഷക്കണക്കിനാളുകൾ പെട്ടെന്നു ജീവനിട്ടു വന്നു പട്ടണത്തിൽ പ്രവേശിച്ചിട്ടും അവരുടെ പിൻഗാമികളോട് ഹദ്റത്ത് ഈസാ(അ)യുടെ സത്യം ഉറപ്പിച്ചുപറഞ്ഞിട്ടും ജൂതന്മാർ വിശ്വസിച്ചില്ല! അതിലുപരി ആയിരം മൃതദേഹത്തിന്റെ പുനരുജ്ജീവനമായ ഒന്ന് ഹദ്റത്ത് ഈസാ(അ)യുടെ ദൈവനിയോഗ ഉദ്ദേശ്യമാണെങ്കിൽ അവർ ബധിരരും മൂകരുമായിരിക്കില്ലെന്ന് ബുദ്ധി നമ്മോടു പറയുന്നു. ഈ അത്ഭുതകൃത്യം കാണിക്കപ്പെട്ടവരിൽ ചിലർ സഹോദരന്മാരും, പിതാക്കന്മാരും മക്കളും മാതാക്കളും പിതാമഹന്മാരും മാതാമഹികളും അല്ലെങ്കിൽ അടുത്തവരും പ്രിയപ്പെട്ടവരുമായ ബന്ധുക്കളും ആയിരിക്കുമല്ലോ. ഇക്കാരണത്താൽ അവിശ്വാസികളെ വിശ്വാസികളാക്കിത്തീർക്കാൻ ഹദ്റത്ത് ഈസാ(അ)ക്കുവേണ്ടി ഒരു വിപുലമായ പദ്ധതി ആരംഭിച്ചിട്ടുണ്ടായിരിക്കണം. ജൂതന്മാരുടെ ബന്ധുക്കളായ(ജീവനിട്ടുവന്ന)അവരിൽ മിക്കവരും ഹദ്റത്ത് ഈസാ(അ)യെ അനുഗമിക്കുകയും അദ്ദേഹം അവർക്കുവേണ്ടി നിരവധി പട്ടണങ്ങളിൽ പൊതുയോഗം സംഘടിപ്പിക്കുകയും നിരവധി ആളുകൾ അവരുടെ ഭാഷണം താല്പര്യത്തോടും ഔത്സുക്യത്തോടും ശ്രവിച്ചിരിക്കുകയും ചെയ്തിട്ടുണ്ടായിരിക്കും. ഒരു മൃതദേഹം എണീറ്റുനിന്നു സദസ്യരെ സംബോധന ചെയ്യുമ്പോൾ, അല്ലയോ എനിക്ക് മുമ്പിലിരിക്കുന്നവരേ, ഇവിടെ സന്നിഹിതരായ നിരവധി ആളുകൾ ഈ സമയം എന്നെ തിരിച്ചറിഞ്ഞിരിക്കും, നിങ്ങളുടെ സ്വന്തം കൈകൾ കൊണ്ടാണല്ലോ എന്നെ മറമാടിയത്, ഇപ്പോൾ ഞാൻ നിങ്ങളുടെ മുമ്പിൽ വന്നിരിക്കുന്നത് യേശുമിശിഹാ സത്യവാനാണെന്ന് ദൈവത്തിന്റെ വായിൽനിന്നു കേട്ടുകൊണ്ടാണ്. അദ്ദേഹം തന്നെയാണ് എന്നെ പുനരുജ്ജീവിപ്പിച്ചതും! അങ്ങനെ അതിന് അത്ഭുതകരമായ ഫലമുണ്ടായിരിക്കേണ്ടതാണ്. മരിച്ചവരിൽനിന്നുള്ള അത്തരം പ്രഭാഷണം ജൂതരാഷ്ട്രത്തിലെ ജനങ്ങളുടെ ഹൃദയങ്ങളിൽ വമ്പിച്ച സ്വാധീനം ചെലുത്തിയിട്ടുണ്ടാവുമെന്നുള്ളത് വ്യക്തമാണ്. ആയിരോപിആയിരം ജൂതന്മാർ വിശ്വസിച്ചിട്ടുണ്ടാകും. എന്നിട്ടും വിശുദ്ധഖുർആനും സുവിശേഷങ്ങളും തറപ്പിച്ചു പറയുന്നത് ജൂതന്മാർ അദ്ദേഹത്തെ പൂർണമായും നിരാകരിച്ചുവെന്നാണ്. ആത്മീയ പരിഷ്കരണത്തിൽ പ്രവാചകന്മാരിൽ ഏറ്റവും കുറഞ്ഞ വിജയം വരിച്ചത് ഹദ്റത്ത് ഈസാ(അ) ആണ്. ജൂതന്മാരിൽ മിക്കവാറും എല്ലാവരും അദ്ദേഹത്തെ വഞ്ചകനും കള്ളവാദിയും ആയാണ് കണക്കാക്കിയിരുന്നത്.

അല്ലയോ ബുദ്ധിമാന്മാരേ! ഇതിനെക്കുറിച്ചു ചിന്തിക്കുക. ഇത് പരമോന്നതവും ഉന്നതവുമായ ഒരു അത്ഭുതത്തിന്റെ ഫലമാണോ? ആയിരക്കണക്കിന് പുനരുജ്ജീവിക്കപ്പെട്ട മൃതദേഹങ്ങൾ ഹദ്റത്ത് ഈസാ(അ)യുടെ സത്യത്തിനു സാക്ഷ്യം വഹിച്ചുവെന്നു കരുതുക– ഹദ്റത്ത് ഈസാ(അ)യെ അനുഗമിച്ച ക്രിസ്ത്യാനികൾ മാത്രമാണ് സ്വർഗാവകാശികൾ എന്നു ഉറപ്പിച്ചാലും, അദ്ദേഹത്തെ നിരാകരിച്ച ജൂതന്മാരാൽ നരകം നിറക്കപ്പെട്ടുവെന്നുവന്നാലും– ഈ എല്ലാ സാക്ഷ്യങ്ങൾക്കും ശേഷം ഹദ്റത്ത് ഈസാ(അ)യുടെ സത്യതയിൽ ആർക്കാണ് അല്പമെങ്കിലും സന്ദേഹമുണ്ടാവുക? ഇനി ആരെങ്കിലും സംശയിക്കുകയാണെങ്കിൽ അദ്ദേഹത്തിന്റെ പുനരുജ്ജീവിപ്പിക്കപ്പെട്ട മുൻഗാമികൾ, ‘ഓ നശിച്ചവരേ, ഞങ്ങളുടെ സാക്ഷ്യത്തിനുശേഷവും നിങ്ങൾ സംശയിക്കുന്നോ?’ എന്ന് പറഞ്ഞുകൊണ്ട് അവരെ വധിക്കുമായിരുന്നില്ലേ? അതുകൊണ്ട്, പൂർണബോധ്യത്തോടെ മനസ്സിലാക്കുക, അത്തരം അത്ഭുതങ്ങൾ വെറും കെട്ടുകഥകളാണ്. ‘അത്ഭുതം’ എന്ന പ്രതിഭാസത്തിൽ സംശയമില്ല. പക്ഷേ, അത് ഞാൻ ഇനി വിശദമായി വിവരിക്കുന്നതിനും ഒരു പരിധിയുണ്ട്.

വിശുദ്ധഖുർആന്റെ അധ്യാപനങ്ങൾക്കെതിരായി മുസ്‌ലിംകളും ഇത്തരം അത്ഭുതകൃത്യങ്ങൾ ഹദ്റത്ത് ഈസായിൽ ചുമത്തുന്നുവെന്നത് പരിതാപകരമാണ്. അന്ത്യസ്ഥാനത്തേക്ക് നയിക്കുന്ന പാതയിലേക്കാണ് അവർ സഞ്ചരിക്കുന്നത്. അവർ ഹദ്റത്ത് ഈസാ(അ)യെ സംബന്ധിച്ച പഴയ ക്രിസ്തീയ കഥകളിൽ വിശ്വസിക്കുന്നതുവരെ പോകുന്നുവെന്നു മാത്രമല്ല അവർ വിശ്വസിക്കുന്നത് ഭാവിയിലും–മുഴുലോകത്തിന്റെയും അനുഭവത്തിനെതിരായി അദ്ദേഹം ആകാശത്തുനിന്ന് ഏതു നിമിഷവും ഇറങ്ങുമെന്നുമാണ്. അത് അവസാനകാലത്താണെന്ന് അവർ അവകാശപ്പെടുന്നു. (ലോകത്തിന്റെ വയസ്സനുസരിച്ച് (ഏഴായിരം വർഷം) അവസാനകാലം ഇപ്പോഴാണ്) ഹദ്റത്ത് ഈസാ(അ) മലക്കുകളോടൊപ്പം ഇറങ്ങുന്നത് മഹത്തായ ഒരു കാഴ്ചയായിരിക്കും. ലക്ഷക്കണക്കിനാളുകളുടെ ഒരു കൂട്ടം ആകാശത്തേക്ക് കണ്ണുംനട്ടിരിക്കും. വിദൂരത്തുനിന്നും ആളുകൾ ‘അദ്ദേഹം വന്നിരിക്കുന്നു, അദ്ദേഹം വന്നിരിക്കുന്നു’ എന്നു വിളിച്ചുപറഞ്ഞുകൊണ്ടിരിക്കെ ഹദ്റത്ത് ഈസാ(അ) ഡമാസ്കസിനു സമീപമുള്ള വെള്ള മിനാരത്തിനടുത്ത് ഇറങ്ങും. എങ്കിലും, വിസ്മയാവഹമായ ഈ ഗുണവിശേഷം ദുർബലനും വിനയാന്വിതനുമായ ഒരു മനുഷ്യന്റെ മേലാണ് ഇത് ആരോപിക്കുന്നതെന്നതാണ്. അദ്ദേഹത്തിന് തന്റെ പ്രവാചകത്വത്തിന് തെളിവായി പ്രവാചകനായ ഇൽയാസ്(അ)നെ ലോകത്തേക്ക് മടക്കിക്കൊണ്ടുവരാൻ സാധിച്ചില്ല. അതുകൂടാതെ അദ്ദേഹം കുരിശിൽ തൂക്കപ്പെടുകയും ചെയ്തു. ഇങ്ങനത്തെ പ്രതിഭാസങ്ങൾ അദ്ദേഹത്തെക്കുറിച്ച് അദ്ദേഹവുമായി ബന്ധപ്പെടുത്തി പറയപ്പെടുകയും ചെയ്യുന്നു. അത്തരം കഥകൾ സ്വീകാരയോഗ്യമാണെങ്കിൽ ഹദ്റത്ത് സയ്യിദ് അബ്ദുൽ ഖാദിർ ജീലാനിയുടെ മുഅ്ജിസ (അത് ജനങ്ങൾക്കിടയിൽ പ്രസിദ്ധവുമാണ്) അവർ നിഷേധിക്കുന്നതെന്തുകൊണ്ടാണ്? പന്ത്രണ്ട് വർഷം മുമ്പേ ഒരു വിവാഹപാർട്ടി സഞ്ചരിച്ചിരുന്ന ബോട്ട് കടലിൽ മുങ്ങിപ്പോയിരുന്നു. അദ്ദേഹം കടലിന്നടിയിൽനിന്ന് അത് വലിച്ചെടുക്കുകയും അതിലുള്ളവരെല്ലാം പുനരുജ്ജീവിക്കുകയും ചെയ്തു. ബോട്ടു മുങ്ങുന്ന സമയത്ത് അവർ ആഹ്ലാദിച്ചിരുന്നപോലെയും വാദ്യമേളങ്ങൾ കൊട്ടിയപോലെയും കൊട്ടുകയും ചെയ്തു. അതേപ്രകാരം വേറൊരു മുഅ്ജിസത്തിൽ മരണത്തിന്റെ മലക്ക് അദ്ദേഹത്തിന്റെ അനുയായികളിലൊരാളുടെ ജീവൻ അദ്ദേഹത്തിന്റെ സമ്മതം കൂടാതെ പിടിച്ചെടുത്തു. അദ്ദേഹം ഇതറിഞ്ഞപ്പോൾ ഉടൻ ആകാശത്തേക്ക് പറന്നുയരുകയും ആ മലക്കിനെ കീഴടക്കി തന്റെ കൈയിലുണ്ടായിരുന്ന വടികൊണ്ട് അടിക്കുകയും മലക്കിന്റെ കാലൊടിക്കുകയും ചെയ്തു. അങ്ങനെ അന്ന് ആ മലക്ക് പിടിച്ചെടുത്ത എല്ലാ ആത്മാക്കളും സ്വതന്ത്രമാക്കപ്പെടുകയും പുനരുജ്ജീവിക്കുകയും ചെയ്തു. മലക്ക് കണ്ണീരോടെ സർവ്വശക്തനായ അല്ലാഹുവിനോട് പരാതിപ്പെട്ടു. സർവ്വശക്തനായ അല്ലാഹു പറഞ്ഞു: അബ്ദുൽ ഖാദിർ ജീലാനി മഹ്ബൂബിയ്യത്തിന്റെ സ്ഥാനമുള്ള ആളാണ്. (ദൈവത്തിന്റെ ഇഷ്ടദാസനാണ്). അതുകൊണ്ട് അദ്ദേഹത്തിന്റെ വഴിയിൽ തടസ്സം സൃഷ്ടിക്കാൻ കഴിയില്ല. മരിച്ചുപോയ ഏതെങ്കിലും ആളുകളെ അദ്ദേഹം പുനരുജ്ജീവിപ്പിച്ചിട്ടുണ്ടെങ്കിൽ അദ്ദേഹത്തിനതിനുള്ള അർഹതയുണ്ട്.’ അപ്പോൾ, വളരെ പ്രചാരപ്പെട്ട ഇത്തരം അത്ഭുതങ്ങൾ സ്വീകരിക്കപ്പെട്ടിട്ടില്ലെങ്കിൽ എന്തുകൊണ്ടാണ് അത്തരം വിവരണങ്ങൾ–അവ വിശുദ്ധഖുർആന്റെ അധ്യാപനത്തിന് എതിരായിരുന്നിട്ടും യേശുവിനെ ആരാധിക്കുന്നത് ശിർക്കിനെ സഹായിക്കുന്നതായിരുന്നിട്ടും ഒരു മനുഷ്യനെ ആരാധിക്കുന്നതിന് ആരോപിക്കപ്പെടുന്നതിനാൽ 400 മില്യൺ ജനങ്ങളെ സർവ്വശക്തനായ അല്ലാഹുവിന്റെ– തൗഹീദി (ഏകത്വം)ൽനിന്ന് അകറ്റിക്കളഞ്ഞത്? മറ്റു പ്രവാചകന്മാരെ അപേക്ഷിച്ച് എന്തു മേൽക്കോയ്മ അഥവാ അതുല്യതയാണ് ഈസബ്നു മർയമിന് (മർയമിന്റെ മകൻ ഈസാക്ക്) ഉള്ളതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. അതിന്റെ ഫലമായി അദ്ദേഹത്തിന് അസാമാന്യമായി തെറ്റായ വിധം ശിർക്കിന്റെ അടിസ്ഥാനത്തിന് കാരണമായ അതുല്യത എങ്ങനെയാണ് നല്കുക? ജനങ്ങളുടെ വിശാലമായ രാഷ്ട്രംതന്നെ അതുമുഖേന നശിപ്പിക്കപ്പെട്ടിരിക്കുന്നു. കഷ്ടംതന്നെ! തികച്ചും കറ്റു

( ശേഷം പേജ് 11ൽ)

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:–**

**‘അല്ലാഹുവിന്റെ കാരുണ്യത്തെ ആകർഷിച്ചെടുക്കുന്നതിനും
മലക്കുകളുടെ വലയത്തിനുള്ളിൽ വരുന്നതിനും,
നമ്മളിൽ ഓരോരുത്തരും വിശുദ്ധഖുർആൻ പഠിക്കുകയും
അത് മനസ്സിലാക്കുകയും നമ്മുടെ മക്കളെ പഠിപ്പിക്കുകയും
നിത്യവും ഖുർആൻ പാരായണം ചെയ്യാൻ
അവരെ ഉപദേശിക്കുകയും ചെയ്യേണ്ടത് നിർബന്ധമാണ്.’
(ഖുത്ബാത്തെ മസ്റൂർ, വാള്യം 3, പേജ് 565)**

**ത്വാലിബെ ദുആ:**
**M.K. Abdul Azeez & Family, Ahmadiyya Jama-ath Mannarkad(Kerala)**

## ഖുത്ബ ജുമുഅ

**“അവിശ്വാസികളുടെ മനസ്സുകളിൽ അല്ലാഹു അധികാരപ്പെടുത്തിയ അവന്റെ പ്രതാപമായിരുന്നു ഇത്.”**

“അല്ലാഹുവിനെ ആരാണോ സഹായിക്കുന്നത് അവനെ അല്ലാഹു സഹായിക്കുന്നു.
അവനെ നിഷേധിക്കുന്നവനെ അവൻ നിന്ദിക്കുന്നു.”

ആത്മാർഥതയുടേയും കൂറിന്റേയും ആൾരൂപമായ നബി(സ)തിരുമേനിയുടെ ബദ്‌റിൽ പങ്കെടുത്ത സ്വഹാബിമാരായ ഹദ്‌റത്ത് ഉബയ്ദ് ബിൻ അബൂ ഉബയ്ദ് അൻസ്വാരി ഔസീ, ഹദ്‌റത്ത് അബ്ദുല്ലാഹ് ബിൻ നുഅ്മാൻ ബിൻ ബൽദമ, ഹദ്‌റത്ത് അബ്ദുല്ലാ ബിൻ ഉമയ്ർ, ഹദ്‌റത്ത് അംറ് ബിൻ ഹാരിഥ്, ഹദ്‌റത്ത് അബ്ദുല്ലാ ബിൻ കഅ്ബ്, ഹദ്‌റത്ത് അബ്ദുല്ലാ ബിൻ ഖയ്സ്, ഹദ്‌റത്ത് സലമ ബിൻ അസ്‌ലം, ഹദ്‌റത്ത് ഉഖ്ബ ബിൻ ഉഥ്മാൻ, ഹദ്‌റത്ത് അബ്ദുല്ലാ ബിൻ സഹ്ൽ, ഹദ്‌റത്ത് ഉത്ബ ബിൻ റബീആ (റളിയല്ലാഹു അൻഹും വർളൂ അൻഹു)എന്നിവരുടെ അനുഗൃഹീത ജീവചരിത്ര വിവരണം

ഹദ്‌റത്ത് സാഹിബ് സാദ മിർസാ ബശീർ അഹ്മദ് സാഹിബ്(റ)ന്റെ ദൗഹിത്രിയും ഹദ്‌റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലായുടെ മാതൃസഹോദരൻ സാഹിബ് സാദ മിർസാ അൻവർ അഹ്മദ് സാഹിബിന്റെ ഭാര്യയുമായ സാഹിബ് സാദി സ്വബീഹ ബീഗം സാഹിബയെ കുറിച്ചുള്ള അനുസ്മരണവും ജുമുഅ നമസ്കാരത്തിനുശേഷം ജനാസ ഗാഇബും

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്‌റത്ത് മിർസാ മസ്‌റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്**

**ഖുത്ബ 2019 മെയ് 03/1398 ഹിജ്റത്ത് 03**
**മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ് ലണ്ടൻ**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- الرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ-
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

**ഹദ്‌റത്ത് ഉബയ്ദ് ബിൻ അബൂ ഉബയ്ദ് അൻസ്വാരി(റ)**: ഇന്ന് ഞാൻ വിവരിക്കുന്ന ബദ്‌രി സ്വഹാബിമാരിൽ ആദ്യത്തെ സ്വഹാബിയുടെ പേര് ഹദ്‌റത്ത് ഉബയ്ദ് എന്നാണ്. അദ്ദേഹത്തിന്റെ പൂർണനാമം ഹദ്‌റത്ത് ഉബയ്ദ് ബിൻ അബൂ ഉബയ്ദ് അൻസ്വാരി ഔസീ എന്നാണ്. നബി(സ)തിരുമേനിയുടെ കൂടെ ഹദ്‌റത്ത് ഉബയ്ദ് ബദ്ർ, ഉഹുദ്, ഖൻദഖ് യുദ്ധങ്ങളിൽ പങ്കെടുത്തിരുന്നു. (ഉസുദുൽ ഗാബ, ഫീ മഅ്രിഫത്തിസ്സ്വഹാബ, ഭാഗം 3, പേജ് 538–539, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003). (അസ്സീറത്തുന്നബ്‌വിയ്യ ലി ഇബ്നി ഹിശാം പേജ് 465, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 2001).(അത്ത്വബക്കാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ്, ഭാഗം 3, പേജ് 243, പ്രസാധകർ ദാറു അൽ അഹ്‌യാഉത്തുറാഥ്, ബേറൂത്ത്, ലബ്നാൻ 1996). ഇദ്ദേഹത്തെ കുറിച്ച് ഇതല്ലാതെ വേറെ വിവരമൊന്നുമില്ല.

**ഹദ്‌റത്ത് ഉബയ്ദുല്ലാഹ് ബിൻ നുഅ്മാൻ ബിൻ ബൽദമ(റ):** രണ്ടാമതായി ഞാൻ വിവരിക്കുന്ന സ്വഹാബിയുടെ പേര് ഹദ്‌റത്ത് ഉബയ്ദുല്ലാഹ് ബിൻ നുഅ്മാൻ ബിൻ ബൽദമ എന്നാണ്. ഹദ്‌റത്ത് അബ്ദുല്ലായുടെ പിതാമഹന്റെ പേര് ബൽദമ അല്ലെങ്കിൽ ബൽസമ എന്ന് പറയപ്പെടുന്നു. ഹദ്‌റത്ത് അബ്ദുല്ലാ ബിൻ നുഅ്മാന്റെ ബന്ധം അൻസ്വാറിന്റെ ഗോത്രമായ ഹദ്‌റജിന്റെ കുടുംബം ബനൂ ഖന്നാസാകുന്നു.(അസ്സീറത്തുന്നബ്‌വിയ്യ ലി ഇബ്നി ഹിശാം പേജ് 471, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2001). (അൽ ഇസ്വാബ ഫീ തമീസിസ്സ്വഹാബ ഭാഗം 4, പേജ് 213, അബ്ദുല്ലാ ബിൻ അന്നുഅ്മാൻ (റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്, ലബ്നാൻ 2005).

ഹദ്‌റത്ത് അബ്ദുല്ലാ ബിൻ നുഅ്മാൻ, ഹദ്‌റത്ത് അബൂ ഖതാദയുടെ പിതൃസഹോദരനായിരുന്നു. അദ്ദേഹത്തിന്ന് ബദ്ർ യുദ്ധത്തിലും ഉഹുദ് യുദ്ധത്തിലും പങ്കെടുക്കുവാനുള്ള ഭാഗ്യമുണ്ടായി. (അത്ത്വബക്കാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ്, ഭാഗം 3, പേജ് 293, പ്രസാധകർ ദാറു അഹ്‌യാഉത്തുറാഥ്, അൽഅറബി ബേറൂത്ത്, 1996).

**ഹദ്‌റത്ത് അബ്ദുല്ലാ ബിൻ ഉമയ്ർ(റ):** അടുത്തതായി പറയാൻപോകുന്ന സ്വഹാബിയുടെ പേര് ഹദ്‌റത്ത് അബ്ദുല്ലാ ബിൻ ഉമയ്ർ(റ)എന്നാണ്. ബനൂജദാറയുമായിട്ടായിരുന്നു ഹദ്‌റത്ത് അബ്ദുല്ലാഹ് ബിൻ ഉമയ്റിന്റെ ബന്ധം. അദ്ദേഹം ബദ്ർ യുദ്ധത്തിൽ പങ്കെടുത്തിരുന്നു. ഒരു അഭിപ്രായമനുസരിച്ച് അദ്ദേഹത്തിന്റെ പിതാവിന്റെ പേര് ഉമയ്ർ എന്നല്ല ഉബയ്ദ് എന്നാണെന്നും പറഞ്ഞിരിക്കുന്നു. ഇപ്രകാരം ചിലർ അദ്ദേഹത്തിന്റെ പിതാമഹന്റെ പേര് അദിയ്യ് എന്ന് പറഞ്ഞിരിക്കുന്നു. ചിലർ ഹാരിഥ എന്നും പറഞ്ഞിട്ടുണ്ട്. ഇബ്നുഹിശാം അദ്ദേഹത്തിന്റെ ഗോത്രം ബനൂജദാറ എന്ന് പറഞ്ഞിരിക്കുന്നു. എന്നാൽ, ഇബ്നു ഇസ്ഹാഖ് പറഞ്ഞിട്ടുള്ളത് ബനൂ ഹാരിഥയാണെന്നാണ്.(അസ്സീറത്തുന്നബ്‌വിയ്യ ലി ഇബ്നി ഹിശാം പേജ് 467, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2001).(അത്ത്വബക്കാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ്, ഭാഗം 3, പേജ് 277, അബ്ദുല്ലാഹ് ബിൻ ഉമയ്ർ, പ്രസാധകർ ദാറു അഹ്‌യാഉത്തുറാഥ് അൽഅറബി,ബേറൂത്ത്, 1996). (അൽ ഇസ്വാബ ഫീ തമീസി സ്സ്വഹാബ ഭാഗം 4, പേജ് 172, അബ്ദുല്ലാ ബിൻ ഉമയ്ർ (റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്, 2005). ഇരുവരും ചരിത്രകാരന്മാരാണ്.

**ഹദ്‌റത്ത് അംറ് ബിൻ ഹാരിഥ്(റ):** ഇനി ഞാൻ വിവരിക്കാൻ പോകുന്ന സ്വഹാബിയുടെ പേര് ഹദ്‌റത്ത് അംറ് ബിൻ ഹാരിഥ്(റ)എന്നാണ്. ഹദ്‌റത്ത് അംറിന്റെ ബന്ധം ബനൂഹാരിഥ ഗോത്രവുമായിട്ടായിരുന്നു. ചിലർ അദ്ദേഹത്തിന്റെ പേര് അംറ് എന്ന് പറഞ്ഞിട്ടുണ്ട്. മറ്റു ചിലർ ആമിർ എന്നും പറഞ്ഞിരിക്കുന്നു. അദ്ദേഹത്തിന്റെ സംജ്ഞാനാമം അബൂ നാഫിഅ് എന്നായിരുന്നു. ഹദ്‌റത്ത് അംറ് ആരംഭകാലത്തു തന്നെ മക്കയിൽ ഇസ്‌ലാം സ്വീകരിച്ചിരുന്നു. രണ്ടാം ഹബ്ശ ഹിജ്റത്തിൽ അദ്ദേഹവും ഉണ്ടായിരുന്നു. ബദ്ർ യുദ്ധത്തിൽ പങ്കെടുക്കുവാനുള്ള ഭാഗ്യം അദ്ദേഹത്തിനു ലഭിച്ചു. (അസ്സീറത്തുന്നബ്‌വിയ്യ ലി ഇബ്നി ഹിശാം പേജ് 463, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2001).(അൽഇസ്തീആബ് ഫീ മഅ്രിഫത്തിസ്സ്വഹാബ വാള്യം 3, പേജ് 255, അംറ് ബിൻ ഹാരിഥ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2002)(ഉസുദുൽ ഗാബ, ഫീ മഅ്രിഫത്തിസ്സ്വഹാബ, ഭാഗം 4, പേജ് 197, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2008).

**ഹദ്‌റത്ത് അബ്ദുല്ലാഹ് ബിൻ കഅ്ബ്(റ):** അടുത്തതായി വിവരിക്കുന്ന സ്വഹാബിയുടെ പേര് ഹദ്‌റത്ത് അബ്ദുല്ലാഹ് ബിൻ കഅ്ബ്(റ) എന്നാണ്. ഹദ്‌റത്ത് അബ്ദുല്ലാഹ് ബിൻ കഅ്ബ്(റ) ബനൂ മാസിൻ ഗോത്രത്തിൽനിന്നുള്ള ആളായിരുന്നു. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് കഅ്ബ് ബിൻ അംറ് എന്നും മാതാവിന്റെ പേര് റുബാബ ബിൻത് അബ്ദുല്ലാ എന്നുമായിരുന്നു. ഇദ്ദേഹം ഹദ്‌റത്ത് അബൂലയ്‌ലാ മാസനീ(റ)യുടെ സഹോദരനായിരുന്നു. ഹദ്‌റത്ത് അബ്ദുല്ലാഹ് ബിൻ കഅ്ബ്(റ)ന്റെ ഒരു മകന്റെ പേര് ഹാരിഥ് എന്നായിരുന്നു. അദ്ദേഹം റുഗയ്ബിയ ബിൻത് ഔസിൽനിന്നാണ് ജനിച്ചത്. ഹദ്‌റത്ത് അബ്ദുല്ലാഹ് ബിൻ കഅ്ബ്(റ) ബദ്ർ യുദ്ധത്തിൽ പങ്കെടുത്തിരുന്നു. ബദ്ർ യുദ്ധ ദിവസം നബി(സ)തിരുമേനി അദ്ദേഹത്തെ ഗനീമത്തുമുതലിന്റെ (യുദ്ധമുതലുകൾ) മേൽനോട്ടക്കാരനായി നിശ്ചയിച്ചിരുന്നു. അതുകൂടാതെ മറ്റവസരങ്ങളിലും നബി(സ)തിരുമേനിയുടെ സ്വത്തിന്റെ മേൽനോട്ടം വഹിക്കുവാനുള്ള ഭാഗ്യവുമുണ്ടായിട്ടുണ്ട്. ഉഹുദ്, ഖൻദഖ് കൂടാതെ മറ്റെല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയുടെ കൂടെ പങ്കെടുത്തു. ഹദ്‌റത്ത് അബ്ദുല്ലാഹ് ബിൻ കഅ്ബ്(റ) വഫാത്തായത് മദീനയിൽ ഹദ്‌റത്ത് ഉഥ്മാന്റെ ഖിലാഫത്തു കാലത്ത് ഹിജ്റ 33ലാണ്. ഹദ്‌റത്ത് ഉഥ്മാൻ(റ) അദ്ദേഹത്തിന്റെ ജനാസ നമസ്കരിപ്പിച്ചു. അദ്ദേഹത്തിന്റെ സംജ്ഞാനാമം അബൂ ഹാരിഥ് എന്നതുകൂടാതെ അബൂ യഹ്‌യാ എന്നും വിവരിക്കപ്പെടുന്നു. (അസ്സീറത്തുന്നബ്‌വിയ്യ ലി ഇബ്നി ഹിശാം പേജ് 475, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2001).(അത്ത്വബക്കാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ്, ഭാഗം 3, പേജ് 268, അബ്ദു

ല്ലാഹ് ബിൻ കഅ്ബ് ബിൻ അംറ്, പ്രസാധകർ ദാറു അഹ്‌യാഉത്തുറാഥ് അൽഅറബി ബേറൂത്ത്, ലബ്നാൻ 1996).(അൽഇസ്തീആബ് ഫീ മഅ്രിഫത്തിസ്സ്വഹാബ വാള്യം 3, പേജ് 105, അബ്ദുല്ലാഹ് ബിൻ കഅ്ബ് അൽമാസിനീ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 2002)(ഉസുദുൽ ഗാബ, ഫീ മഅ്രിഫത്തിസ്സ്വഹാബ, ഭാഗം 3, പേജ് 370, അബ്ദുല്ലാഹ് ബിൻ കഅ്ബ് ബിൻ അംറ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 2008).

**ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഖയ്സ്(റ):** അടുത്ത സ്വാഹാബിയുടെ പേര് ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഖയ്സ് എന്നാണ്. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഖയ്സ് ബനൂനജ്ജാർ ഗോത്രത്തിൽപ്പെട്ടയാളായിരുന്നു. അദ്ദേഹത്തിന്റെ പിതാമഹന്റെ പേര് ജീവചരിത്രഗ്രന്ഥങ്ങളിലും ചരിത്രഗ്രന്ഥങ്ങളിലും അധികവും കാണുന്നത് ഖാലിദ് എന്നാണ്. എങ്കിലും ത്വബക്കാത്തുൽകുബ്റായിൽ അദ്ദേഹത്തിന്റെ പേര് ഖുല്ലദ് എന്നെഴുതിയിരിക്കുന്നു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഖയ്സിന്റെ മകന്റെ പേര് അബ്ദുർറഹ്മാൻ എന്നും മകളുടെ പേര് ഉമയ്റ എന്നും രേഖപ്പെടുത്തിയിരിക്കുന്നു. ഇവരിരുവരുടേയും മാതാവിന്റെ പേര് സുആദ് ബിൻത് ഖയ്സ് എന്നായിരുന്നു. ഇവർക്കു പുറമെ അദ്ദേഹത്തിന് മറ്റൊരു മകളുമുണ്ടായിരുന്നു. അവരുടെ പേര് ഉമ്മു അഉൻ എന്നായിരുന്നു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഖയ്സ് ബദ്ർ യുദ്ധത്തിലും ഉഹുദ് യുദ്ധത്തിലും പങ്കെടുത്തു. അബ്ദുല്ലാഹ് ബിൻ മുഹമ്മദ് ബിൻ ഉമ്മാറ അൻസ്വാരിയുടെ അഭിപ്രായത്തിൽ അദ്ദേഹം ഉഹുദ് യുദ്ധത്തിൽ ശഹീദായി. മറ്റു അഭിപ്രായമനുസരിച്ച് അദ്ദേഹം ഉഹുദ് യുദ്ധത്തിൽ ശഹീദായിട്ടില്ല. പ്രത്യുത അദ്ദേഹം ജീവിച്ചിരുന്നു. നബി(സ)തിരുമേനിയോടൊപ്പം എല്ലാ യുദ്ധങ്ങളിലും അദ്ദേഹം പങ്കെടുക്കുകയും ഹദ്റത്ത് ഉഥ്മാന്റെ ഖിലാഫത്തു കാലത്തു വഫാത്താകുകയും ചെയ്തു. (അസ്സീറത്തുന്നബ്‌വിയ്യ ലി ഇബ്നി ഹിശാം, പേജ് 474, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2001).(അത്ത്വബക്കാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ്, ഭാഗം 3, പേജ് 258, അബ്ദുല്ലാഹ് ബിൻ ഖയ്സ്, പ്രസാധകർ ദാറു അഹ്‌യാഉത്തുറാഥ് അൽഅറബി ബേറൂത്ത്, ലബ്നാൻ 1996).

വിവിധ ചരിത്രഗ്രന്ഥങ്ങളിൽ ചിലയിടത്ത് അഭിപ്രായ ഭിന്നത ഉണ്ടാകാറുണ്ട്. അതുകൊണ്ടാണ് ഞാൻ വിവരിക്കുന്നത്

**ഹദ്റത്ത് സലമ ബിൻ അസ്‌ലം(റ):** അടുത്തതായി വിവരിക്കുന്ന സ്വഹാബിയുടെ പേരാണ് ഹദ്റത്ത് സലമ ബിൻ അസ്‌ലം(റ). ഹദ്റത്ത് സലമ ബിൻ അസ്‌ലം(റ) ബനൂ ഹാരിഥഃ ബിൻ ഹാരിഥ് ഗോത്രത്തിൽനിന്നുള്ളയാളാണ്. അദ്ദേഹത്തിന്റെ പിതാവിന്റേപേര് അസ്‌ലം എന്നായിരുന്നു. ഒരു അഭിപ്രായമനുസരിച്ച് അദ്ദേഹത്തിന്റെ പിതാമഹന്റെ പേര് ഹരീശ് എന്നായിരുന്നു. മറ്റു അഭിപ്രായമനുസരിച്ച് ഹരീസ് എന്നായിരുന്നു. അദ്ദേഹത്തിന്റെ സംജ്ഞാനാമം അബൂസഅ്ദ് എന്നായിരുന്നു. (അസ്സീറത്തുന്നബ്‌വിയ്യ ലി ഇബ്നി ഹിശാം, പേജ് 464, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2001).(അൽഇസ്തീആബ് ഫീ മഅ്രിഫത്തിസ്സ്വഹാബ വാള്യം 2, പേജ് 198, ഹദ്റത്ത് സലമ ബിൻ അസ്‌ലം, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 2002)(ഉസുദുൽ ഗാബ, ഫീ മഅ്രിഫത്തിസ്സ്വഹാബ, ഭാഗം 2, പേജ് 516, ഹദ്റത്ത് സലമ ബിൻ അസ്‌ലം, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 2008).

ഹദ്റത്ത് സലമ ബിൻ അസ്‌ലമിന്റെ മാതാവിന്റെ പേര് സുആദ ബിൻത് റാഫിഅ് എന്നായിരുന്നു. ഹദ്റത്ത് സലമ ബിൻ അസ്‌ലം ബദ്ർ, ഉഹുദ്, ഖൻദഖ് തുടങ്ങി എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തു. ബദ്ർ യുദ്ധത്തിൽ ഇദ്ദേഹമാണ് സ്വാഇബ് ബിൻ ഉബയ്ദിനെയും നുഅ്മാൻ ബിൻ അംറിനേയും ബന്ദികളാക്കിയത്. ഹദ്റത്ത് സലമ ബിൻ അസ്‌ലം, ഹദ്റത്ത് ഉമറിന്റെ ഖിലാഫത്തു കാലത്ത് ഫുറാത്ത് നദിക്കരയിൽ നടന്ന ജിസ്ർ യുദ്ധത്തിൽ ശഹീദായി. ജിസ്ർ യുദ്ധത്തെ കുറിച്ചുള്ള വിശദീകരണം കഴിഞ്ഞ ഖുത്ബയിൽ ഞാൻ നല്കി കഴിഞ്ഞിട്ടുള്ളതാണ്. മുസ്‌ലിമീംകളുടേയും ഇറാനികളുടേയും ഇടയിൽ നടന്ന വൻ യുദ്ധമായിരുന്നു അത്. ജിസ്ർ പാലത്തിനാണ് പറയുന്നത്. നദിക്കു കുറുകെ ഒരു പാലമുണ്ടാക്കി. അതുകൊണ്ടാണ് ജിസ്ർ എന്ന പേരുവന്നത്. പിന്നീട് അതുമാർഗം മുസ്‌ലിമീംകൾ മറ്റു പ്രദേശത്തും പോകാറുണ്ടായിരുന്നു. ഈ യുദ്ധത്തിൽ ഇറാനികൾ ആനപ്പടയേയും കൊണ്ടുവന്നിരുന്നു. ഇരുകക്ഷികൾക്കും ധാരാളം നഷ്ടമുണ്ടായി. മുസ്‌ലിമീംകൾക്ക് പ്രത്യേകിച്ചും ഒട്ടനവധി നഷ്ടങ്ങളാണുണ്ടായത്. വിവിധ നിവേദനങ്ങളിലെ വിവിധ അഭിപ്രായങ്ങൾ വെച്ചുനോക്കുമ്പോൾ ഏറ്റക്കുറച്ചിലോടെ അദ്ദേഹം മരിക്കുമ്പോൾ അദ്ദേഹത്തിന് 38 വയസായിരുന്നു.(അത്ത്വബക്കാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ്, ഭാഗം 3, പേജ് 236, സലമ ബിൻ അസ്‌ലം, പ്രസാധകർ ദാറു അഹ്‌യാഉത്തുറാഥ് അൽഅറബി ബേറൂത്ത്, ലബ്നാൻ 1996). (അൽ ഇസ്വാബ ഫീ തമീസി സ്സ്വഹാബ ലി ഇബ്നി ഹജ്ർ അസഖലാനി വാള്യം 3, പേജ് 120, സലമ ബിൻ അസ്‌ലം (റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2001 2003)). (താരീഖ് ഇബ്നു ഖുൽദൂൻ തർജമ വാള്യം 3, ഭാഗം 1, പേജ് 271, ദാറുൽഇശാഅത്ത് കറാച്ചി)

അല്ലാമാ നൂറുദ്ദീൻ ഹൽബിയുടെ പ്രശസ്ത പുസ്തകമായ സീറത്ത് ഹൽബിയയിൽ ബദ്ർ യുദ്ധാവസരത്തിലുണ്ടായ നബി(സ)തിരുമേനിയുടെ ഒരു അത്ഭുത ദൃഷ്ടാന്തത്തെക്കുറിച്ചു വിവരിക്കുന്നു; അതായത് ബദ്ർ യുദ്ധത്തിൽ സലമ ബിൻ അസ്‌ലമിന്റെ വാൾ ഒടിഞ്ഞു പോയി. അപ്പോൾ നബി(സ)തിരുമേനി അദ്ദേഹത്തിന് ഈന്തപ്പനയുടെ ഒരു ദണ്ഡ് നൽകിക്കൊണ്ട് പറഞ്ഞു: ഇതുകൊണ്ട് പോരാടുക. ഹദ്റത്ത് സലമ ബിൻ അസ്‌ലം അതു കൈയിലെടുത്തതോടെ അതൊരു നല്ല വാളായി മാറുകയുണ്ടായി. പിന്നീട് അതെപ്പോഴും അദ്ദേഹത്തിന്റെ പക്കൽത്തന്നെയുണ്ടായിരുന്നു.(അസ്സീറത്തുൽ ഹൽബിയ്യ, വാള്യം പേജ് 245, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2002)

'ശർഹ് സർഖാനിയി'ലും 'ദലായിലെ നുബുവ്വത്തി'ലും ഉള്ളത് ബദ്ർ ദിവസം ഹദ്റത്ത് സലമ ബിൻ അസ്‌ലമിന്റെ വാൾ പൊട്ടിപ്പോയി. അദ്ദേഹം ആയുധമൊന്നുമില്ലാതെ ശൂന്യമായ കൈയുമായി നിന്നു. നബി(സ)തിരുമേനി ഒരു ഈത്തപ്പനതട്ട നല്കിക്കൊണ്ടു പറഞ്ഞു, ഇതുകൊണ്ട് പോരാടുക. അപ്പോൾ അതൊരു മികച്ച വാളായിത്തീർന്നു. ജിസർ യുദ്ധ ദിവസം ശഹീദാകുന്നതുവരെ അത് അദ്ദേഹത്തിന്റെ കൈയിലുണ്ടായിരുന്നു.(ശർഹ് സർഖാനീ, ഭാഗം 2, പേജ് 302, ദാറുൽകുതുബുൽ ഇൽമിയ്യ, ബേറൂത്ത് 1996)(ദലാഇലുന്നുബുവ്വത്തി ലിൽ ബയ്ഹഖ്വി, വാള്യം 3, പേജ് 99,ദാറുൽകുതുബുൽ ഇൽമിയ്യ, ബേറൂത്ത് 1988)

ഇബ്നു സഅ്ദ് ഖൻദഖ് യുദ്ധത്തെ പരാമർശിച്ചെഴുതുന്നു: ഖൻദഖ് യുദ്ധത്തിന്റെ അവസരത്തിൽ മുഹാജിരീംകളുടെ കൊടി ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥായുടെ കൈയിലായിരുന്നു. അൻസ്വാറിന്റെ കൊടി സഅ്ദ് ബിൻ ഉബാദയുടെ കൈയിലും. നബി(സ)തിരുമേനി ഹദ്റത്ത് സലമ ബിൻ അസലമിനെ 200 പേരുടെ മേൽന്നോട്ടക്കാരനാക്കി. വിവിധ പാർട്ടികളുടെ കൊടിക്കീഴിലുണ്ടായിരുന്നരുടെ മേൽന്നോട്ടക്കാരനാക്കി നിശ്ചയിച്ചു. ഹദ്റത്ത് സലമയെ 200 പേരുടെ മേൽന്നോട്ടക്കാരനാക്കിയപ്പോൾ ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥയെ 300പേരുടെ മേൽന്നോട്ടക്കാരനാക്കി. മദീനയിൽ കാവൽ കൊടുക്കുക എന്നതായിരുന്നു അവരുടെ ചുമതല; ഉറക്കെ തക്ബീർ ചൊല്ലിക്കൊണ്ടിരിക്കുക. കാരണം കുട്ടികളെ സംരക്ഷിച്ചിരുന്ന സ്ഥലത്ത് ബനൂഖുറയ്ള്വ ആക്രമണം നടത്തുമോ എന്ന ആശങ്കയുണ്ടായിരുന്നു.(ഉയൂനുൽ അഥ്ർ വാള്യം 2, പേജ് 88, ഖൻദഖ് യുദ്ധം, ദാറുൽഖലം ബേറൂത്ത് 1993)

നബി(സ)തിരുമേനിയെ വധിക്കാൻ ഒരു ഗൂഢപദ്ധതി നടന്നിരുന്നു. അതിനെ സംബന്ധിച്ച് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എഴുതുന്നു: 'അഹ്സാബ് യുദ്ധത്തിലേറ്റ അപമാനകരമായ പരാജയത്തിന്റെ ഓർമ മക്കയിലെ ഖുറയ്ശികളെ മൊത്തത്തിൽ ചൂടു പിടിപ്പിച്ചിരിക്കുകയായിരുന്നു. ഈ നെഞ്ചിനകത്തുള്ള തീച്ചൂട് സ്വാഭാവികമായും ഏറ്റവും കൂടുതൽ ഏറ്റത് മക്കയിലെ നേതാവായ അബൂസുഫിയാനായിരുന്നു. അവർക്ക് അഹ്സാബ് യുദ്ധനടപടിയിൽ അപമാനമേറ്റിരുന്നു. കുറച്ചു കാലംവരെ ആ തീ അബൂസുഫിയാന്റെയുള്ളിൽത്തന്നെ എരിഞ്ഞുകൊണ്ടിരുന്നു. ഒടുവിൽ കാര്യം സഹിക്കാവുന്നതിനുമപ്പുറമായി. ആ ഒളിഞ്ഞിരുന്ന തീയുടെ ജ്വാലകൾ പുറത്തേക്കു വമിക്കാൻ തുടങ്ങി. അതു പ്രകടമാകാൻ തുടങ്ങി. സ്വാഭാവികമായും അവിശ്വാസികളുടെ ഏറ്റവും കൂടുതൽ ശത്രുത എന്നല്ല യഥാർഥ ശത്രുത നബി(സ)തിരുമേനിയോടായിരുന്നു. അതുകൊണ്ട് ബാഹ്യമായ യുദ്ധം തന്ത്രം തുടങ്ങിയ പദ്ധതിയൊന്നും വിലപ്പോകുന്നില്ലെന്ന് കണ്ടപ്പോൾ രഹസ്യമായി എന്തെങ്കിലും പദ്ധതി ആസൂത്രണം ചെയ്തുകൂടാ എന്നയാൾ ചിന്തിച്ചു.(ഏതെങ്കിലും തന്ത്രത്തിലൂടെ അപായപ്പെടുത്തുക). ഏതെങ്കിലും രഹസ്യമായ പദ്ധതി ആസൂത്രണം ചെയ്ത് നബി(സ)തിരുമേനിയെ എന്തുകൊണ്ട് വകവരുത്തിക്കൂടാ. നബി(സ)തിരുമേനിയുടെ ചുറ്റും പ്രത്യേകിച്ച് സുരക്ഷ ഏർപാടൊന്നുമില്ലെന്ന് അയാൾക്കറിയാമായിരുന്നു. എന്നല്ല ചിലപ്പോൾ അവിടന്ന് സുരക്ഷയൊന്നും കൂടാതെ അവിടേയും ഇവിടേയുമൊക്കെ പോകാറുമുണ്ടായിരുന്നു. നഗരത്തിന്റെ ഇടവഴിയിലും മറ്റും ചുറ്റിക്കറങ്ങാറുണ്ടായിരുന്നു. മസ്ജിദ് നബ്‌വിയിൽ കുറഞ്ഞത് ദിവസം അഞ്ചുപ്രാവശ്യം നമസ്കരിക്കാൻ വരുമായിരുന്നു. യാത്രകൾ വളരെ സ്വതന്ത്രമായി ചെയ്തിരുന്നു. ഇതിനെക്കാൾ വലിയ അവസരം ഒരു വാടകകൊലയാളിക്ക് എവിടെന്ന് കിട്ടാനാണ്? ഈ വിചാരം വന്നതോടെ അബൂസുഫിയാൻ തന്റെ ഉള്ളിൽ നബി(സ)തിരുമേനിയെ വധിക്കാനുള്ള പദ്ധതി ഉറപ്പിക്കാൻ തുടങ്ങി. ദൃഢനിശ്ചയത്തോടെ ഇക്കാര്യത്തിലെത്തിയപ്പോൾ താൽപര്യത്തിനൊത്ത ഏതാനും ഖുറയ്ശി യുവാക്കളോടു അബൂസുഫിയാൻ പറഞ്ഞു, രഹസ്യമായി മദീനയിൽപോയി മുഹമ്മദി(സ)ന്റെ കഥ കഴിക്കുവാൻ വീരനായി നിങ്ങളിലാരെങ്കിലുമുണ്ടോ? മുഹമ്മദ് മദീനയുടെ തെരുവോരങ്ങളിലൂടെ സ്വതന്ത്രമായി കറങ്ങാറുണ്ടെന്നുള്ള കാര്യം നിങ്ങൾക്കറിയാമോ? ആ യുവാക്കൾ അബൂസുഫിയാന്റെ അഭിപ്രായങ്ങൾ കേട്ടുകൊണ്ട് എഴുന്നേറ്റു. അധികം താമസിയാതെ കുറച്ചു ദിവസങ്ങൾക്കകം ഒരു ബദവി യുവാവ് അബൂസുഫിയാന്റെ അടുക്കൽ വന്നുകൊണ്ടു പറ

ഞ്ഞു; ഞാൻ താങ്കളുടെ നിർദേശങ്ങളറിഞ്ഞു. ഞാനതിനു ഒരുക്കമാണ്. ഞാൻ വളരെ കഠിന ഹൃദയനും തികഞ്ഞ ഒരു മനുഷ്യനുമാകുന്നു. എന്റെ പിടിത്തം ബലാൽക്കാരവും ആക്രമണം അതിവേഗത്തിലുള്ളതുമാണ്. താങ്കളെന്നെ അതിനായി നിയമിക്കുകയും സഹായം നൽകുകയും ചെയ്യുകയാണെങ്കിൽ മുഹമ്മദിനെ(സ) വധിക്കുന്നതിനായി പുറപ്പെടാൻ ഞാനൊരുക്കമാണ്. എന്റെ കൈയിലൊരു കഠാരയുണ്ട്. അത് വേട്ടയാടുന്ന കഴുകന്റെ രഹസ്യമായ ചിറകുപോലെയിരിക്കുന്നതായിരിക്കും. അതായത് വളരെ രഹസ്യമായിരിക്കും. ഞാനത് ഒളിപ്പിച്ചു വെക്കുന്നതായിരിക്കും. ഞാൻ മുഹമ്മദിന്റെമേൽ ആക്രമണം നടത്തും. പിന്നീട് ഓടി ഏതെങ്കിലും യാത്രാ സംഘത്തോടൊപ്പം ചേരുന്നതാണ്. മുസ്‌ലിമീംകൾക്ക് എന്നെ പിടിക്കാനാവില്ല. മദീനയിലെ വഴികളും എനിക്കു നല്ല വശമാണ്. അബൂസുഫിയാൻ വളരെ സന്തോഷവാനായിക്കൊണ്ട് പറഞ്ഞു: മതിമതി, നമുക്കു യോഗ്യനായ ആൾതന്നെയാണു നീ. അങ്ങനെ അബൂസുഫിയാൻ വേഗത്തിലോടുന്ന ഒരൊട്ടകവും പാഥേയവും നൽകിക്കൊണ്ട് അയാളെ അയച്ചു. ഈ രഹസ്യം ആരോടും പറയരുതെന്നും താക്കീതും നൽകി.

അയാൾ മക്കയിൽ നിന്ന് പുറപ്പെട്ട് പകൽ പാത്തുംപതുങ്ങിയും രാത്രികളിൽ സഞ്ചരിച്ചും മദീനയിലേക്കു നീങ്ങി. ആറാം നാൾ മദീനയിലെത്തി. നബി(സ)തിരുമേനിയെ അന്വേഷിച്ചുകൊണ്ട് നേരെ ബനൂ അബ്ദിൽ അശ്ഹൽ ഗോത്രത്തിന്റെ മസ്ജിദിലെത്തിച്ചേർന്നു. നബി(സ) തിരുമേനി അപ്പോൾ അവിടെപോയിട്ടുണ്ടായിരുന്നു. ആ നാളുകളിൽ പുതിയ പുതിയ ആളുകൾ മദീനയിൽ വരുത്തുംപോക്കുമുണ്ടായിരുന്നു. അതുകൊണ്ട് ഒരു മുസ്‌ലിമിനും അയാൾ എന്തുദ്ദേശ്യത്തോടെയാണ് വന്നതിനെ സംബന്ധിച്ച് ഒരു സംശയമുണ്ടായിരുന്നില്ല. അയാൾ മസ്ജിദിൽ പ്രവേശിച്ച് നബി(സ)തിരുമേനിയുടെ നേരെ വരുന്നതുകണ്ടപ്പോൾ അവിടന്ന് പറഞ്ഞു; ഈ വ്യക്തി എന്തോ ദുരുദ്ദേശ്യവുമായിട്ടാണ് വന്നിരിക്കുന്നത്. ഇതുനബി(സ)തിരുമേനി വളരെ ഉറക്കെയാണ് പറഞ്ഞത്. ഇതു കേട്ട അയാൾ കൂടുതൽ വേഗത്തിൽ നബിയുടെ നേരെനീങ്ങി. എന്നാൽ, ഒരു അൻസ്വാരി നേതാവ് ഉസയിദ് ബിൻ ഹുളയ്ർ അയാളെ ചാടിപ്പിടിക്കുകയും കീഴ്പെടുത്തുകയും ചെയ്തു. അതിന്നിടയിൽ അയാൾ ഒളിപ്പിച്ചുവെച്ചിരുന്ന് കഠാരയിലും അദ്ദേഹത്തിന്റെ കൈതട്ടി. പിന്നീട് അയാൾ പരിഭ്രമിച്ചുകൊണ്ട് എന്റെ രക്തം എന്റെ രക്തം എന്ന് പയാൻ തുടങ്ങി. അതായത് നീ എന്നെ മുറിവേൽപിച്ചുവെന്ന്. അയാളെ കീഴ്പെടുത്തിക്കഴിഞ്ഞപ്പോൾ നബി(സ)തിരുമേനി അയാളോടു ചോദിച്ചു; സത്യം പറയണം നീ ആരാണ് ? എന്തിനു വന്നു? അപ്പോൾ അയാൾ പറഞ്ഞു, എന്റെ ജീവൻ രക്ഷിക്കുകയാണെങ്കിൽ ഞാനെല്ലാം പറയാം. നീ ഉള്ള കാര്യങ്ങളെല്ലാം സത്യമായി പറഞ്ഞാൽ നിനക്കു മാപ്പു തരുന്നതാണെന്ന് അവിടന്ന് പറഞ്ഞു. അപ്പോൾ അയാൾ ആദ്യം മുതൽ അവസാനം വരെയുള്ള എല്ലാ കാര്യങ്ങളും തുറന്നു പറഞ്ഞു. അബൂസുഫിയാൻ ഇന്നയിന്ന പാരിതോഷികങ്ങൾ വാഗ്ദാനം ചെയ്തിട്ടുണ്ടെന്നും പറഞ്ഞു. അതിനു ശേഷം അയാൾ മദീനയിൽത്തന്നെ കുറച്ചുനാൾ താമസിക്കുകയും സസന്തോഷം മുസ്‌ലിമാകുകയും ചെയ്തു.

അബൂസുഫിയാന്റെ ഈ വധശ്രമത്തോടെ മക്കക്കാരുടെ ഉദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ച് മുമ്പേയുള്ളതിനെക്കാൾ കുടുതൽ അറിഞ്ഞിരിക്കേണ്ടത് ആവശ്യമാണെന്ന മുന്നറിയിപ്പാണ് ലഭിച്ചത്. ആയതിനാൽ നബി(സ)തിരുമേനി, സ്വഹാബിമാരായ അംറ് ബിൻ ഉമയ്യാ ളംരിയെയും സലമ ബിൻ അസ്‌ലമിനെയും മക്കയിലേക്കയച്ചു. അബൂസുഫിയാന്റെ വധശ്രമത്തെയും മുമ്പേയുള്ള രക്തരൂക്ഷിത പ്രവൃത്തികളെയും കണ്ടുകൊണ്ട് തക്കം കിട്ടിയാൽ ഇസ്‌ലാമിന്റെ യുദ്ധശത്രുവിന്റെ കഥ കഴിക്കാനും അനുവാദം നൽകുകയുണ്ടായി. എന്നാൽ, ഉമയ്യയും സലമാബിൻ അസ്‌ലമും മക്കയിലെത്തിയപ്പോൾ ഖുറയ്ശികൾ ജാഗരൂകരാവുകയും രണ്ടു സ്വഹാബത്തും തങ്ങളുടെ ജീവനും കൊണ്ട് മദീനയിൽ തിരിച്ചത്തുകയും ചെയ്തു. വഴിമധ്യേ അവർ ഖുറയ്ശികളുടെ രണ്ടു ചാരന്മാരെ കണ്ടുമുട്ടി. ഖുറയ്ശി നേതാക്കൾ അവരെ മുസ്‌ലിമീംകളുടെ നീക്കങ്ങളെക്കുറിച്ചറിയുന്നതിനും നബി(സ)തിരുമേനിയുടെ അവസ്ഥകളെക്കുറിച്ചറിയുന്നതിനുമായി അയച്ചതായിരുന്നു. ഇതും ഖുറയ്ശികളുടെ മറ്റൊരു വധോദ്യമത്തിന്റെ, ഗൂഢപദ്ധതിയുടെ മുന്നോടിയായിരുന്നു എന്നതിലും അതിശയിക്കേണ്ടതില്ല. ഉമയ്യയും സലമാബിൻ അസ്‌ലമും അവരുടെ ചാരപ്രവൃത്തികളെക്കുറിച്ചറിയുകയും അവരെ ആക്രമിച്ചു ബന്ദിയാക്കുവാൻ ശ്രമിക്കുകയും ചെയ്തു. എന്നാൽ, അവരും തിരിച്ചാക്രമിച്ചു. ആ ഏറ്റുമുട്ടലിൽ ഒരു ചാരൻ കൊല്ലപ്പെടുകയും രണ്ടാമത്തെയാളെ ബന്ദിയാക്കി മദീനയിലേക്ക് കൊണ്ടു വരികയും ചെയ്തു.

ഈ യുദ്ധനടപടിയുടെ വർഷത്തെ സംബന്ധിച്ച് ചരിത്രകാരന്മാക്കിടയിൽ ഭിന്നാഭിപ്രായങ്ങളാണുള്ളത്. ഇബ്നു ഹിശാമും ത്വബരിയും ഹിജ്റ നാലിലാണ് നടന്നതെന്ന് പറയുന്നു. എന്നാൽ, ഇബ്നു സഅ്ദ് ഹിജ്റ ആറിലാണെന്ന് എഴുതിയിരിക്കുന്നു. അല്ലാമ ഖുസ്ത്വലാനീയും സർഖാനിയും ഇബ്നുസഅ്ദിന്റെ നിവേദനത്തിന് പ്രാബല്യം നല്കിയിരിക്കുന്നു. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) ഈ അഭിപ്രായങ്ങളെല്ലാം വിലയിരുത്തിക്കൊണ്ട് പറയുന്നു, അതുകൊണ്ട് ഞാനും ഹിജ്റ 6 തന്നെയാണ് എഴുതിയിട്ടുള്ളത്. അല്ലാഹുവാണ് നല്ലവണ്ണം അറിയുന്നവൻ. വല്ലാഹു അഅ്‌ലമു. ഇബ്നു സഅ്ദിന്റെ നിവേദനത്തിന്റെ ഉള്ളടക്കത്തെ ബയ്ഹഖിയും പിന്താങ്ങിയിരിക്കുന്നു. പക്ഷേ, അതിൽ ഈ സംഭവത്തിന്റെ വർഷത്തെ കുറിച്ച് അറിയാൻ കഴിയുന്നില്ല. (സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ),പേജ് 741–743)

ഹുദയ്ബിയ സന്ധിയുടെ അവസരത്തിൽ ഹദ്റത്ത് സലമ ബിൻ അസ്‌ലമിനെ കുറിച്ച് ഇങ്ങനെ വിവരം ലഭിക്കുന്നുണ്ട്. ഹദ്റത്ത് ഉമ്മു അമ്മാറ(റ) വിവരിക്കുന്നു, ഹുദയ്ബിയ സന്ധി ദിവസം ഞാൻ നബി(സ)തിരുമേനിയെ നോക്കുമ്പോൾ അദ്ദേഹം ഒരിടത്തിരിക്കുകയായിരുന്നു. ഹദ്റത്ത് അബ്ബാദ് ബിൻ ബിശറും ഹദ്റത്ത് സലമ ബിൻ അസ്‌ലമും രണ്ടുപേരും തൊപ്പി ധരിച്ച് നബി(സ)തിരുമേനിയുടെ സമീപത്ത് പാറാവു നിൽക്കുകയായിരുന്നു. ഖുറയ്ശികളുടെ ദൂതൻ സഹ്ൽ ബിൻ അംറ് തന്റെ ശബ്ദമുയർത്തിസംസാരിച്ചപ്പോൾ അവരിരുവരും പറഞ്ഞു: നബി(സ)തിരുമേനിയുടെ മുമ്പിൽ ശബ്ദം താഴ്ത്തി സംസാരിക്കുക. (കിതാബുൽ മാഗാസി, വാള്യം 2, പേജ് 93, ബാബ് ഗസ് വത്തുൽ ഹുദയ്ബിയ. ദാറുൽകുതുബുൽ ഇൽമിയ ബേറൂത്ത് 2004)

ഇതവരുടെ ആ അവസരത്തിലെ ഒരു പ്രത്യേക സേവനത്തെക്കുറിച്ചുള്ള പരാമർശമാണ്.

**ഹദ്റത്ത് ഉഖ്ബാ ബിൻ ഉഥ്മാൻ(റ):** അടുത്തതായി പരാമർശിക്കുന്ന സ്വഹാബിയുടെ പേരാണ് ഹദ്റത്ത് ഉഖ്ബാ ബിൻ ഉഥ്മാൻ(റ). ഹദ്റത്ത് ഉഖ്ബാ ബിൻ ഉഥ്മാൻ(റ)ന്റെ മാതാവിന്റെ പേര് ഉമ്മു ജമീൽ ബിൻത് ഖുത്ബ എന്നായിരുന്നു.(അത്ത്വബക്കാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ്, ഭാഗം 3, പേജ് 300, പ്രസാധകർ ദാറു അഹ്‌യാഉത്തുറാഥ് അൽഅറബി ബേറൂത്ത്, ലബ്നാൻ 1996).

ഹദ്റത്ത് ഉഖ്ബ അൻസ്വാറിലെ ഗോത്രമായ ബനൂസുറയ്ഖിൽനിന്നുള്ള ആളായിരുന്നു. ഹദ്റത്ത് ഉഖ്ബയ്ക്കും അദ്ദേഹത്തിന്റെ സഹോദരൻ ഹദ്റത്ത് സഅദ് ബിൻ ഉഥ്മാനും ഉഹുദ് യുദ്ധത്തിലും ബദ്ർ യുദ്ധത്തിലും പങ്കെടുക്കുവാനുള്ള ഭാഗ്യം ലഭിച്ചു. വിവിധ ചരിത്ര ഗ്രന്ഥങ്ങളിൽ വിവരിക്കപ്പെടുന്നത് ഉഹുദ് യുദ്ധത്തിന്റെ അവസരത്തിൽ ശക്തമായ ആക്രമണം കൊണ്ട് താൽക്കാലികമായി ഓടിപ്പോയിരുന്നവരിൽ രണ്ടുപേരായിരുന്നു ഹദ്റത്ത് ഉഖ്ബാ ബിൻ ഉഥ്മാനും ഹദ്റത്ത് സഅദ് ബിൻ ഉഥ്മാനും. അവർ 'അഅ്വള്' ന്റെ നേരെ മുമ്പിലുള്ള ഒരു മലയായ 'ജൽഅബിൽ' ലിലെത്തി. മൂന്നു ദിവസം അവർ അവിടെ താമസിച്ചു. മദീനയിൽനിന്ന് കുറച്ചു മൈൽ അകലെ സ്ഥിതി ചെയ്യുന്ന ഒരു സ്ഥലമാണ് 'അഅ്വള്.' പിന്നീട് അവരിരുവരും നബി(സ)തിരുമേനിയുടെ അടുത്തെത്തിയപ്പോൾ അവർ ഇക്കാര്യം പറഞ്ഞു. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: *ലഖദ് ദഹബ്ത്തും ഫീഹാ അരീളത്തുൻ* അതായത് നിങ്ങൾ വിശാലതയുള്ള സ്ഥലത്തേക്ക് പോയി.'(ഉസുദുൽ ഗാബ, ഫീ മഅ്രിഫത്തിസ്സ്വഹാബ, ഭാഗം 4, പേജ് 54–55, ഹദ്റത്ത് ഉഖ്ബാ ബിൻ ഉഥ്മാൻ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2008).(ജാമിഉൽബയാൻ ഫീ തഅ്‌വീലിൽ ഖുർആൻ, മഅ്റൂഫ് തഫ്സീർ ത്വബ്‌രി, ഭാഗം 4, പേജ് 183–184, സൂറത്തു ആലുഇംറാൻ, ആയത്ത് 156, പ്രസാധകർ ദാറു അഹ്‌യാഉത്തുറാഥ് അൽഅറബി ബേറൂത്ത്, 2001).(മുഅ്ജമുൽ ബുൽദാൻ, ഭാഗം 1, പേജ് 180, അഅ്വസ് എന്ന പദത്തിനു അടിക്കുറിപ്പ്)

എന്തായാലും നബി(സ)തിരുമേനി അവരുടെ തെറ്റുകൾ മറച്ചുവച്ചു. അവരുടെ തെറ്റുകൾ മാപ്പാക്കി. ഒരു ചോദ്യവും ചെയ്തില്ല.

**ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സഹ്ൽ(റ):** അടുത്തതായി വിവരിക്കുന്ന സ്വഹാബിയുടെ പേര് ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സഹ്ൽ എന്നാണ്. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സഹ്‌ലിന്റെ ബന്ധം ബനീസഊറാഅ് ഗോത്രവുമായിട്ടായിരുന്നു. അവർ ബനൂ അബ്ദുൽ അശ്ഹലിന്റെ സഖ്യകക്ഷിയിരുന്നു. അദ്ദേഹം ഗസ്സാനിയായിരുന്നുവെന്നും പറയുന്നുണ്ട്. ഹദ്റത്ത് അബ്ദുല്ലായുടെ പിതാവിന്റെ പേര് ചിലർ സയ്ദെന്നും ചിലർ റാഫിഅ് എന്നും പറയുന്നുണ്ട്. ഹദ്റത്ത് അബ്ദുല്ലായുടെ മാതാവിന്റെ പേര് സ്വഅ്ബ ബിൻത് തയ്യിഹാൻ എന്നായിരുന്നു. അവർ ഹദ്റത്ത് അബുൽഹയ്ഥം ബിൻ തയ്യിഹാന്റെ സഹോദരിയായിരുന്നു. അദ്ദേഹം ഹദ്റത്ത് റാഫിഅ് ബിൻ സഹ്‌ലിന്റെ സഹോദരനായിരുന്നു. അദ്ദേഹം ബദ്ർ യുദ്ധത്തിൽ പങ്കെടുത്തു. അദ്ദേഹത്തിന്റെ സഹോദരൻ ഹദ്റത്ത് റാഫിഅ് അദ്ദേഹത്തോടൊപ്പം ഉഹുദ് യുദ്ധത്തിലും ഖൻദഖ് യുദ്ധത്തിലും പങ്കെടുത്തു. ഹദ്റത്ത് അബ്ദുല്ലാഹ് ഖൻദഖ് യുദ്ധത്തിൽ ശഹീദായി. ബനൂ ഉവയ്ഫിലെ ഒരാൾ അദ്ദേഹത്തെ അമ്പെയ്ത് ശഹീദാക്കുകയായിരുന്നു.' (അസ്സീറത്തുന്നബ് വിയ്യ ലി ഇബ്നി ഹിശാം, പേജ് 464, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2001).(അത്ത്വബക്കാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ്, ഭാഗം 3, പേജ് 236, അബ്ദുല്ലാഹ് ബിൻ സഹ്ൽ, പ്രസാധകർ ദാറു അഹ്‌യാഉത്തുറാഥ് അൽഅറബി, 1996).(ഉസുദുൽ ഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ ലിഇബ്നി അഥീർ വാള്യം 3, പേജ് 269, അബ്ദുല്ലാഹ് ബിൻ സഹ്ൽ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2008).

മുഗയ്ര ബിൻ ഹക്കീം വിവരിക്കുന്നു: താങ്കൾ ബദ്ർ യുദ്ധത്തിൽ പങ്കെടുത്തിരുന്നുവോ എന്ന് ഞാൻ ഹദ്റത്ത് അബ്ദുല്ലായോടു ചോദിച്ചു. അദ്ദേഹം പറഞ്ഞു: പങ്കെടുത്തു, ഞാൻ അവബബയ്അത്തിലും പങ്കെടുത്തിരുന്നു.(മജ്മഉസ്സവാഇദ് വ മമ്പഉൽ ഫവാഇദ് ലിഅലി ബിൻ അബീബക്കർ, വാല്യം 6, പേജ് 108, കിതാബുൽ മഗാസി, ഹദീഥ് 10044, ദാറുൽകുതുബുൽ ഇൽമിയ്യ, ബേറൂത്ത് 2001)

ഹദ്റത്ത് അബ്ദുല്ലാഹ് മദീനയുടെ എട്ടു മൈൽ അകലെ 'ഹംറാഉൽ അസദ്' എന്ന സ്ഥലത്ത് നടന്ന യുദ്ധത്തിലും പങ്കെടുത്തതായി നബിചരിത്ര ഗ്രന്ഥമായ സുബുലുൽ ഹുദാ എന്ന പുസ്തകത്തിൽ വിവരിച്ചിട്ടുള്ളതായി കാണാം. സഹോദരന്മാരായ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സഹ്‌ലും ഹദ്റത്ത് റാഫിഅ് ബിൻ സഹ്‌ലും ബനൂ അബ്ദുൽ അശ്ഹൽ ഗോത്രത്തിൽ പെട്ടവരായിരുന്നു. അവർ രണ്ടു പേരും ഉഹുദ് യുദ്ധത്തിൽനിന്ന് മടങ്ങി വരുമ്പോൾ ഗുരുതരമായി മുറിവേറ്റവരായിരുന്നു. യുദ്ധത്തിൽ മുറിവേറ്റു. ഹദ്റത്ത് അബ്ദുല്ലായ്ക്കാണ് കൂടുതൽ മുറിവേറ്റിരുന്നത്. ഈ രണ്ടു സഹോദരന്മാരും നബി(സ)തിരുമേനിയുടെ, ഹംറാഉൽ അസദിൽ പങ്കെടുക്കുന്നതുമായി ബന്ധപ്പെട്ട കല്പന കേട്ടപ്പോൾ ഒരാൾ മറ്റെയാളോടു പറഞ്ഞു; അല്ലാഹു സത്യം! നമ്മൾ റസൂലുല്ലാഹ്(സ)തിരുമേനിയുടെ കൂടെ യുദ്ധത്തിൽ പങ്കെടുത്തില്ലായെങ്കിൽ വലിയ നഷ്ടമായിരിക്കും. നമ്മുടെ കൈയിലാണെങ്കിൽ യാത്രചെയ്യാനായി വാഹനവുമില്ല. എങ്ങനെ ഇതു ചെയ്യുമെന്ന് നമുക്ക് അറിയുകയുമില്ല. ഹദ്റത്ത് അബ്ദുല്ലാഹ് പറഞ്ഞു: എന്റെ കൂടെ വരൂ നമുക്ക് നടക്കാം. ഹദ്റത്ത് റാഫിഅ് പറഞ്ഞു: അല്ലാഹുവാണ! എനിക്ക് മുറിവു കാരണത്താൽ നടക്കാൻ സാധിക്കുന്നില്ല. അദ്ദേഹത്തിന്റെ സഹോദരൻ പറഞ്ഞു: നമുക്ക് നബി(സ)തിരുമേനിയുടെ അടുത്തേക്ക് പതുക്കെ പതുക്കെ നടന്നുപോകാം. അങ്ങനെ അവരിരുവരും നടന്നും വീണും നടക്കാൻ തുടങ്ങി. ഹദ്റത്ത് റാഫിഅ് തളർന്നപ്പോൾ ഹദ്റത്ത് അബ്ദുല്ലാ അദ്ദേഹത്തെ ചുമലിലേറ്റുകയും ഇശായുടെ സമയത്തോടെ ഇരുവരും റസൂലുല്ലാഹ് (സ)യുടെ സവിധത്തിൽ ഹാജരാവുകയും ചെയ്തു. സ്വഹാബത്ത് ആ നേരത്ത് തീ കത്തിക്കുകയായിരുന്നു. ഒരു താവളമടിക്കുകയായിരുന്നു. രാത്രി നേരമായിരുന്നു, അവർ രണ്ടുപേരേയും നബി(സ)തിരുമേനിയുടെ മുമ്പിൽ കൊണ്ടുവന്നു. അന്നുരാത്രി നബി(സ) തിരുമേനിക്കു കാവൽ നിൽക്കാനായി ഹദ്റത്ത് അബ്ബാദ് ബിൻ ബിശറിനെ നിയമിച്ചിരിക്കുകയായിരുന്നു. ഇവർ അവിടെ എത്തിയപ്പോൾ നബി(സ)തിരുമേനി അവരിരുവരോടും ചോദിച്ചു: ഇത്രയും നേരം നിങ്ങളെ തടഞ്ഞു നിറുത്തിയതെന്താണ്? അവർ കാരണം പറഞ്ഞു. അപ്പോൾ നബി(സ)തിരുമേനി അവരിരുവരുടേയും നന്മയ്ക്കായി പ്രാർഥിച്ചുകൊണ്ടു പറഞ്ഞു; നിങ്ങൾക്ക് ദീർഘായുസ്സുണ്ടെങ്കിൽ കുതിരകളും കോവർകഴുതകളും ഒട്ടകങ്ങളും യാത്രാവാഹനമായി നിങ്ങൾക്കു ലഭിക്കുന്നതാണ്. ഇപ്പോൾ നിങ്ങൾ നിന്നും വീണും നടന്നാണ് വന്നിട്ടുള്ളത്. എന്നാൽ, ദീർഘായുസ് പ്രാപിച്ചാൽ ഈ യാത്രാവാഹനങ്ങളെല്ലാം നിങ്ങൾക്ക് ലഭ്യമായിരിക്കുന്നത് നിങ്ങൾ കാണും. പക്ഷേ, അതിനോടൊപ്പം ഇങ്ങനേയും പറഞ്ഞു: അത് ഇപ്പോൾ നിന്നും വീണും കാൽനടയായി ചെയ്ത ഈ യാത്രയേക്കാളും നിങ്ങൾക്ക് മികച്ചതാകില്ല.(സുബുലുൽ ഹുദാ വാല്യം 4, പേജ് 310, ദാറുൽകുതുബുൽ ഇൽമിയ്യ, ബേറൂത്ത് 1993) ഇതിന്റെ പ്രതിഫലവും അനുഗ്രഹങ്ങളും അന്നു കിട്ടുന്ന പ്രതിഫലത്തെക്കാളും അനുഗ്രഹങ്ങളെക്കാളും വളരെ കൂടുതലായിരിക്കും.

ഹംറാഉൽ അസദ് യുദ്ധത്തിന്റെ കാരണം വിവരിച്ചുകൊണ്ട് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് എഴുതുന്നു: ഉഹുദ് കഴിഞ്ഞുള്ള മദീനയിലെ രാത്രി വളരെ ഭയത്തിന്റെ രാത്രിയായിരുന്നു. എന്തുകൊണ്ടെന്നാൽ പ്രത്യക്ഷത്തിൽ ഖുറയ്ശിപ്പട മക്കയിലേക്കുള്ള വഴിക്കു തിരിഞ്ഞെങ്കിലും ഈ പ്രവൃത്തി മുസ്‌ലിംകളുടെ ശ്രദ്ധ തിരിക്കുവാനുള്ള ഉദ്ദേശ്യമായിരുന്നോ എന്ന ആശങ്കയുണ്ടായി. അതുകൊണ്ട് അന്നു രാത്രി മദീനയിൽ കാവലിനുള്ള ഏർപാടു ചെയ്യപ്പെട്ടു. പ്രത്യേകിച്ചും നബി(സ)തിരുമേനിയുടെ വീടിനു ചുറ്റും സ്വഹാബാക്കൾ രാത്രി മുഴുവനും കാവൽ നിന്നു. നേരം പുലർന്നപ്പോൾ മനസ്സിലായി ആ ആശങ്ക വെറുമൊരു തോന്നലായിരുന്നില്ല. എന്തുകൊണ്ടെന്നാൽ ഖുറയ്ശിപ്പട മദീനയുടെ ഏതാനും മൈലുകൾ അകലെ നിലയുറപ്പിച്ചിട്ടുണ്ടെന്നും ഈ ലഭ്യമായ വിജയത്തെ മുതലെടുത്തുകൊണ്ട് മദീനയുടെ മേൽ എന്തുകൊണ്ട് ആക്രമണം നടത്തിക്കൂടാ എന്ന് ഖുറയ്ശി നേതാക്കൾക്കിടയിൽ ചൂടേറിയ ചർച്ച നടന്നുകൊണ്ടിരിക്കുന്നുവെന്നുമുള്ള വിവരം സുബ്ഹി നമസ്കാരത്തിനു മുമ്പേതന്നെ നബി(സ) തിരുമേനിക്കു ലഭിച്ചിരുന്നു. അതിനെതിരിൽ ഇങ്ങനെയും ചിലർ പറയുന്നുണ്ടായിരുന്നു; നിങ്ങൾക്കിപ്പോൾ ഒരു വിജയം ലഭിച്ചിരിക്കുകയാണ് അതിനെ വിലമതിക്കുക. മക്കയിലേക്കു തിരിച്ചുപോകുക. ഈവിജയം പരാജയമായി മാറരുത്. എന്തെന്നാൽ ഇപ്പോൾ നിങ്ങൾ മദീനയെ ആക്രമിക്കുകയാണെങ്കിൽ മുസ്‌ലിംകൾ ജീവൻ പണയം വച്ച് പോരാടും. ഉഹുദിൽ പങ്കെടുക്കാത്തവരും യുദ്ധക്കളത്തിലിറങ്ങും. നബി(സ) തിരുമേനിക്ക് ഈ സംഭവത്തെക്കുറിച്ചുള്ള അറിവു ലഭിച്ചപ്പോൾ ഉടൻ തന്നെ മുസ്‌ലിം സൈന്യത്തോട് തയ്യാറാകുവാൻ പറഞ്ഞു. ഉഹുദിൽ പങ്കെടുത്തവരല്ലാതെ ആരുംതന്നെ തങ്ങളോടൊപ്പം വരരുത് എന്നും കല്പന നൽകി. എട്ടു മൈലുകൾ പിന്നിട്ട ശേഷം നബി(സ)തിരുമേനി ഹംറാഉൽ അസദിൽ എത്തിച്ചേർന്നു. അവിടെ മൈതാനത്ത് രണ്ടു മുസ്‌ലിംകളുടെ മൃതശരീരങ്ങൾ കിടക്കുന്നതായി കണ്ടു. നബി(സ) തിരുമേനി ആ ശുഹദാക്കൾക്കു വേണ്ടി ഒരു ഖബ്ർ കുഴിപ്പിക്കുകയും രണ്ടുപേരേയും ഒരുമിച്ച് അതിലടക്കം ചെയ്യുകയും ചെയ്തു. ശേഷം അവിടെതന്നെ തമ്പടിച്ചുകൊണ്ടു പറഞ്ഞു: മൈതാനത്തിന്റെ വിവിധ ഭാഗങ്ങളിലായി തീ കത്തിക്കുക. അങ്ങനെ നോക്കിക്കൊണ്ടിരിക്കെ ഹംറാഉൽ അസദ് മൈതാനിയിൽ അഞ്ഞൂറിടത്ത് തീജ്വാലയുയർന്നു. അത് ദൂരെനിന്നും കാണുന്നവരുടെ ഹൃദയത്തിൽ ഭയമുളവാക്കുന്നതായിരുന്നു. ഈ സമയത്ത് ഖുസാഅ ഗോത്രത്തിലെ മഅബദ് എന്നു പേരുള്ള മുശ്രിക്കുകളുടെ ഒരു നേതാവ് നബി(സ)തിരുമേനിയുടെ മുന്നിൽ ഹാജരായിക്കൊണ്ട് ഉഹുദിൽ മരണപ്പെട്ടവരെക്കുറിച്ച് അനുശോചനം പ്രകടിപ്പിച്ചു, എന്നിട്ട് യാത്ര തുടർന്നു. അടുത്ത ദിവസം അയാൾ മദീനയിൽ നിന്ന് നാൽപത് മൈൽ അകലത്തുള്ള റൗഹാഅ് എന്ന പ്രദേശത്തെത്തിയപ്പോൾ കണ്ടത് ഖുറയ്ശിപ്പട അവിടെ തമ്പടിച്ചിരിക്കുന്നതും മദീനയിലേക്കു പുറപ്പെടാൻ തയ്യാറായിരിക്കുന്നതുമാണ്. മഅ്ബദ് ഉടനെതന്നെ അബൂസുഫിയാന്റെ അടുത്തു പോയി പറഞ്ഞു; നിങ്ങൾ എന്താണീ ചെയ്യുന്നത്? അല്ലാഹുവാണ! ഞാനിപ്പോൾ മുഹമ്മദ്(സ)ന്റെ സൈന്യത്തെ ഹംറാഉൽ അസദിൽ കണ്ടിട്ടാണു വരുന്നത്. അത്തരം ഭീകരമായ ഒരു സൈന്യത്തെ ഞാനിതുവരെ കണ്ടിട്ടില്ല. മാത്രമല്ല ഉഹുദിലേറ്റ പരാജയവും ലജ്ജയും കാരണം അവർ എത്രമാത്രം ആവേശത്തിലാണെന്നാൽ അവർ നിങ്ങളെ കണ്ടമാത്രയിൽത്തന്നെ ഭസ്മമാക്കിക്കളഞ്ഞേക്കാം. അബൂസുഫിയാന്റെയും കൂട്ടാളികളുടെയുംമേൽ മഅ്ബദിന്റെ ആ വാക്കുകൾ എത്രമാത്രം സ്വാധീനം ചെലുത്തിയെന്നാൽ അവർ മദീനയിലേക്കു പോകാനുള്ള ഉദ്ദേശ്യം ഉപേക്ഷിക്കുകയും ഉടനെ മക്കയിലേക്കു മടങ്ങുകയും ചെയ്തു. ഖുറയ്ശിപ്പടയുടെ ഈ തിരിഞ്ഞോട്ടത്തെക്കുറിച്ചുള്ള വിവരം ലഭിച്ചപ്പോൾ നബി(സ)തിരുമേനി അല്ലാഹുവിനോട് നന്ദി പറഞ്ഞു. അല്ലാഹുവാണ് ആ നിഷേധികളുടെ ഹൃദയത്തെ കീഴ്പ്പെടുത്തിയത്. അതിനുശേഷം അവിടന്ന് ഹംറാഉൽഅസദിൽ രണ്ടുമൂന്നു ദിവസം വീണ്ടും താമസിച്ചു. പിന്നീട് അഞ്ചുദിവസത്തെ ഒഴിവിനുശേഷം മദീനയിൽ തിരിച്ചെത്തി.(സീറത്തു ഖാതമുന്നബിയ്യീൻ പേജ് 504 –505)(ലുഗാത്തുൽ ഹദീഥ് വാല്യം 2 പേജ് 149)

**ഹദ്റത്ത് ഉത്ബ ബിൻ റബീഅ(റ):** അടുത്തതായി ഞാൻ വിവരിക്കുന്ന സ്വഹാബിയുടെ പേരാണ് ഹദ്റത്ത് ഉത്ബ ബിൻ റബീഅ(റ). ഏത് ഗോത്രവുമായിട്ടാണ് അദ്ദേഹത്തിന്റെ ബന്ധമെന്നകാര്യത്തിൽ ചരിത്രകാരന്മാർക്കിടയിൽ അഭിപ്രായ ഭിന്നതയുണ്ട്. ഇബ്നു ഇസ്ഹാഖ് പറയുന്നത് ഹദ്റത്ത് ഉത്ബ ബിൻ റബീഅ(റ) ബനൂലൗദാൻ ഗോത്രത്തിന്റെ സഖ്യകക്ഷിയായിരുന്നുവെന്നാണ്. അദ്ദേഹത്തിന്റെ ബന്ധം ബഹ്റാഅ് ഗോത്രവുമായിട്ടായിരുന്നു. ചിലർ പറയുന്നത് അദ്ദേഹം ഔസ് ഗാത്രത്തിന്റെ സഖ്യകക്ഷിയായിരുന്നുവെന്നാണ്. എന്തായാലും അദ്ദേഹത്തിന് ബദ്ർ, ഉഹുദ് യുദ്ധങ്ങളിൽ പങ്കെടുക്കുവാനുള്ള ഭാഗ്യമുണ്ടായി. അല്ലാമാ ഇബ്നു ഹജർ അസ്ഖലാനി പറയുന്നു: യർമൂക്ക് യുദ്ധത്തിൽ പങ്കെടുത്ത നേതാക്കളിൽ ഒരാളുടെ പേര് ഉത്ബ ബിൻ റബീഅ എന്നാണ്. അദ്ദേഹം പറയുന്നു എന്റെ പക്കൽ ഈ സ്വഹാബി തന്നെയാണ് അത്.(അസ്സീറത്തുന്നബ്വിയ്യ ലി ഇബ്നി ഹിശാം, പേജ് 469, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 2001).(അത്ത്വബക്കാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ്, ഭാഗം 3, പേജ് 284, ഉത്ബത്ത് ബിൻ റബീഅ ബിൻ ഖാലിദ്(റ), പ്രസാധകർ ദാറു അഹ്‌യാഉത്തുറാഥ് അൽഅറബി, ബേറൂത്ത് ലബ്നാൻ 1996).(അൽ ഇസ്വാബ ഫീ തമീസിസ്സ്വഹാബ വാല്യം 4, പേജ് 360, ഉത്ബത്ത് ബിൻ റബീഅ ബിൻ ഖാലിദ്(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1995).

യർമൂക്ക് യുദ്ധത്തിന്റെ വിശദീകരണം ഇപ്രകാരമാണ്. ഹിജ്റ 12 ൽ ഹദ്റത്ത് അബൂബക്കർ(റ) ഹജ്ജ് ചെയ്ത് മടങ്ങിവന്നു. അദ്ദേഹം ഹിജ്റ 13 ന്റെ തുടക്കത്തിൽ മുസ്‌ലിം സൈന്യത്തെ ശാം ദേശത്തേക്ക് അയച്ചു. ഹദ്റത്ത് അംറ് ബിൻ ആസിയെ ഫലസ്തീനിലേക്ക് അയച്ചു. യസീദ് ബിൻ അബൂ സുഫിയാൻ, ഹദ്റത്ത് അബൂഉബയ്ദ ബിൻ അൽജർറാഹ്, ഹദ്റത്ത് ശുറഹ്ബീൽ ബിൻ ഹസ്ന എന്നിവരോടു ശാമിന്റെ ഉയർന്ന പ്രദേശമായ ബൽക്കായിലൂടെ തബൂക്കിലേക്ക് പോകാനും കല്പിച്ചു. ഹദ്റത്ത് അബൂബക്കർ(റ) ആദ്യം ഖാലിദ് ബിൻ സഈദിനെ അമീറായി നിശ്ചയിക്കുകയും പിന്നീട് അദ്ദേഹത്തിന്റെ സ്ഥാനത്ത് യസീദ് ബിൻ സുഫിയാനെ അമീറാക്കുകയും ചെയ്തു. ഇവർ ഏഴായിരം യോദ്ധാക്കളോടൊപ്പം ശാം ദേശത്തേക്ക് പോയി. ഇസ്‌ലാമിക സൈന്യത്തിന്റെ അമീറുമാർ തങ്ങളുടെ സൈന്യത്തേയും കൊണ്ട് ശാമിലെത്തി. ഹിർഖൽ സ്വയം നടന്ന് ഹിമസിൽവന്നു. റോമാക്കാരുടെ വമ്പിച്ച സൈന്യത്തെ തയ്യാറാക്കി. അയാൾ മുസ്‌ലിം അമീറു

മാരെ നേരിടുന്നതിന് വെവ്വേറെ അമീറുമാരെ നിയമിച്ചു. ശത്രുക്കളുടെ തയ്യാറെടുപ്പ് കണ്ട്-അവരിൽ ചിലർ ഈമാനിൽ അത്ര ഉറപ്പുള്ളവരായിരുന്നില്ല-ഭയന്നുപോയി. കാരണം മുസ്‌ലിം സൈന്യകരുടെ എണ്ണം അപ്പോൾ ഇരുപത്തിയേഴായിരമായിരുന്നു. ഈ അവസ്ഥയിൽ ഹദ്റത്ത് അംറ് ബിൻ ആസ് സൈന്യത്തോടു നിങ്ങളെല്ലാവരും ഒരിടത്ത് സംഘടിക്കാൻ നിർദേശിച്ചു. കാരണം സംഘടിക്കുന്ന അവസ്ഥയിൽ എണ്ണം കുറവാണെങ്കിലും നിങ്ങളെ പരാജയപ്പെടുത്തുക എളുപ്പമായിരിക്കുകയില്ല. ആ സൈന്യത്തിന്നെതിരിൽ കുറവാണെങ്കിലും ഒന്നിക്കുകയാണെങ്കിൽ എളുപ്പത്തിൽ നിങ്ങളുടെമേൽ വിജയം കരസ്ഥമാക്കാൻ അവർക്കു സാധിക്കുകയില്ല. ഓരോ ലീഡറിന്റേയും ഉള്ളിൽ വേറിട്ട് നില്ക്കുകയാണെങ്കിൽ ഓർക്കുക വരുന്ന ആൾക്ക് പ്രയോജനപ്പെടുന്ന ഒരു വ്യക്തിയും നിങ്ങളിൽ ബാക്കിയുണ്ടാവുകയില്ല. കാരണം നമ്മളിൽ ഓരോരുത്തരുടേയുംമേൽ വലിയ വലിയ സൈന്യങ്ങൾക്ക് അധികാരം നല്കപ്പെട്ടിട്ടുണ്ട്. അങ്ങനെ യർമൂക്ക് എന്ന സ്ഥലത്ത് എല്ലാ സൈന്യവും സംഘടിക്കാൻ തീരുമാനമായി. ഈ അഭിപ്രായംതന്നെയായിരുന്നു മുസ്‌ലിമീകൾക്ക് ഹദ്റത്ത് അബൂബക്കർ(റ)ഉം നല്കിയിരുന്നത്. സംഘടിച്ച് ഒരൊറ്റ സൈന്യമാക്കുക എന്നു പറഞ്ഞു. സ്വന്തം സൈന്യങ്ങളെ മുശ്‌രിക്കീംകളുടെ സൈന്യത്തെക്കാൾ വർധിപ്പിക്കുക. നിങ്ങൾ അല്ലാഹുവിന്റെ സഹായികളാണ്. അല്ലാഹുവിനെ സഹായിക്കുന്നവരെ അല്ലാഹുവും സഹായിക്കുന്നവനാണ്. അവനെ നിഷേധിക്കുന്നവനെ അല്ലാഹു നിന്ദിക്കുന്നവനാണ്. എണ്ണം കുറഞ്ഞ കാരണത്താൽ നിങ്ങളെപ്പോലുള്ളവർ പരാജയപ്പെടുകയില്ല. നിങ്ങൾ എണ്ണത്തിൽ കുറഞ്ഞവരാണെന്നതിൽ സംശയമില്ലെന്നും എന്നാൽ, ഈമാനുണ്ടെങ്കിൽ, സംഘടിച്ചുപോരാടുകയാണെങ്കിൽ ഒരിക്കലും പരാജയപ്പെടുകയില്ലെന്ന് ഹദ്റത്ത് അബൂബക്കർ(റ) സന്ദേശവും അയച്ചു. കാരണം നിങ്ങൾ അല്ലാഹുവിനുവേണ്ടിയാണ് പോരാടുന്നത്. പറഞ്ഞു, പത്തായിരം എന്നല്ല അതിനെക്കാളധികം പാപങ്ങളിലേക്ക് അതിക്രമിച്ച് പോകുകയാണെങ്കിൽ ആ പത്തായിരത്തോടു പരാജയപ്പെടുന്നതായിരിക്കും. എണ്ണത്തെ കുറിച്ച് ചിന്തിക്കണ്ട. നിങ്ങൾ പത്തായിരമുണ്ടെങ്കിൽ അല്ലെങ്കിൽ അതിനെക്കാൾ കൂടുതലുണ്ടെങ്കിൽ പക്ഷേ, അവർ പാപംചെയ്യുന്നവരും തെറ്റായിപ്രവൃത്തി ചെയ്യുന്നവരുമാണെങ്കിൽ തീർച്ചയായും പരാജയപ്പെടും. അതുകൊണ്ട് നിങ്ങൾ പാപങ്ങളിൽനിന്ന് രക്ഷപ്പെടുക. നിങ്ങളെ പരിശുദ്ധന്മാരാക്കുക. ഒന്നാകുക. ഐക്യം ഉണ്ടാക്കുക. യർമൂക്കിൽ സംഘടിച്ചു പ്രവർത്തിക്കുന്നതിന് ഒരുമിച്ചു കൂടുക. നിങ്ങളിൽ എല്ലാ ഓരോ അമീറും അവരവരുടെ സൈന്യത്തോടൊപ്പം നമസ്കരിക്കുക. ഹിജ്റ 13 സ്വഫർ മാസം മുതൽ റബീഉൽആഖർവരെ മുസ്‌ലിമീംകൾ റോമൻ സൈന്യത്തെ വളഞ്ഞു; മുസ്‌ലിമീംകൾക്ക് അപ്പോൾ വിജയമൊന്നുമുണ്ടായില്ലെങ്കിലും. അതിന്നിടയിൽ ഹദ്റത്ത് അബൂബക്കർ(റ), ഹദ്റത്ത് ഖാലിദ് ബിൻ വലീദിനെ സഹായി എന്നനിലയിൽ ഇറാഖിൽനിന്ന് യർമൂക്കിലെത്താൻ കല്പിച്ചു. ഹദ്റത്ത് ഖാലിദ് ബിൻ വലീദ് അപ്പോൾ ഇറാഖിലെ ഗവർണരായിരുന്നു. ഹദ്റത്ത് ഖാലിദ് എത്തുന്നതിനു മുമ്പേ എല്ലാ അമീറുമാരും വെവ്വേറെ തങ്ങളുടെ സൈന്യത്തേയുംകൊണ്ട് യുദ്ധം ചെയ്യുകയായിരുന്നു. ഹദ്റത്ത് ഖാലിദ് അവിടെ എത്തിയുടനെ എല്ലാ സൈന്യത്തേയും ഒരൊറ്റ അമീറിനു കീഴിൽ സംഘടിക്കാൻ ഉപദേശിച്ചു. അപ്പോൾ എല്ലാവരും ഹദ്റത്ത് ഖാലിദ് ബിൻ വലീദിനെ അമീറായി നിശ്ചയിച്ചു. റോമൻ സൈന്യം രണ്ടു ലക്ഷമോ രണ്ടരലക്ഷത്തി നാല്പതിനായിരമോ ആയിരുന്നു. മുസ്‌ലിംകൾ 37000 നും 46000 നും ഇടയിലായിരുന്നു. ഏകദേശം അഞ്ചിലൊന്ന് ഭാഗം! റോമൻ സൈന്യത്തിന്റെ ശക്തിയുടെ സ്ഥിതി എങ്ങനെയായിരുന്നുവെന്നാൽ, എൺപതിനായിരം പേരുടെ കാലുകളിൽ വിലങ്ങുകൾ ഉണ്ടായിരുന്നു. നാൽപതിനായിരമാളുകൾ ചങ്ങലകളിൽ ബന്ധിതരായിരുന്നു. എന്തുവന്നാലും ജീവൻകൊടുക്കുകയല്ലാതെ യുദ്ധ മൈതാനത്തുനിന്ന് ഓടിപ്പോകാനുള്ള ചിന്ത വരാതിരിക്കാനായിരുന്നു ഇത്. ഒരുലക്ഷത്തി ഇരുപതിനായിരമാളുകളെ ബന്ധിച്ചിരുന്നത് യുദ്ധം ചെയ്യുന്നതിനും മരിക്കുന്നതിനും മാത്രമായിരുന്നു. അതല്ലാതെ മറ്റൊന്നുമല്ല. നാല്പതിനായിരമാളുകൾ തങ്ങളെ അവരുടെ തലപ്പാവുകൾകൊണ്ട് സ്വയം ബന്ധിച്ചിരുന്നു. എൺപതിനായിരം കാലാൾ പടയും എൺപതിനായിരം വാഹന സൈന്യവുമായിരുന്നു. അസംഖ്യം പാതിരിമാർ സൈന്യത്തിന് ആവേശം പകരാൻ റോമൻ സൈന്യത്തിനോടൊപ്പമുണ്ടായിരുന്നു. ആ യുദ്ധത്തിന്നിടയിലാണ് ജമാദുൽ അവ്വലിൽ ഹദ്റത്ത് അബൂബക്കർ(റ)ന് സുഖമില്ലാതായത്. ജമാദുൽ ആഖറിൽ അദ്ദേഹം വഫാത്താകുകയും ചെയ്തു. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.

ഹദ്റത്ത് ഖാലിദ് ആ യുദ്ധത്തിൽ മുസ്‌ലിം സൈന്യത്തെ ധാരാളം സംഘങ്ങളായി തിരിച്ചു. അത് 36 മുതൽ 40 വരെ പറയപ്പെടുന്നു. പക്ഷേ, ഒരൊറ്റ അമീറിനു കീഴിലായിരുന്നു യുദ്ധം ചെയ്തിരുന്നത്. ആ സംഘങ്ങളിൽ ഒരു സംഘത്തിന്റെ അമീർ ഉത്ബ ബിൻ റബീആ ആയിരുന്നു. ഹദ്റത്ത് ഖാലിദ് പറഞ്ഞു: ശത്രുവിന്റെ സംഖ്യ വളരെ അധികമാണ്. പക്ഷേ, നമ്മുടെ ഈ ക്രമീകരണം കാരണത്താൽ മുസ്‌ലിം സൈന്യം ശത്രുവിന് ബാഹ്യമായി കൂടുതലായി ട്ടുതോന്നും. ഇസ്‌ലാമിക സൈന്യത്തിന്റെ പ്രാധാന്യം ഇതിൽനിന്ന് കണക്കാക്കാവുന്നതാണ്. ഇസ്‌ലാമിക സൈന്യത്തിൽ നബി(സ)തിരുമേനിയെ നേരിൽ കണ്ടിട്ടുള്ളവരായ ഏകദേശം ആയിരംപേർ പങ്കെടുത്തിരുന്നു. അവർ ബദ്ർ യുദ്ധത്തിൽ നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തവരായിരുന്നു.

അങ്ങനെ ഇരു കൂട്ടരും തമ്മിൽ രക്തരൂക്ഷിതയുദ്ധം നടക്കുന്നതിനിടയിൽ മദീനയിൽനിന്ന് ഒരു ദൂതൻ വാർത്തയുമായി വന്നു. ചിലർ അയാളെ തടഞ്ഞുനിറുത്തി വിവരം ചോദിച്ചപ്പോൾ എല്ലാവരും സുഖത്തിൽത്തന്നെ എന്നയാൾ പറഞ്ഞു. എന്നാൽ, യഥാർഥത്തിൽ അദ്ദേഹം അബൂബക്കറിന്റെ മരണവാർത്തയുമായിട്ടായിരുന്നു വന്നിരുന്നത്. ആളുകൾ ദൂതനെ ഖാലിദിന്റെ അടുക്കൽ എത്തിച്ചു. അയാൾ രഹസ്യമായി വിവരം പറഞ്ഞു. പട്ടാളത്തിലുള്ളവർ തന്നോടു ചോദിച്ചപ്പോൾ താൻ പറഞ്ഞ മറുപടിയും പറഞ്ഞു. ഖാലിദ് അയാളിൽനിന്ന് കത്തുവാങ്ങി ആവനാഴിയിലിട്ടു. സൈന്യത്തിനിടയിൽ ഈ വാർത്ത പരക്കാതെ ശ്രദ്ധിക്കുകയും ചെയ്തു. കാരണം ആ വാർത്ത പരന്നാൽ മുസ്‌ലിം സൈന്യം ഇപ്പോൾ നടക്കുന്ന രീതിയിൽ പോരാടാതെ പ്രശ്നമാകുമെന്ന് അദ്ദേഹം ആശങ്കപ്പെട്ടു. എന്തായാലും മുസ്‌ലിം സൈന്യം ഉറച്ചുനിന്നു പോരാടി. വൈകുന്നേരം വരെ ഘോരയുദ്ധം നടന്നു. റോമൻ സൈന്യം ഭയന്നോടാൻ തുടങ്ങി. ഈ യുദ്ധത്തിൽ ഒരു ലക്ഷത്തിൽപരം റോമൻ പട്ടാളക്കാർ മരിക്കുകയും മൂവായിരം മുസ്‌ലിംകൾ ശഹീദാകുകയും ചെയ്തു. ഈ ശുഹദാക്കളിൽ ഹദ്റത്ത് ഇക്‌രിമാ ബിൻ അബൂജഹ്‌ലും ഉണ്ടായിരുന്നു. കൈസറിന് ഈ പരാജയത്തിന്റെ വിവരം ലഭിച്ചപ്പോൾ അയാൾ ഹിമസിലുണ്ടയിരുന്നു. അയാൾ ക്ഷണത്തിൽ അവിടെ നിന്നോടിക്കളഞ്ഞു.

യർമൂക്ക് വിജയത്തിനുശേഷം ഇസ്‌ലാമിക സേന ശാംദേശം മുഴുവൻ പരന്നു. ഖിന്നസുറീൻ, അൻത്വാക്കിയ, ജൂമാ, സർമീൻ, തുയിസീൻ, ഖൂറുസ്, തല്ലി അസാസ്, ദുലൂക്, റഅ്ബാൻ തുടങ്ങിയ പ്രദേശങ്ങൾ വളരെ അനായാസം കീഴ്പ്പെടുത്തി.(താരീഖുത്ത്വബ് രി, വാള്യം 4, പേജ് 53-63, ഥുമ്മ ദഖ്‌ലത്ത്...പ്രസാധകർ ദാറുൽഫിക്റ് ബേറൂത്ത് 2002)(ഖുലഫായെ റാശിദീൻ (റ), ശാഹ് മുഈനുദ്ദീൻ അഹ്മദ് നദ്‌വി, പേജ് 126, മക്തബ റഹ്മാനിയ ലാഹോർ) (അൽകാമിൽ ഫിത്താരീഖ്, വാള്യം 2, പേജ് 326, ദാറുൽകിതാബിൽ അറബി ബേറൂത്ത് 2012)

സ്വഹാബത്തിനെ കുറിച്ചുള്ള ഇന്നത്തെ വിവരണമിതാണ്. ഇനി ഈ വിഷയം പറയുന്നത് ഒരു പക്ഷേ, റമളാനുശേഷമയിരിക്കും. ഇൻശാ അല്ലാഹ് ഇനി റമളാനും അടുത്താഴ്ചമുതൽ തുടങ്ങുകയാണ്.

ഇനി ഞാൻ ബഹുമാന്യ സാഹിബ് സാദി സ്വബീഹാ ബീഗം സാഹിബയെക്കുറിച്ച് പരാമർശിക്കാനാഗ്രഹിക്കുകയാണ്. ഹദ്റത്ത് സാഹിബ് സാദ മിർസാ ബശീർ അഹ്മദ് സാഹിബ്(റ)ന്റെ ദൗഹിത്രിയായിരുന്നു. അതായത് അദ്ദേഹത്തിന്റെ ഏറ്റവും മൂത്ത മകളുടെ മൂത്ത മകളായിരുന്നു. ഹദ്റത്ത് മിർസാ റശീദ് അഹ്മദ് സാഹിബിന്റെ മകളായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പൗത്രനും ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റേയും ഹദ്റത്ത് ഉമ്മുനാസിറിന്റേയും മകനായ സാഹിബ് സാദ മിർസാ അൻവർ സാഹിബിന്റെ ഭാര്യയുമായിരുന്നു. അവർ ഏപ്രിൽ 30ന് 90-ാം വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.

ഈ ബന്ധമനുസരിച്ച് അവർ എന്റെ മാതൃസഹോദരന്റെ ഭാര്യ(അമ്മായി) ആയിരുന്നു.

( ശേഷം പേജ് 10ൽ)

## ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: 'പ്രവർത്തനങ്ങൾക്ക് പ്രതിഫലം നല്കുന്നത് ഉദ്ദേശ്യമനുസരിച്ച് മാത്രമാകുന്നു. ഓരോ മനുഷ്യനും അവനുദ്ദേശിച്ചതെന്തോ അതാണ് ലഭിക്കുക.'**
**(ബുഖാരി, കിതാബുൽ വഹ്‌യ്, ഹദീഥ് നമ്പർ 1)**

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala.

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**'ഭൗതികശക്തികൾ ഇസ്‌ലാം-അഹ്മദിയ്യത്തിനെ തെല്ലും ഭയപ്പെടേണ്ട ആവശ്യമില്ല. എല്ലാ രൂപത്തിലും ഞങ്ങൾ ഒരു ആത്മീയ ജമാഅത്താണ്.'**
**(ഡന്മാർക്ക് പര്യടനം, ചോദ്യോത്തരം 2016 മെയ് 18)**

ത്വാലിബെ ദുആ:
P.P. Nasiruddin , Ameer Ahmadiyya Jama-ath Kannur Town, Kerala.

## സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസിന്റെ ഡന്മാർക്ക്-സ്വീഡൻ പര്യടനം 2016 മെയ്

വിവർത്തനം: അമീൻ മുഹമ്മദ് മാത്ര

### കഴിഞ്ഞ ലക്കം തുടർച്ച.....)

**2016 മെയ് 20 വെള്ളിയാഴ്ച:**

ഖിദ്മത്ത് ഖൽഖ് വിഭാഗം പഴയകാല കുടുംബങ്ങളിൽ പോയി അവർക്ക് ഉപഹാരങ്ങൾ നൽകുക. പ്രാദേശിക പത്രക്കാരെ വിളിക്കുക. ഇത് പബ്ളിസിറ്റിക്ക് വേണ്ടിയോ മറ്റുള്ളവരെ കാണിക്കാൻ വേണ്ടിയോ അല്ല ചെയ്യുന്നത്. ഈ പ്രദേശങ്ങളിൽ ഇസ്‌ലാമിനെ പരിചയപ്പെടുത്താൻ കഴിയണം. മീനാ ബസാറിലൂടെയോ ചാരിറ്റി വാക്കിലൂടെയോ നിങ്ങൾ സമാഹരിക്കുന്ന തുക ഇവിടെ ലോക്കൽ ചാരിറ്റിക്കും നൽകാവുന്നതാണ്. ഇങ്ങനെയും നിങ്ങളുടെ പരിചയം വ്യാപിക്കുന്നതാണ്. പരിശ്രമിക്കേണ്ടി വരും. സാഹചര്യങ്ങൾക്കനുസരിച്ച് പുതിയ പുതിയ വഴികൾ കണ്ടു പിടിക്കേണ്ടതുണ്ട്. നിങ്ങൾക്ക് ജനങ്ങളുമായി ബന്ധമില്ലാതിരിക്കുകയും മറ്റ് മാർഗങ്ങളൊന്നുമില്ലാതിരിക്കുകയുമാണെങ്കിൽ പിന്നെ പരിപാടി കാണിക്കാനുള്ള അവസരം നിങ്ങൾക്കെങ്ങനെ കിട്ടാനാണ്. ഒരു പ്രാവശ്യം പത്രങ്ങളിൽ വന്നാൽ പിന്നെ പത്രക്കാർ സ്വയം നിങ്ങളുടെയടുക്കൽ വരാൻ തുടങ്ങും. നിങ്ങൾ സമാഹരിച്ച തുകയിൽ ഒരു ഭാഗം മസ്ജിദിനും ഒരു ഭാഗം ചാരിറ്റിക്കും നൽകുക. മസ്ജിദും തബ്‌ലീഗിനുള്ള മാർഗമാണ്.ഇതും തബ്‌ലീഗാണ്.

സെക്രട്ടറി നൗ മുബായിആത്ത് പറഞ്ഞു: ചില നൗ മുബായിആത്ത് 10 വർഷമായി അഹ്മദിയാണ്. എന്നാൽ അവർ ലജ്നയുമായി കൂടിച്ചേരലുണ്ടായിട്ടില്ല. അതേപോലെ തന്നെ ആ അംഗങ്ങൾക്ക് ഇംഗ്ളീഷോ സ്വീഡിഷോ അറിയില്ല. റഷ്യൻ ഭാഷ സംസാരിക്കുന്നു. അവർക്ക് വേണ്ടി ഞങ്ങൾ ട്രാൻസ്ലേഷന്റെ സംവിധാനം ചെയ്തിട്ടുണ്ട്. ഒരു സഹോദരി പറയുന്നത് തനിക്ക് നമസ്കാരം അറിയില്ല,അവർക്ക് അറബി പഠിക്കാൻ കഴിയില്ല എന്നാണ്.

**ഹുദൂർ:** തർബിയത്ത് കഴിയുകയും മുഖ്യധാരയുമായിബന്ധപ്പെട്ടു തുടങ്ങിയെങ്കിൽ നല്ലതു തന്നെയാണ്.അവരുമായി ബന്ധം സ്ഥാപിക്കുകയും തുടർന്നും നിലനിർത്തുക., ഇപ്പോൾ നിങ്ങൾ പുതു അഹ്മദികളല്ലയെന്ന് അവരോട് പറയുക.എന്നാൽ അവരുടെ തർബിയ്യത്തിന് വേണ്ടി പ്രത്യേക സിലബസ് വേണ്ടതാണ്. അവർ കൂടിച്ചേരാത്തതിന്റെ കാരണം നിങ്ങൾ അവരോടൊപ്പം ഇരിക്കുമ്പോൾ ഉറുദുവിൽ സംസാരിക്കാൻ തുടങ്ങുന്നു. അവർക്ക് പരാതിയുണ്ട്.സ്വന്തം പരിപാടികൾ ഇംഗ്ളീഷിലോ സ്വീഡിഷിലോ നടത്തുക. റഷ്യക്കാരെ ലണ്ടനിലുള്ള റഷ്യൻ ഡെസ്കുമായി ബന്ധപ്പെടുത്തുക. അവർ ഇവരെ നോക്കും. ഫാർസി, അറബി ഭാഷക്കാരെയും ഇപ്രകാരം ബന്ധപ്പെടുത്തുക. നമസ്കാരം അറിയാത്തവരോട് ചുരുങ്ങിയത് ഫാത്തിഹ സൂറയെങ്കിലും പഠിക്കാൻ പറയുക.കാരണം ഹദീസിലുണ്ട്. സൂറ ഫാത്തിഹ ഇല്ലാതെ നമസ്കാരമില്ല. അതുകൊണ്ട് സൂറ ഫാത്തിഹ പഠിക്കട്ടെ,തർജമ പഠിക്കട്ടെ. ബാക്കി പറയാനുള്ളത് സ്വന്തം ഭാഷയിൽ പറയട്ടെ.

സെക്രട്ടറി മാൽ പറഞ്ഞു: ചില മെമ്പർമാർ സമ്പാദിക്കുന്നവരാണ്.എന്നാൽ, ശറഹനുസരിച്ച് ചന്ദ നൽകുന്നില്ല. ഇതു സംബന്ധമായി ഞങ്ങൾ എന്ത് നടപടികളാണ് സ്വീകരിക്കേണ്ടത്.

**ഹുദൂർ:** നിങ്ങൾ ഓർമ്മപ്പെടുത്തിക്കൊണ്ടിരിക്കുക. ഒരു ബലപ്രയോഗവുമില്ലല്ലോ? ടാക്സുമല്ല തന്നെ. ചന്ദ എന്ന് പറയുന്നത് സാമ്പത്തിക ത്യാഗത്തിലേക്ക് ശ്രദ്ധ ചെലുത്തുന്നതാണ്. സാമ്പത്തിക ത്യാഗം ചെയ്യുക. തങ്ങൾ ചന്ദ നൽകുന്നില്ലായെന്നും തെറ്റാണ് ചെയ്യുന്നതെന്നും അവരെ ബോധ്യപ്പെടുത്തുന്നത് മതിയാകും. തർബിയ്യത്ത് വിഭാഗം പ്രവർത്തനക്ഷമമാകുകയാണെങ്കിൽ അവരുടെ തർബിയ്യത്ത് ശരിയാകുകയാണെങ്കിൽ സ്വയം തന്നെ അവർ ചന്ദ നൽകിത്തുടങ്ങും.നിങ്ങൾ അവരുടെ മേൽ ശക്തി പ്രയോഗിക്കേണ്ടതില്ല. മറിച്ച് ഓർമ്മപ്പെടുത്തി വരിക. എന്താണോ നൽകുന്നത് അത് മതിയാണ്. ആരാണോ ശറഹനുസരിച്ച് ചന്ദ നൽകാത്തത് അവർ പദവി വഹിക്കുന്നവരാകാൻ പറ്റില്ല എന്നതു മാത്രമേയുള്ളൂ.

ശേഷം ആമിലാ മെംബർമാർ ചില പൊതുവായ കാര്യങ്ങൾ ചോദിച്ചു. ഹുദൂർ അവകൾക്കും മറുപടി നൽകി.

ആമിലയിലെ ഒരംഗം ചോദിച്ചു: ഇവിടെ സ്വീഡനിൽ കാർഡ് സിസ്റ്റത്തിന് വേണ്ടി വളരെയധികം പ്രേരണ നൽകപ്പെടുന്നു. ക്യാഷ് സിസ്റ്റത്തെ അവസാനിപ്പിക്കാൻ ആഗ്രഹിക്കുന്നു. സാഹചര്യങ്ങൾ മോശമാകുകയാണെങ്കിൽ പിന്നെ എന്തു ചെയ്യും. എവിടെയെങ്കിലും ക്യാഷ് ഇൻവെസ്റ്റ് ചെയ്താൽ അവിടെ സുരക്ഷിതമായിരിക്കുമോ?

**ഹുദൂർ:** സ്വന്തം കൈയിൽ വെക്കുക, ഇല്ലെങ്കിൽ ബാങ്കിൽ വെക്കുക, അവിടെ സുരക്ഷിതമായിരിക്കും.

മറ്റൊരു മെമ്പർ ചോദിച്ചു: ഏതെങ്കിലും അമീറോ മുറബ്ബി സാഹിബുമാരോ മസ്ജിദിന്റെ ചന്ദക്ക് വേണ്ടി ആഹ്വാനം ചെയ്യുമ്പോൾ ബാങ്കിൽ നിന്ന് പലിശക്ക് കടമെടുത്ത് ചന്ദ നൽകാമോ?

**ഹുദൂർ:** ഇത് നല്ല കാര്യമാണെന്ന് ഞാൻ മനസ്സിലാക്കുന്നില്ല. ജമാഅത്തീ പരമായി സ്വന്തം ബന്ധങ്ങൾ കാരണത്താൽ അൽപം കടം എടുത്താൽ തന്നെ അത് ഉടൻ അഡ്ജസ്റ്റ് ആയിക്കൊള്ളും. എന്നാൽ, നിങ്ങൾ വ്യക്തിപരമായി എടുക്കുന്നത് ശരിയല്ല. ബാങ്കിൽ കൂടുതൽ പണമുണ്ടെങ്കിൽ അതിന്റെ പുറത്ത് പലിശ കിട്ടുന്നുമുണ്ടെങ്കിൽ നിങ്ങൾക്ക് അത് ഇസ്‌ലാമിന്റെ പ്രചാരണത്തിന് നൽകാവുന്നതാണ്.

ആരെങ്കിലും പലിശക്ക് ആഹ്വാനം ചെയ്താൽ എനിക്കെഴുതുക. അവരോട് മർക്കസിന്റെ ഓർഡർ കാണിക്കാൻ പറയുക. ആമിലാ മെമ്പർ അത്തരം ആഹ്വാനം ഒന്നും ഉണ്ടായിട്ടില്ല എന്ന് വ്യക്തമാക്കി.

**ഹുദൂർ:** ത്യാഗം എന്നാൽ തന്റെ മേൽ ഭാരം ഇട്ടുകൊണ്ട് നിർവ്വഹിക്കാൻ കഴിയുന്നതിനെയാണ്. തന്റെ മേൽ പലിശയുടെ ഭാരം ഇട്ടുകൊണ്ട് ത്യാഗം ചെയ്യുക ത്യാഗമല്ല.

ഒരു മെമ്പർ ചോദിച്ചു: ഭാര്യയും ഭർത്താവും ചേർന്ന് ബാങ്കിൽ നിന്ന് കടമെടുത്ത് വീട് വാങ്ങി. ഭാര്യ വസിയ്യത്ത് ചെയ്യാൻ ആഗ്രഹിക്കുന്നു. എന്നാൽ, കടമാണെന്ന് പറഞ്ഞുകൊണ്ട് ഭർത്താവ് അംഗീകരിക്കുന്നില്ല. ഈ രൂപത്തിൽ എന്താണ് ചെയ്യേണ്ടത്?

**ഹുദൂർ:** എല്ലാ സ്ഥലത്തും കടത്തിലോ വാടകക്കോ ആണ് വീട് വാങ്ങിക്കുന്നത്. എല്ലാ വർഷവും പണം അടച്ചുകൊണ്ടു ഇരിക്കുന്നുണ്ട്. അതിന്റെ വിഹിതം എല്ലാ മാസവും അടക്കുന്നത്. വസിയ്യത്ത് ചെയ്യാൻ ആഗ്രഹിക്കുന്നെങ്കിൽ ഈ വീടും സ്വത്തായി എഴുതപ്പെടുന്നതാണ്.അതിന്റെ സ്വത്തിന്റെ വസിയ്യത്ത് തുക അടക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അടച്ചു തീർത്ത തുകയുടെ വസിയ്യത്തിന്റെ പങ്ക് അടക്കാവുന്നതാണ്. സ്വത്തിന്റെ വില കണക്കാക്കി 5 വർഷം വരെ അതിന്റെ വിഹിതം അടച്ചു കൊണ്ടിരിക്കുക. അതുമല്ലെങ്കിൽ പണയത്തുക എത്രയടച്ചോ അതിന്റെ വസിയ്യത്ത് തുക അടച്ചുകൊണ്ടിരുന്നാൽ മതി. മനുഷ്യൻ പണയത്തുക അടച്ചു തീർക്കുന്നതിന്ന് മുന്നേ മരിക്കുകയാണെങ്കിൽ എത്രയാണോ പണയത്തുക അടച്ചത് അത് അയാളുടെ സ്വത്താണ്. ബാക്കിയുള്ളത് ബാങ്കിന്റെ സ്വത്താണ്. വസിയ്യത്ത് വിഭാഗം തുകയടച്ച ഭാഗം മാത്രമേ സ്വത്തായി പരിഗണിക്കുകയുള്ളൂ. ബാക്കിയുള്ളത് ഭർത്താവ് അടക്കാൻ കഴിയില്ല എന്ന് പറഞ്ഞാൽ വീട്ടിൽ പ്രശ്നം ഉണ്ടാക്കരുത്. ഭാര്യാ ഭർത്താക്കൻമാരുടെ ഇടയിൽ അൻഡർസ്റ്റാന്റിംഗ് ഇല്ലെങ്കിൽ പിന്നെ ഒഴിവാക്കുക. ആദ്യം ഏറ്റു മുട്ടുന്നതിന്ന് പകരം വീടുകളിൽ സമാധാനമാണ് ഉണ്ടാക്കേണ്ടത്. കുഴപ്പം സൃഷ്ടിക്കുന്നതിന്ന് പകരം അൺഡർസ്റ്റാന്റിംഗ് ഉണ്ടാക്കുക.

ഒരു മെമ്പർ ചോദിച്ചു: ഇവിടെ സിറിയയിൽ നിന്നും ആളുകൾ വന്നുകൊണ്ടിരിക്കുന്നു.അവരുടെ മക്കളെ ദത്തെടുക്കാമെന്നുള്ള ഒരു ഒപ്ഷനുണ്ട്. ഭരണകൂടത്തിൽ നിന്നും അനുവാദമുണ്ട്. അഹ്മദി കുടുംബങ്ങൾക്കും അനുവാദമുണ്ടോ?

**ഹുദൂർ:** ഭരണകൂടത്തിൽ നിന്നും അനുമതിയുണ്ടെങ്കിൽ ചെയ്യാവുന്നതാണ്. എന്നാൽ,അവരുടെ മാതാപിതാക്കളുമായുള്ള ബന്ധം അവസാനിക്കുമോ? പൂർണമായും ആരുടെ നിയന്ത്രണത്തിലായിരിക്കും. ഭരണകൂടത്തിന്റെ ഉത്തരവാദിത്വം എന്തായിരിക്കും. നിങ്ങളുടെ ഉത്തരവാദിത്വം എന്തായിരിക്കും. ആദ്യം ഈ നിയമങ്ങൾ അന്വേഷിച്ചറിയുക. അതിന്ന് ശേഷം ശരിയാണെങ്കിൽ ദത്തെടുക്കാവുന്നതാണ്.

ഹുദൂറുമൊത്തുള്ള ലജ്ന ഇമായില്ലായുടെ ഈ നാഷണൽ മജ്‌ലിസെ ആമില 7.30 വരെ നീണ്ടു നിന്നു.

### കുടുംബ സംഗമം.

ശേഷം ഹുദൂർ ഓഫീസിലെത്തി. തുടർന്ന് കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ച ആരംഭിച്ചു.വൈകുന്നേരം നടന്ന ഈ സംഗമത്തിൽ 26 കുടുംബത്തിൽ നിന്നുള്ള 70 പേർക്ക് ഹുദൂറുമൊത്ത് കൂടിക്കാഴ്ച നടത്തുന്നതിന് സൗഭാഗ്യം ലഭിച്ചു. ഗോഥൻ ബർഗ് ജമാഅത്തിൽ നിന്ന് വന്നവരെ കൂടാതെ കാൽമാർ ജമാഅത്തിൽ നിന്നുമുള്ള കുടുംബങ്ങളും ഈ സംഗമത്തിൽ പങ്കെടുത്തിരുന്നു. 345 കിലോ മീറ്റർ ദൂരം താണ്ടിയാണ് അവരെത്തിയത്. കൂടാതെ സമീപരാഷ്ട്രങ്ങളായ നോർവേ. ഫിൻലാന്റ് എന്നിവിടങ്ങളിൽ നിന്ന് കുടുംബങ്ങളും ഇതിൽ ഉൾപ്പെടുന്നു. 295 കിലോ മീറ്റർ നോർവേയിൽ നിന്നും 1082 കിലോ മീറ്റർ ഫിൻലാന്റിൽ നിന്നും താണ്ടിയാണ് ഈ കുടുംബങ്ങൾ എത്തിയത്.

ഇവർക്കെല്ലാവർക്കും ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും ഭാഗ്യം കിട്ടി. വിദ്യാർഥി വിദ്യാർഥിനികൾക്ക് ഹുദൂർ പേനയും ചെറിയ കുട്ടികൾക്ക് ചോക്ലേറ്റും നൽകുകയുണ്ടായി. 8.45വരെ ഈ പരിപാടി നീണ്ടു നിന്നു. തുടർന്ന് ഹുദൂർ താമസ സ്ഥലത്തേക്ക് മടങ്ങി.

### ആമീൻ പരിപാടി

9.45-ന് ഹുദൂർ മസ്ജിദ് നാസിറിലെത്തി. തുടർന്ന് ആമീൻ പരിപാടി ആരംഭിച്ചു. താഴെ പറയുന്ന 27 കുട്ടികളിൽ നിന്ന് ഹുദൂർ വിശുദ്ധ ഖുർആനിൽ നിന്ന് ഓരോ ആയത്ത് കേൾക്കുകയും ശേഷം ദുആ ചെയ്യുകയും ചെയ്തു.അസീസം അമാൻ അഹ്മദ് ഖാൻ, അസീസം ഹംസ അഹ്മദ് ഖാൻ, അസീസം വലീദ് അഹ്മദ്, അസീസം മുത്വഹർ അഹ്മദ് ഖാൻ, അസീസം ഫാറാൻ റശീദ് ഡോഗർ, അസീസം ഫൈസാൻ മലിക്, അൻസ്വർ അഹ്മദ്, അസീസം രിള്‌വാൻ റശീദ് ഡോഗർ, അസീസം യൂനുസ് ശേയ്ഖ്, അസീസം ഫാരിസ് മഹ്ഫൂള്, അസീസം സാരിബ് ജഹാംഗീർ, അസീസം ഉബയ്ർ അഹ്മദ്, അസീസ ആഫിയ റഫീഅ്, അസീസ ദുർരെ അദ്ൻ, അസീസ ശീല അഹ്മദ്, അസീസ അത്വിയ റശീദ് ഡോഗർ, അസീസ ദാനിയ അമീനി, അസീസ ആയിശ ഖുലൂദ്, അസീസ ആഇശ ഇലാഹി, അസീസ

ആയിശ ബഷീർ, അസീസ ഗസ്സാല സുൽത്താൻ, അസീസ ദാനിയ ചൗദരി, അസീസ മഹുശ് ഖാൻ, അസീസ ഥംരീൻ സഫർ, അസീസ ബരീദ അൻവർ, അസീസ കൻസ ശേയ്ഖ്, അസീസ സൽമാന അക്മൽ.

ആമീൻ പരിപാടിക്കുശേഷം ഹുദൂർ മഗ്രിബ് ഇശാഅ് ജംആക്കി നമസ്കാരിപ്പിച്ചു. തുടർന്ന് ഹുദൂർ താമസ സ്ഥലത്തേക്ക് മടങ്ങി.

സ്വീഡിഷ് നാഷണൽ ടെലിവിഷൻ (Sveriges Vast Television)മെയ് 20 –ലെ കവറേജിൽ ഇങ്ങനെ വാർത്ത നൽകി: (ഇത് നാഷണൽ ടെലിവിഷന്റെ പടിഞ്ഞാറൻ ബ്രാഞ്ചാണ്. ഈ പ്രദേശത്ത് 1.2 മില്യൺ ജനത താമസിക്കുന്നു. വാർത്തയിൽ ഹുദൂറിനേയും ജമാഅത്തിനേയും പരിചയപ്പെടുത്തി. ഈ വാർത്തയോടൊപ്പം ഓൺലൈനിൽ ഒരു ലേഖനവും പ്രസിദ്ധീകരിക്കപ്പെട്ടു.)

സ്വീഡനിലെ അഹ്മദിയ്യാ ജമാഅത്തിന്റെ ആദ്യ മസ്ജിദ് ഖലീഫ മിർസാ മസ്റൂർ അഹ്മദ് സന്ദർശിച്ചു വരുന്നു. ഇന്നത്തെ ജുമുഅ ഖുത്വ്ബ അദ്ദേഹമാണ് നിർവ്വഹിക്കുന്നത്. ഇത് 207 രാജ്യത്ത് തൽസമയം സംപ്രേഷണം ചെയ്യപ്പെടും. അങ്ങനെ ലക്ഷക്കണക്കിന് ആളുകളിലേക്ക് തൽസമയം എത്തുന്നതാണ്.

ഗോഥൻ ബർഗിലെ അദ്ദേഹത്തിന്റെ രണ്ടാമത്തെ സന്ദർശനമാണിത്. ജമാഅത്തംഗങ്ങൾ ഇതൊരു അംഗീകാരമായി മനസ്സിലാക്കുന്നു. ഹുദൂർ വരുന്നു എന്നതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. സ്വീഡൻ സന്ദർശനം മാൽമോയിൽ നിന്നാണ് ആരംഭിച്ചത്. അവിടെ ഹുദൂർ പുതിയ ഒരു മസ്ജിദ് ഉൽഘാടനം ചെയ്തിരിക്കുന്നു. ശേഷം സ്റ്റോക്ക് ഹോമിൽ ചില പരിപാടികളിൽ പങ്കെടുത്തു. സമാപനം ഇപ്പോൾ ഗോഥൻ ബർഗിലാണ്. ഇമാം കാശിഫ് വർക് ലക്ഷക്കണക്കിന് മുസ്ലിമീംകളുടെ നേതാവായ ഖലീഫ പാക്കിസ്താനിലാണ് ജനിച്ചത് എന്ന് പറഞ്ഞു.എന്നാൽ, താമസ്സം ലണ്ടനിലാണ്. അദ്ദേഹം 207 രാജ്യത്തെ ലക്ഷക്കണക്കിന് മുസ്ലിമീംകളുടെ നേതാവാണ്. അഹ്മദിയ്യത്ത് ഒരു സുന്നി വിഭാഗമാണ്. ഇതിന്റെ അസ്തിവാരം ഇന്ത്യയിലാണ് ഇടപ്പെട്ടത്. ചില മുസ്ലിമീംകളുടെ ഇവരെ കുറിച്ചുള്ള അഭിപ്രായം വിവാദപരമാണ്. കാരണം നുബുവ്വത്തിനെ കുറിച്ചുള്ള അവരുടെ അഭിപ്രായം ഏകകണ്ഠമാണ്. ഇവർക്ക് വളരെയധികം രാജ്യങ്ങളിൽ എതിർപ്പിനെ നേരിടേണ്ടി വരുന്നു. സ്വീഡനിൽ ആയിരം അഹ്മദി മുസ്ലിമീംകളുണ്ട്. വളരെയധികം പേർ ഖലീഫയെ കാണാൻ നീണ്ട യാത്ര ചെയ്താണ് വന്നത്. ഇന്റർ നാഷണൽ മീഡിയയിൽ അദ്ദേഹം മുസ്ലിം പോപ്പ് എന്ന നിലയിൽ വിശേഷിപ്പിക്കപ്പെട്ടിരിക്കുന്നു. എന്നാൽ, സ്വീഡിഷ് മീഡിയയിൽ ഏറിയ പങ്കും സിത്രീകളുടെ ഹസ്തദാനം, സ്വവർഗ്ഗരതി എന്നീ വിഷയങ്ങളിൽ ഇസ്ലാമികാധ്യാപനങ്ങളുമായി ബന്ധപ്പെട്ടാണുള്ളത്. ഖലീഫ തീവ്രവാദത്തിനെതിരെ വളരെ ആവേശത്തോടെയാണ് പ്രവർത്തിച്ചു വരുന്നത്. അഭയാർഥികളുടെ പ്രശ്നത്തെ കുറിച്ചുള്ള ചർച്ച അവർക്ക് വളരെ പ്രധാനമാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ സന്ദേശം; 'എല്ലാവരോടും സ്നേഹം, ആരോടുമില്ല വെറുപ്പ്'എന്നതാണ്.

## 2016 മെയ് 21

ഹുദൂർ അൻവർ 3.45–ന് മസ്ജിദ് നാസിറിൽ സുബ്ഹി നമസ്കാരത്തിനു നേതൃത്വം നൽകി. ശേഷം താമസസ്ഥലത്തേക്ക് മടങ്ങി. രാവിലെ ഓഫീസ് സംബന്ധമായ കത്തുകൾ, റിപ്പോർട്ടുകൾ പരിശോധിച്ച് ആവശ്യമായ മാർഗനിർദേശങ്ങൾ നൽകി.

ഹുദൂർ ഗോഥൻ ബർഗിൽ ഉണ്ടായിരുന്ന സമയങ്ങളിൽ ലണ്ടൻ കേന്ദ്രത്തിൽനിന്നും ഇതര രാഷ്ട്രങ്ങളിൽ നിന്നുമുള്ള ദൈനം ദിന കത്തുകളും റിപ്പോർട്ടുകളും ഫാക്സ്, ഈ മെയിൽ വഴി വന്നുകൊണ്ടിരുന്നു. എല്ലാ ദിവസവും ഹുദൂർ അവയ്ക്ക് മറുപടിയും മാർഗനിർദേശങ്ങളും നൽകിക്കൊണ്ടിരുന്നു.

### കൂടിക്കാഴ്ചകൾ

11 മണിക്ക് ഹുദൂർ ഓഫീസിലെത്തി. കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ചകൾ ആരംഭിച്ചു. രാവിലെ നടന്ന ഈ പരിപാടിയിൽ 40 കുടുംബത്തിൽ നിന്നുള്ള 126 പേർക്ക് തങ്ങളുടെ പ്രിയ ഇമാമിനെ കാണുന്നതിന് ഭാഗ്യം ലഭിച്ചു. ഗോഥൻ ബർഗിലെ തദ്ദേശ ജമാഅത്തംഗങ്ങളെ കൂടാതെ സ്റ്റോക്ക്ഹോം ജമാഅത്തിലെ കുടുംബങ്ങളും പങ്കുചേർന്നു.അയൽ രാജ്യങ്ങളായ നോർവെ, ഫിൻലാന്റ്, കൂടാതെ പാക്കിസ്താനിൽ നിന്നുള്ള കുടുംബങ്ങളും ഇവരിൽ പെടുന്നു. എല്ലാവർക്കും ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും ഭാഗ്യം കിട്ടി. വിദ്യാർഥി വിദ്യാർഥിനികൾക്ക് ഹുദൂർ പേനകൾ നൽകി. ചെറിയകുട്ടികൾക്ക് ചോക്ലേറ്റും നൽകി. കൂടിക്കാഴ്ചയുടെ ഈ പരിപാടി ഉച്ച കഴിഞ്ഞ് 2 മണി വരെ തുടർന്നു. ശേഷം മസ്ജിദ് നാസിറിൽ ളുഹർ അസ്ർ നമസ്കാരം ജംആക്കി നമസ്കരിപ്പിച്ചു.

### നിക്കാഹ് വിളംബരം

നമസ്കാര ശേഷം ഹുദൂറിന്റെ അനുമതിയോടെ മുബല്ലിഗ് ഇൻചാർജ് സ്വീഡൻ ആദരണീയനായ ആഗാ യഹ്യാ ഖാൻ സാഹിബ് ഒരു നിക്കാഹിന്റെ വിളംബരം നടത്തി. ഈ വേദിയിൽ ഹുദൂർ തന്റെ സാന്നിദ്ധ്യം നൽകി അനുഗ്രഹിച്ചു. ഡെന്മാർക്ക് ജമാഅത്തംഗം ആദരണീയനായ അബ്ദുൽ ഹലീം ലോൺ സാഹിബിന്റെ മകൾ ആമിനാ ഹലീം ആയിരുന്നു വധു. ആദരണീയനായ മുബാറക് അഹ്മദ് മർഹൂമിന്റെ (സ്വീഡൻ) മകൻ ഇർഫാൻ അഹ്മദ് സാഹിബായിരുന്നു വരൻ. ശേഷം ഹുദൂറിന്റെ നേതൃത്വത്തിൽ ഇജ്തിമാഈ ദുആ നടന്നു. തുടർന്ന് ഹുദൂർ താമസസ്ഥലത്തേക്ക് മടങ്ങി.

### ഖുദ്ദാമുൽ അഹ്മദിയ്യാ സ്വീഡന്റെ നാഷണൽ മജ്ലിസെ ആമില

വൈകുന്നേരം 6.30 –ന് ഹുദൂർ മീറ്റിംഗ് ഹാളിലെത്തി. ഇവിടെ സ്വീഡനിലെ നാഷണൽ ഖുദ്ദാമുൽ അഹ്മദിയ്യയുമായി ഹുദൂറിന്റെ മീറ്റിംഗ് നടന്നു. ഹുദൂർ ദുആ ചെയ്യിച്ചു. ശേഷം മുഅ്തമിദിനോട് ഖുദ്ദാമിനെ കുറിച്ചുള്ള വിവരങ്ങൾ അന്വേഷിച്ചു. മുഅ്തമിദ് പറഞ്ഞു: ഞങ്ങൾക്ക് 4 മജ്ലിസുണ്ട്. എല്ലാവരും മാസാന്ത റിപ്പോർട്ട് അയക്കുന്നുണ്ട്. ഈ റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ ഒരു ഫൈനൽ റിപ്പോർട്ട് തയ്യാറാക്കപ്പെടുകയും അത് സദ്ർ സാഹിബിന് നൽകുകയും ചെയ്യുന്നു.

**ഹുദൂർ:** മുഹ്തമിമീൻ (ഇതര സെക്രട്ടറിമാർ) സ്വന്തം വിഭാഗത്തെ കുറിച്ച് എന്തെങ്കിലും വിശകലനം നടത്തി മറുപടി കൊടുക്കാറുണ്ടോ?

മുഅ്തമിദ്: രണ്ടോ മൂന്നോ മുഹ്തമിമുമാർ അയക്കുന്നുണ്ട്.

**ഹുദൂർ:** ഓരോ മുഹ്തമിമും അവരുടെ വിഭാഗത്തെ കുറിച്ച് വിശകലനം നടത്തി മറുപടി മജ്ലിസുകൾക്ക് നൽകേണ്ടതാണ്. ആഴ്ചയിൽ ഒരു പ്രാവശ്യം മാസത്തിൽ രണ്ട് പ്രാവശ്യം തങ്ങളുടെ റിപ്പോർട്ടുകൾ നോക്കിക്കൊണ്ടിരിക്കേണ്ടതാണ്. എന്നിട്ട് അവയിൽ തന്റെ വിശകലനം രേഖപ്പെടുത്തേണ്ടതാണ്.തുടർന്ന് അതാത് നാളിമീംകൾക്ക് അയക്കേണ്ടതാണ്.

ഹുദൂർ മുഹ്തമിം ഉമൂറെ തുലബായോട്ചോദിച്ചു: യൂണിവേഴ്സിറ്റിയിലും കോളേജുകളിലും നിങ്ങളുടെ എത്ര വിദ്യാർഥികളുണ്ട്. യൂണിവേഴ്സിറ്റിയിലും കോളേജുകളിലും എത്ര കുട്ടികളുണ്ടെന്നുള്ള വിവരം മജ്ലിസുകളിൽ നിന്ന് ശേഖരിക്കുക. നിങ്ങൾക്കവരുമായി വ്യക്തിബന്ധം ഉണ്ടായിരിക്കേണ്ടതാണ്. നമ്മുടെ വിദ്യാർഥികളുടെ അസോസിയേഷൻ ഉണ്ടാക്കുക. അവരുടെ സെമിനാർ സംഘടിപ്പിക്കുക. ഇപ്രകാരം അവർക്ക് ഒത്തുചേരാൻ കഴിയുന്നതായിരിക്കും. ഖുദ്ദാമിന് പരിപാടികളിൽ താൽപര്യവും വളർന്നു വരും.

മുഹ്തമിം മാലിനോട് ഹുദൂർ ചോദിച്ചു: എത്ര ഖുദ്ദാം ചന്ദ മജ്ലിസ് നൽകുന്നുണ്ട?

മുഹ്തമിം മാൽ: 222 ഖുദ്ദാം ചന്ദ മജ്ലിസ് നൽകുന്നു. ഞങ്ങളുടെ ബഡ്ജറ്റ് 2,89,000–ക്രോണർ ആണ്. ഞങ്ങളുടെ ചന്ദ ഒരു ഖാദിമിന്റെ ശരാശരി 80 ക്രോണറാണ്. ഇജ്തിമാ ചന്ദ 16,000 ക്രോണറാണ്.കഴിഞ്ഞ ഇജ്തിമാക്ക് 20,000–ക്രോണർ ചെലവായിരുന്നു.

മുഹ്തമിം തജ്നീദ് തന്റെ റിപ്പോർട്ട് സമർപ്പിച്ചു കൊണ്ട് പറഞ്ഞു: 'ഖുദ്ദാമിന്റെ തജ്നീദ് 246 ആണ്.

മുഹ്തമിം ഇശാഅത്ത്: ഞങ്ങൾ ഖുദ്ദാമിന്റെ മാഗസിൻ ഇറക്കുന്നുണ്ട്.ഇത് സ്വീഡിഷ് ഭാഷയിലാണ്. അതിന്റെ നാമം 'ചമക്ത ഹുവാ സിത്താര'എന്നാണ് .1995–ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമൻ അംഗീകാരം നൽകിയതാണിത്.ഈ വർഷം അതിന്റെ രണ്ടാമത്തെ പ്രതി പ്രസിദ്ധീകരിക്കുകയാണ്.

**ഹുദൂർ :**21 വർഷത്തിന് ശേഷം രണ്ടാമത്തെ പ്രതി പ്രസിദ്ധീകരിക്കുന്നു. ഈ കണക്കനുസരിച്ച് 2037–ൽ മൂന്നാമത്തെ പ്രതി പ്രസിദ്ധീകരിക്കും! ചുരുങ്ങിയത് വർഷത്തിൽ രണ്ടോ മൂന്നോ പ്രതി കളിറക്കേണ്ടതാണ്. ഹുദൂർ ജേർണലിന്റെ വിഷയങ്ങളെ സംബന്ധിച്ചും തയ്യാറാക്കുന്ന വ്യക്തിയെപ്പറ്റിയും അന്വേഷിച്ചു.

ഹുസൂർ: വ്യവസ്ഥാപിതമായി ഇശാഅത്ത് കമ്മിറ്റിയിൽ നിന്ന് അതിലെ വിഷയത്തിന്റെ അംഗീകാരം വാങ്ങിക്കേണ്ടതാണ്. അല്ലെങ്കിൽ ഏത് മുറബ്ബിയാണോ ചെക്ക് ചെയ്യുന്നത് അവരുടെ ഭാഗത്തു നിന്ന് ചെക്കു ചെയ്തുവെന്ന് കൃത്യമായി എഴുതിയിരിക്കേണ്ടതാണ്.അതായത് താൻ വായിച്ചിരിക്കുന്നു, ഇത് ശരിയാണെന്ന് എഴുതുക.വിഷയത്തിന്റെ അടിസ്ഥാനത്തിലും ഭാഷ തുടങ്ങിയവയും ശരിയാണെന്ന് രേഖപ്പെടുത്തുക. സ്റ്റോക്ക്ഹോം മുബല്ലിഗ് കാശിഫ് വർക് സാഹിബിനെ കാണിക്കുക. അദ്ദേഹത്തിൽനിന്ന് ഉറപ്പ് വാങ്ങുക. അതേപോലെ അദ്ദേഹം വായിച്ചുവെന്നും പ്രസിദ്ധീകരണത്തിന് യോഗ്യമാണെന്നും എഴുതി എന്നേയും അറിയിക്കുക. ഈ ജേർണലിൽ ഇന്ന ഇന്ന വിഷയങ്ങൾ ഉണ്ടെന്നും ഞാനും വായിച്ചുവെന്നും ഇതിനുള്ളിലുള്ള വിഷയങ്ങൾ ശരിയാണെന്നും പ്രസിദ്ധീകരണ യോഗ്യമാണെന്നും എനിക്കും എഴുതുക. ഇപ്രകാരം വ്യവസ്ഥാപിതമായി പരിശോധിച്ച ശേഷം ഈ ജേർണൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

മുഹ്തമിം സിഹ്ഹത്തെ ജിസ്മാനി(ആരോഗ്യ വിഭാഗം) തന്റെ റിപ്പോർട്ട് സമർപ്പിച്ചു കൊണ്ട് പറഞ്ഞു: ഖുദ്ദാം ആഴ്ചയിൽ ഒരു പ്രാവശ്യം ഫുട്ബോൾ കളിക്കുന്നു. (തുടരും)

'മാതാപിതാക്കളുടെ സ്വന്തം മാതൃക കുട്ടികൾക്കു മുമ്പിൽ നിലനില്ക്കാത്തിടത്തോളം കുട്ടികളിൽ അത് സ്വാധീനമുണ്ടാക്കുകയില്ല. അതുകൊണ്ട് സുബ്ഹി നമസ്കാരത്തിനും എഴുന്നേല്ക്കുക.'
(ഖുത്ബാത്തെ മസ്റൂർ, വാല്യം 3, പേജ് 565)

അമീറുൽ മുഅ്മിനീന്റെ ഉപദേശം:-

ത്വാലിബെ ദുആ:
Dr. C. Salahuddin, Ameer Ahmadiyya Jama-ath Calicut, Kerala.

"വ്യക്തിപരമായ നിലയിൽ ലയ്ലത്തുൽഖദ്റിൽ നിന്ന് അനുഗ്രഹം പ്രാപിക്കുന്നതിന് ഈ റമളാനിൽ പരസ്പരമുള്ള വൈരാഗ്യങ്ങൾ അവസാനിപ്പിക്കാൻ നമ്മൾ ശ്രമിക്കേണ്ടതാണ്."
(ജുമുഅ ഖുത്ബ 25–7–2014)

അമീറുൽ മുഅ്മിനീന്റെ ഉപദേശം:-

ത്വാലിബെ ദുആ:
Muhammad Safwan&Family, Ahmadiyya Jama-ath Kakkanad, Kerala.

# നമസ്കാരം നിർബന്ധമാണെന്നതുപോലെ, മസ്ജിദിൽ ജമാഅത്തോടുകൂടി നമസ്കരിക്കുന്നത് നിർബന്ധമാണെന്നപോലെ സക്കാത്തും നിർബന്ധമാണ്.

ഇസ്‌ലാമിലെ അഞ്ച് അടിസ്ഥാനപരമായ കാര്യങ്ങളിൽ ഒന്നാണ് സക്കാത്ത്. തോത് പൂർത്തിയായിട്ടുള്ള മുസ്‌ലിമിന് അത് കൊടുക്കുക എന്നത് ശരീഅത്തുപരമായ ഒരു പ്രധാനപ്പെട്ട കടമയാണ്. സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) സക്കാത്ത് കൊടുക്കേണ്ടതിന്റെ പ്രാധാന്യത്തെ സംബന്ധിച്ച് പറയുന്നു: 'ഞാൻ വീണ്ടും നിങ്ങളോടു അഭ്യർഥിക്കുകയാണ്. നമ്മുടെ നബി(സ)തിരുമേനി സക്കാത്തിന്റെ സമ്പത്ത് ഒരിടത്ത് ഒരുമിച്ചുകൂട്ടി വിതരണം ചെയ്യുന്ന മാതൃക കാണിച്ചതുപോലെ, അല്ലാഹുവിന്റെ പരിശുദ്ധഗ്രന്ഥം അത് ചെലവഴിക്കേണ്ടതു പറഞ്ഞുതന്നപോലെ ആകാത്തിടത്തോളം, നമ്മുടെ ജമാഅത്ത് അത് ഒരിടത്ത് സമാഹരിച്ച് അത് ചെലവഴിക്കുന്നില്ലെങ്കിൽ- ഇസ്‌ലാമിക നിയമങ്ങളുടെ നാലു നിയമങ്ങളിൽനിന്ന് ഒരു മഹത്തായ നിയമം അവർ പാലിക്കുന്നവരാണെന്ന് പറയപ്പെടുകയില്ല. നമസ്കാരങ്ങൾ നിർബന്ധമാണെന്നതുപോലെ, മസ്ജിദിൽ പോയി ജമാഅത്തോടുകൂടി നമസ്കരിക്കുന്നത് നിർബന്ധമാണെന്നപോലെ സക്കാത്ത് നിർബന്ധമാണ്. അത് ഒരിടത്ത് സമാഹരിച്ച് വിതരണം ചെയ്യുകയും അതിന് നിശ്ചയിച്ചവരിൽ ചെലവഴിക്കുകയും ചെയ്യേണ്ടത് നിർബന്ധമാണ്. അതുകൊണ്ട് നമസ്കാരവും നോമ്പും ഹജ്ജും ചെയ്യുന്നത് നിർബന്ധമാണെന്നപോലെ സക്കാത്ത് കൊടുക്കലും നിർബന്ധമാണെന്ന് മനസ്സിലാക്കുക." (മാലീ നിള്ളാം ഭാഗം 2, പേജ് 30)

സക്കാത്തിന്റെ തോതിനെ സംബന്ധിച്ച് സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ) പറയുന്നു: 'സക്കാത്ത് എന്നു പറയുന്ന ഈ ടാക്സ് വരുമാനത്തിനല്ലെന്ന കാര്യം ഓർക്കുക. മറിച്ച്, മൂലധനവും ലാഭവും എല്ലാം കൂടിയുള്ളതിലാണ് നികുതി ചുമത്തുന്നത്. ഇപ്രകാരം രണ്ടര ശതമാനം യഥാർഥത്തിൽ ചിലപ്പോൾ ലാഭത്തിന്റെ 50% ആയിത്തീരുന്നു. (അഹ്മദിയ്യത്ത് യഅ്നീ ഹഖീഖി ഇസ്‌ലാം, അൻവാറുൽ ഉലൂം വാള്യം 8 പേജ് 306). ആഭരണങ്ങളുടേയും നാണയങ്ങളുടേയും സക്കാത്തിനെ സംബന്ധിച്ച് സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് പറയുന്നു: 'വെള്ളിക്ക് വെള്ളിയുടേയും സ്വർണ്ണത്തിന് സ്വർണ്ണത്തിന്റേയും തോതായിരിക്കും. അത് നബി(സ)തിരുമേനി തന്റെ അനുഗൃഹീത കാലഘട്ടത്തിൽ നേരിട്ട് നടപ്പിൽ വരുത്തിയതാണ്. റൊക്കം പണത്തിനുള്ള സക്കാത്തിന്റെ തോതിനെ സംബന്ധിച്ചിടത്തോളം ഇക്കാലത്ത് ലോകത്തെ ഭൂരിപക്ഷവും സ്വർണ്ണത്തെയാണ് മാനദണ്ഡമാക്കിയിട്ടുള്ളത്. അതുകൊണ്ട് രൂപയുടെ സക്കാത്തും സ്വർണ്ണം തന്നെ മാനദണ്ഡമായി മനസ്സിലാക്കുന്നതായിരിക്കും." (സ്വദ്ർ സാഹിബ് മജ്‌ലിസെ ഇഫ്ത്തായ്ക്ക് ഹുദൂർ അയ്യദഹുല്ലാഹ് എഴുതിയ കത്ത് )

നബി(സ) തിരുമേനി വെള്ളിയ്ക്ക് 52 1/2 തോലയും സ്വർണ്ണത്തിന് 7 1/2 തോലയും തോത് നിശ്ചയിച്ചിരിക്കുന്നു.

ഇതിന്റെ അടിസ്ഥാനത്തിൽ ഒരാളുടെ കൈയിൽ 52 1/2 തോല (612 ഗ്രാം) വെള്ളിയുണ്ടെങ്കിൽ, അതിന് ഒരു വർഷം കഴിഞ്ഞിട്ടുണ്ടെങ്കിൽ അതിന്റെ നാല്പതിൽ ഒരുഭാഗം അതായത് രണ്ടര ശതമാനം സക്കാത്ത് കൊടുക്കേണ്ടത് നിർബന്ധമാണ്.

ഇപ്രകാരംതന്നെ ഒരാളുടെ കൈയിൽ ഏഴര തോല (87 ഗ്രാം) സ്വർണ്ണമുണ്ടെങ്കിൽ അതിനു തുല്യമായ നാണയമുണ്ടെങ്കിൽ അതിന് ഒരു വർഷം കഴിഞ്ഞിട്ടുണ്ടെങ്കിൽ അതിന്റെ നാൽപതിലൊരു ഭാഗം അതായത് രണ്ടരശതമാനം സക്കാത്ത് കൊടുക്കേണ്ടത് നിർബന്ധമാണ്.

ആഭരണങ്ങളെ സംബന്ധിച്ച് ഓർക്കേണ്ടത് ആഭരണം ധരിക്കുന്നതിനുവേണ്ടിയാണ് വെച്ചിട്ടുള്ളതെങ്കിൽ, വ്യക്തിപരമായ ഉപയോഗിക്കുന്നുവെങ്കിൽ, ഇടയ്ക്കിടയ്ക്ക് ആർക്കെങ്കിലും ഇരവ് കൊടുക്കാറുണ്ടെങ്കിൽ അത്തരം ആഭരണങ്ങൾക്ക് സക്കാത്ത് കൊടുക്കുന്നത് നല്ലതാണ്. ധരിക്കുന്ന ആഭരണങ്ങളുടെ സക്കാത്തിനെ സംബന്ധിച്ച് സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ധരിക്കുന്ന ആഭരണങ്ങൾക്കും ഇടയ്ക്കിടെ ദരിദ്രരായ സ്ത്രീകൾക്ക് ഉപയോഗിക്കാൻ കൊടുക്കുന്ന ആഭരണങ്ങൾക്കും ചിലരുടെ ഫത്‌വ, അതിന് സക്കാത്തില്ലെന്നാണ്. ധരിക്കുന്നതും മറ്റുള്ളവർക്ക് ഉപയോഗിക്കാൻ കൊടുക്കാത്തതുമായ ആഭരണത്തിന് സക്കാത്ത് കൊടുക്കുന്നത് ഉത്തമമാണ്; അത് തങ്ങളുടെ ആത്മാവിനുവേണ്ടിയാണ് ഉപയോഗിക്കുന്നത്. ഇതനുസരിച്ചാണ് നമ്മുടെ വീട്ടിൽ പ്രവർത്തിക്കുന്നത്. ഓരോ വർഷത്തിനുശേഷവും തന്റെ കൈയിലുള്ള ആഭരണത്തിന് സക്കാത്ത് കൊടുക്കുക. രൂപപോലെ സമാഹരിച്ചുവെക്കുന്ന ആഭരണത്തിന് സക്കാത്ത് കൊടുക്കുന്ന കാര്യത്തിൽ ആർക്കും അഭിപ്രായഭിന്നതയില്ല." (അൽഹക്കം 1905, സപ്തംബർ 17, പേജ് 11)

അനുഗ്യഹീത റമളാൻമാസം തുടർന്നുവരികയാണ്. ഈ മാസത്തിൽ നബി(സ)തിരുമേനി ധാരാളമായി സക്കാത്തും സ്വദഖയും ദാനധർമങ്ങളും കൊടുക്കുമായിരുന്നു; അവിടത്തെ കരങ്ങൾ ശക്തമായ പൊടിക്കാറ്റുപോലെ ചലിച്ചിരുന്നു.

അതുകൊണ്ട് തോതുകൾ പൂർത്തിയായിട്ടുള്ള പുരുഷന്മാരും സ്ത്രീകളും എത്രയും വേഗം ഈ സുപ്രധാന നിർബന്ധകർമം നിർവഹിക്കുന്നതിലേക്ക് ശ്രദ്ധിച്ച് അല്ലാഹുവിന്റെ പ്രതിഫലത്തിന് അർഹരാകുക. അല്ലാഹു നമുക്കെല്ലാം അതിന് തൗഫീഖ് നൽകുമാറാകട്ടെ. ആമീൻ. സക്കാത്തിന്റെ പണമെല്ലാം കേന്ദ്രത്തിൽ അടയ്ക്കേണ്ടതാണ്. സ്വയം വിതരണം ചെയ്യാൻ ആർക്കും അനുവാദമില്ല. (നാള്ളി ർ ബയ്ത്തുൽമാൽ, ആമദ്, ഖാദിയാൻ)

## സ്വദഖത്തുൽ ഫിത്വർ

അൽഹംദുലില്ലാഹ് അനുഗൃഹീത റമളാൻ മാസം മെയ്മാസത്തിന്റെ ആദ്യത്തെ പത്തിൽ ആരംഭിച്ചു കഴിഞ്ഞു. ഇസ്‌ലാമിൽ ഫിത്വ്ർ സക്കാത്ത് കൊടുക്കുന്നതിന് ഒരു സ്വാഅ് ധാന്യം (ഏകദേശം 2 കിലോ 750 ഗ്രാം) തോതാണ് നിശ്ചയിച്ചിട്ടുള്ളത്. ജമാഅത്തംഗങ്ങൾ പൂർണ ശ്രദ്ധയോടുകൂടി റമളാന്റെ ആദ്യമോ രണ്ടാമത്തെ പത്തിന്റെ ഉള്ളിലോ ഫിത്വ്ർ സക്കാത്ത് കൊടുക്കാൻ ശ്രമിക്കുക. ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ (ഗോതമ്പ്, അരി) എന്നിവയുടെ തോത് വിഭിന്നങ്ങളാണ്. അതുകൊണ്ട് നമ്മുടെ തദ്ദേശ വിലയനുസരിച്ച് നിശ്ചിത തോതനുസരിച്ച് ഫിത്വ്ർ സക്കാത്ത് നല്കുക. പഞ്ചാബിൽ ഇതിന്റെ തോത് നിശ്ചയിച്ചിട്ടുള്ളത് ഒരു സ്വാഅ്ന് സമാനമായി ആളോഹരി 55 രൂപയാണ്. തദ്ദേശ ജമാഅത്തിൽ ദരിദ്രരും അർഹരും ഉണ്ടെങ്കിൽ ഫിത്വ്ർ സക്കാത്തിന്റെ മൊത്തം തുകയിൽനിന്ന് 90%വരെ തുക മജ്‌ലിസെ ആമിലയുടെ അഭിപ്രായവും തീരുമാനവും അനുസരിച്ച് വിതരണം ചെയ്യാവുന്നതാണ്. ബാക്കിതുക കേന്ദ്രത്തിൽ അടയ്ക്കേണ്ടതാണ്. ദരിദ്രരും അർഹരുമില്ലെങ്കിൽ മുഴുവൻ തുകയും സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യായുടെ ജമാഅത്ത് അക്കൗണ്ടിൽ വരേണ്ടതാണ്. ഫിത്വ്ർ സക്കാത്തിന്റെ തുക മസ്ജിദു തുടങ്ങിയവയുടെ ആവശ്യങ്ങൾക്കായി ചെലവഴിക്കാൻ അനുവാദമില്ല.

## ഈദു ഫണ്ട്

ഈ ചന്ദ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്ത് സ്ഥാപിച്ചിട്ടുള്ളതാണ്. ഇതിന്റെ ഉദ്ദേശ്യം സന്തോഷവേളകളിൽ വ്യക്തിപരമായ സന്തോഷത്തിന് വസ്ത്രങ്ങൾക്കും ഭക്ഷണങ്ങൾക്കും സ്ത്രീകൾക്കും വേണ്ടി പല ചെലവുകളും നടത്തുന്നു. മറ്റുള്ളവർക്ക് സമ്മാനം നല്കുന്നു. ആ സന്തോഷത്തിൽ ദീനിപരമായ ഉദ്ദേശ്യങ്ങളും ഓർമിക്കുക എന്നതാണ്. അഹ്മദി അംഗങ്ങൾ ബയ്അത്തിൽ പ്രതിജ്ഞ ചെയ്തിട്ടുള്ളത് ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുമെന്നാണ്. അതുകൊണ്ട് സന്തോഷവേളകളിൽ ദീനിന്റെ ഉദ്ദേശ്യങ്ങൾ തീർച്ചയായും അഹ്മദിഅംഗങ്ങൾ ഓർക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ ഉദ്ദേശ്യത്തിന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്ത് ഈ വകുപ്പിൽ വരുമാനമുള്ള അഹ്മദി ആളോഹരി ഒരു രൂപയാണ് ഈ ദുഫണ്ടിൽ കൊടുത്തിരുന്നത്. ഇപ്പോൾ രൂപയ്ക്ക് ആ മൂല്യമില്ല. അതിനാൽ ഒരു രൂപയിൽ ഒതുക്കിനിറുത്തുന്നത് ശരിയല്ല. ഈദുൽഫിത്വ്റിന്റെ വരവ്, സന്തോഷകരമാണ്. അതുകൊണ്ട് കഴിവിനനുസരിച്ച് ഈദ് ദിവസം കൂടുതൽ തുക ഈ ഫണ്ടിൽ നൽകുക. ഈദുഫണ്ട് ഈദിന് മുമ്പേ എപ്പോൾ വേണമെങ്കിലും കൊടുക്കാവുന്നതാണ്. ഇത് കേന്ദ്രചന്ദയാണ്. മുഴുവൻ തുകയും സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യായുടെ ഖജനാവിൽ വരേണ്ടത് നിർബന്ധമാണ്. ഇതിൽനിന്ന് തദ്ദേശപരമായി ചെലവഴിക്കാൻ അനുവാദമില്ല. (നാള്ളിർ ബയ്ത്തുൽമാൽ ആമദ്, ഖാദിയാൻ)

(പേജ് 7ൽനിന്ന്)

ഹദ്റത്ത് മിർസാ റശീദ് അഹ്മദ് സാഹിബ്, ഹദ്റത്ത് മിർസാ സുൽത്വാൻ അഹ്മദ് സാഹിബിന്റെ മകനായിരുന്നു. ഞാൻ പറഞ്ഞതുപോലെ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബിന്റെ ഏറ്റവും മൂത്തമകൾ അമത്തുസ്സലാം സാഹിബയുടെ മകളായിരുന്നു ഇവർ. ഹദ്റത്ത് അമ്മാജാൻ(റ) റബ്‌വയിൽ തന്റെ കുടുംബത്തിലെ ഏറ്റവും അവസാനത്തെ വിവാഹത്തിൽ പങ്കെടുത്തത് ഇവരുടെ വിവാഹത്തിലായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)ന്റെ പത്നി ഹദ്റത്ത് സയ്യിദാ ആസിഫാ ബീഗം സാഹിബയുടെ മൂത്ത സഹോദരിയായിരുന്നു. അവരുടെ ബാക്കി ഒരു സഹോദരിയും മൂന്നു സഹോദരനുമുണ്ട്.

അവരുടെ സഹോദരി അനീസ ഫൗസിയ സാഹിബ എഴുതുന്നു: ഞങ്ങളുടെ മാതാപിതാക്കളുടെ ഏറ്റവും മൂത്ത മകളായിരുന്നു. അതുകൊണ്ട് മിക്ക ആലോചനകളിലും അവരുടെ അഭിപ്രായത്തിന് മാതാപിതാക്കൾ വളരെ പ്രധാന്യം കല്പിച്ചിരുന്നു. കാരണം കാര്യങ്ങൾ മനസ്സിലാക്കാൻ നല്ല കഴിവുണ്ടായിരുന്നു. അവരെ വളരെ വിശ്വസിച്ചിരുന്നു. ഇവരും തന്റെ മാതാപിതാക്കളുടെ വിശ്വാസത്തോടു എപ്പോഴും പൂർണമായും യോജിക്കുമായിരുന്നു. തന്റെ താഴെയുള്ള സഹോദരിസഹോദരന്മാരെ വളർത്തി. നല്ല രീതിയിൽ തർബിയ്യത്ത് കൊടുക്കാൻ ശ്രമിച്ചു. ഇവരെഴുതുന്നു, എനിക്കുവേണ്ടി ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ഏതോ മകനുമായി വിവാഹബന്ധത്തെ കുറിച്ച് സംസാരമുണ്ടായപ്പോൾ അത് നല്ല കുടുംബമാണെന്ന് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുകയുണ്ടായി. ഈ കുടുംബത്തിലെ രണ്ടു സഹോദരിമാർ എന്റെ മരുമക്കളാണ്. അതായത് ഒന്ന് ഞാൻ വിവരിച്ചുവരുന്ന പരേത. രണ്ട് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)ന്റെ ഭാര്യ. ഈ രണ്ടു സഹോദരിമാരും എന്റെ മരുമക്കളാണ്. അവർ വളരെ സ്നേഹിക്കുന്നവരും ചർച്ചയെ ചേർക്കുന്നവരുമാണ്.

അവരുടെ മകൻ എഴുതുന്നു: എന്റെ മാതാവ് അങ്ങേയറ്റം ലാളിത്യമുള്ളവരും ധർമിഷ്ഠയും എല്ലാവരുടെയും സുഖദു:ഖങ്ങളിൽ ഉപകരിക്കുന്നവരുമായിരുന്നു. ആവശ്യക്കാരെ നല്ലപോലെ ശ്രദ്ധിച്ചിരുന്നു. വളരെ അനുകമ്പയുള്ളവരായിരുന്നു. ദരിദ്രരോടു സഹതാപമുള്ളവരായിരുന്നു. അവരുടെ കാര്യങ്ങൾകേട്ട് കരയുമായിരുന്നു. കഴിയുന്നിടത്തോളം സഹായിക്കുമായിരുന്നു. അവരിൽ ഈ സ്വഭാവം ഉണ്ടായിരുന്നുവെന്നതിൽ അതിശയോക്തി ഒന്നുമില്ല. തങ്ങളുടെ ജോലിക്കാരുമായും നല്ല രീതിയിൽ പെരുമാറിയിരുന്നു. എന്നല്ല അവരുടെ ഒരു മകളെഴുതി: എങ്ങനെ അവരെ തന്റെ മക്കളെപ്പോലെ പോറ്റിയെന്നാൽ ഒരു ജോലിക്കാരിയുടെ വിവാഹം നടക്കാൻ പോകുമ്പോൾ അവൾ പറഞ്ഞു, നിങ്ങൾ നിങ്ങളുടെ മകൾക്കു നല്കിയതുപോലെ എനിക്കും സ്ത്രീധനം തരണം. പിന്നെ അവർക്കും അതേ രീതിയിൽ സ്ത്രീധനമുണ്ടാക്കി നല്കി.

അവർക്ക് മൂന്ന് പുത്രിമാരും ഒരു മകനുമാണുള്ളത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇവർ മൂസിയയായിരുന്നു. ഇന്നലെ അവരുടെ ഖബ്റടക്കം നടന്നു. ബിഹിശ്തി മഖ്ബറയിലാണ് ഖബ്റടക്കിയത്. അല്ലാഹു അവരുടെ മക്കൾക്കും മാതാവിന്റെ നന്മകൾ സ്വായത്തമാക്കുവാൻ തൗഫീഖ് നൽകട്ടെ. പരസ്പരം സ്നേഹത്തോടും പ്രീതിയോടുംകൂടി ജീവിക്കുവാനുള്ള തൗഫീഖ് നൽകുമാറാകട്ടെ. ഖിലാഫത്തുമായി എപ്പോഴും ചേർത്തുനിറുത്തുമാറാകട്ടെ.

☆☆☆

(പേജ് 2ൽനിന്ന്)

കെട്ടിയുണ്ടാക്കപ്പെട്ട വീണ്ടെടുപ്പിനെ ആശ്രയിച്ചുകൊണ്ട് അവർ നശിച്ചൊടുങ്ങുന്നത് എത്രമാത്രം ദുഃഖകരമാണ്. ഒരാൾക്ക് തന്റെ സ്വന്തം കൈകൾ കൊണ്ടുണ്ടാക്കിയ നൗക മുഖേന മാത്രമേ ഞാനെന്ന ഭാവത്തിന്റെ നരകമാകുന്ന നദി മുറിച്ചുകടക്കാൻ സാധ്യമാവൂ എന്ന വസ്തുത അവർ ചിന്തിക്കുന്നില്ലേ? ജോലിയെടുക്കുന്നവനേ കൂലി കിട്ടുകയുള്ളൂ. നഷ്ടത്തിൽനിന്ന് രക്ഷപ്പെടുന്നത് സ്വന്തം ഭാരം വഹിക്കുന്നവനാണ്. തന്റെ സ്വന്തം പരിശ്രമങ്ങളെല്ലാം ഉപേക്ഷിക്കുകയും തന്റെ വിജയത്തിനുവേണ്ടി മറ്റുള്ളവരെ ആശ്രയിക്കുകയും ചെയ്യുന്നവൻ എത്രമാത്രം അറിവില്ലാത്തവനാണ്. മറ്റുള്ള ഒരാളുടെ ശാരീരികശക്തി തന്റെ ആത്മീയ ജീവിതത്തിന് പ്രയോജനം ചെയ്യുമെന്നു വിശ്വസിക്കുന്നത് അജ്ഞതയല്ലേ?

ഒരു മനുഷ്യനെ ഏതെങ്കിലും വിധത്തിൽ അതുല്യനായി ദൈവം വെച്ചിട്ടില്ല എന്നുള്ളത് അവന്റെ നിയമമമാണ്. തനിക്ക് മറ്റുള്ളവരേക്കാൾ ഇന്നയിന്ന സവിശേഷതകളുണ്ടെന്ന് ഒരാൾക്കും പറയാൻ സാധ്യമല്ല. അങ്ങനെയായിരുന്നുവെങ്കിൽ ഇത് അയാളെ ആരാധനാർഹനാക്കുന്ന സ്ഥിതിയിലെത്തിക്കും. നമ്മുടെ നബി(സ)തിരുമേനിയുടെ കാലത്ത് ചില ക്രിസ്ത്യാനികൾ ഹദ്റത്ത് ഈസാ(അ)യുടെ പിതൃരാഹിത്യം അദ്ദേഹത്തിന്റെ അതുല്യതയായി അവതരിപ്പിച്ചു. സർവ്വശക്തനായ അല്ലാഹു അപ്പോൾ വിശുദ്ധഖുർആനിലെ ഈ വചനം മുഖേന മറുപടി നല്കി.

“അല്ലാഹുവിന്റെയടുക്കൽ ഈസായുടെ സ്ഥിതി ആദമിന്റെ സ്ഥിതിപോലെതന്നെയാണ്. അദ്ദേഹത്തെ അവൻ മണ്ണിൽനിന്ന് സൃഷ്ടിച്ചു. പിന്നെ അദ്ദേഹത്തോട് ഉണ്ടാവുക എന്നു പറഞ്ഞു. അപ്പോൾ അദ്ദേഹം ഉണ്ടായിത്തീർന്നു.”(3:3) അതുപോലെ ഈസാ, മർയമിന്റെ രക്തത്തിൽനിന്നും ദ്രവത്തിൽനിന്നും ജനിച്ചു. അങ്ങനെ ദൈവം പറഞ്ഞു ആവുക. അപ്പോൾ ആയി. ഈ നിസ്സാരമായ കാര്യത്തിൽ അത്രത്തോളം ദൈവികതയും അതുല്യതയും എന്താണ്? മഴക്കാലത്ത് ആയിരക്കണക്കിന് പ്രാണികൾ പിതാവോ മാതാവോ ഇല്ലാതെ ജനിക്കുന്നു. അവ സ്വന്തമായി ഭൂമിയിൽനിന്നു പുറത്തുവരുന്നു. ആരുംതന്നെ അവയെ ദൈവമായി പ്രഖ്യാപിക്കുന്നില്ല. ആരും അവയെ ആരാധിക്കുന്നില്ല. ആരും അവയ്ക്കു മുമ്പിൽ സാഷ്ടാംഗ പ്രണാമം നടത്തുന്നില്ല. അതുകൊണ്ട് ഹദ്റത്ത് ഈസാ(അ)യുടെമേൽ ഇത്തരത്തിലുള്ള കോലാഹലം സൃഷ്ടിക്കുന്നത് അജ്ഞതയല്ലാതെ മറ്റെന്താണ്?

മറ്റെല്ലാ പ്രവാചകന്മാരും ചരമമടഞ്ഞിരിക്കെ ഈസാ(അ) ഇന്നും ജീവിച്ചിരിക്കുന്നുവെന്നു പറയുന്നത് വിശുദ്ധഖുർആന് എതിരാണ്. സർവ്വശക്തനായ അല്ലാഹു വിശുദ്ധഖുർആനിൽ അദ്ദേഹം മരിച്ചുപോയെന്ന് എടുത്തുപറഞ്ഞിട്ടുണ്ട്. പിന്നെ അദ്ദേഹത്തിനെങ്ങനെ ജീവിച്ചിരിക്കാൻ സാധിക്കും? അദ്ദേഹം ഒരിക്കലും തിരിച്ചുവരികയില്ലെന്ന് വിശുദ്ധഖുർആനിൽനിന്ന് തെളിയിക്കപ്പെട്ടിട്ടുമുണ്ട്. ‘നീ എന്നെ മരിപ്പിച്ചപ്പോൾ’(5:118) എന്ന വചനം ഈ രണ്ടു കാര്യവും സ്ഥാപിക്കുന്നു, കാരണം മുഴുവൻ വചനത്തിന്റെ അർഥം ആദ്യം മുതൽ അവസാനംവരെ എന്താണെന്നാൽ വിധിനാളിൽ ദൈവം ഈസാ(അ)യോടു ചോദിക്കും: ‘നിന്നേയും നിന്റെ മാതാവിനേയും ആരാധിക്കാൻ ജനങ്ങളോടു നീ പറഞ്ഞിരുന്നോ’ എന്ന്. ഇതിന് അദ്ദേഹം മറുപടി പറയും: “ഞാൻ എന്റെ ജനങ്ങളിൽ ഉണ്ടായിരുന്നിടത്തോളം ഞാനവരുടെ അവസ്ഥയെക്കുറിച്ചറിഞ്ഞിരുന്നു, എന്നാൽ, നീ എന്നെ മരിപ്പിച്ചശേഷം നീ മാത്രമാണ് അവരുടെ അവസ്ഥ അറിയുന്നവൻ.” മറ്റു വാക്കുകളിൽ, എന്റെ മരണശേഷം അവരുടെ അവസ്ഥകളെ കുറിച്ച് എനിക്ക് ഒന്നും അറിയുമായിരുന്നില്ലെന്ന്! ഇപ്പോൾ ഈ വചനം ദൃഢമായ നിലയിൽ രണ്ട് കാര്യങ്ങൾ തെളിയിക്കുന്നു.

ഒന്നാമതായി, താൻ അവരുടെയിടയിൽ ഉണ്ടായിരുന്നിടത്തോളം താനവരുടെ മേൽനോട്ടക്കാരനായിരുന്നുവെന്നു ഹദ്റത്ത് ഈസാ(അ) ഈ വചനത്തിൽ സമ്മതിക്കുന്നു. തന്റെ സാന്നിധ്യത്തിൽ അവർ വഴിപിഴച്ചിരുന്നില്ല. പക്ഷേ, തന്റെ മരണത്തിനുശേഷം അവർക്ക് മാർഗഭ്രംശം സംഭവിച്ചു. അതുകൊണ്ട് ഹദ്റത്ത് ഈസാ(അ)ഇപ്പോഴും ജീവിച്ചിരിക്കുകയാണെന്ന് നാം കരുതുകയാണെങ്കിൽ ക്രിസ്ത്യാനികൾക്ക് ഇതുവരെ മാർഗഭ്രംശം സംഭവിച്ചിട്ടില്ലെന്നും അതോടൊപ്പം നാം സമ്മതിക്കേണ്ടിവരും. എന്തെന്നാൽ, അവർക്ക് മാർഗഭ്രംശം സംഭവിച്ചിരിക്കുന്നത് ‘നീ എന്നെ മരിപ്പിച്ചപ്പോൾ’ എന്ന വാക്യത്തിന്റെ ഫലമായിട്ടാണ്. അതായത് ഈസാ(അ)യുടെ മരണത്തിന് ആശ്രയമാക്കിയിരിക്കുന്നു. എങ്കിലും ക്രിസ്ത്യാനികൾ വഴിപിഴച്ചുപോയിരിക്കുന്നുവെന്ന് ഇപ്പോൾ പ്രകടമായിരിക്കയാൽ അവശ്യമായും സമ്മതിക്കപ്പെടേണ്ടത് ഹദ്റത്ത് ഈസാ(അ) മരിച്ചുപോയെന്നാണ്. മറ്റേതൊരു വ്യാഖ്യാനവും ഖുർആനിക വചനത്തിന്റെ നിരാകരണമായിരിക്കും.

രണ്ടാമതായി ഈ വചനത്തിൽ വ്യക്തമായി പ്രഖ്യാപിക്കപ്പെട്ടത് ഹദ്റത്ത് ഈസാ(അ) ക്രിസ്ത്യാനികൾ വഴിപിഴച്ചുപോയെന്ന കാര്യത്തിന്റെ അറിവ് നിഷേധിക്കുമെന്നും താൻ അവരുടെയിടയിൽ ഉണ്ടായിരുന്നിടത്തോളം അവസ്ഥ അറിഞ്ഞിരുന്നുവെന്നും തന്നെ മരിപ്പിച്ചതിനുശേഷം അവരുടെ അവസ്ഥയെക്കുറിച്ചു തനിക്കറിവില്ലെന്നുമാണ്. പുനരുത്ഥാനനാളിനുമുമ്പേ അദ്ദേഹം എപ്പോൾ മടങ്ങിവന്നാലും ക്രിസ്ത്യാനികൾ വഴിപിഴച്ചുപോയെന്ന കാര്യം തനിക്കറിയില്ലെന്ന മറുപടി കള്ളസാക്ഷ്യമായിരിക്കും. അതങ്ങനെയായിരുന്നുവെങ്കിൽ സർവ്വശക്തനായ ദൈവത്തിന്റെ പ്രത്യുത്തരം ‘അല്ലയോ ധിക്കാരിയായ മനുഷ്യാ, എന്റെ കോടതിയിൽ എന്റെ മുഖത്തുനോക്കി നീ എന്തിനാണ് കള്ളം പറയുന്നത്? അവർ വഴിപിഴച്ചുപോയെന്ന കാര്യം നിനക്കറിയില്ലെന്ന് നീ വ്യാജമായി അവകാശപ്പെടുകയല്ലേ പുനരുത്ഥാനനാളിനു മുമ്പേ ഞാൻ നിന്നെ ലോകത്തേക്കയക്കുകയും നീ ക്രിസ്ത്യാനികളുമായി യുദ്ധം ചെയ്യുകയും കുരിശുടയ്ക്കുകയും പന്നിയെ കൊല്ലുകയും ചെയ്തില്ലേ? എന്നിട്ടും നിനക്ക് ഒന്നുമറിയില്ലെന്ന് എന്റെ മുന്നിൽ കള്ളം പറയാൻ നീ ധൈര്യപ്പെടുന്നു.’ ഇപ്പോൾ, ഹദ്റത്ത് ഈസാ(അ)യെ സംബന്ധിച്ചിടത്തോളം അദ്ദേഹം മടങ്ങിവരുമെന്ന കാര്യം എത്രത്തോളം അപമാനകരമാണ്. അതായത് നഊദുബില്ലാഹ് അദ്ദേഹം കള്ളസാക്ഷ്യം പറയുകയാണെന്നു വ്യക്തമാകും.

എങ്കിലും ഈസബ്നുമർയം (മർയമിന്റെ മകൻ ഈസാ) ഇറങ്ങുമെന്ന ഹദീഥുകളുടെ വ്യാഖ്യാനമെന്തെന്ന് നിങ്ങൾ ചോദിക്കുകയാണെങ്കിൽ അതിന്റെ മറുപടി ഇതാണ്: ഹദ്റത്ത് ഈസാ(അ), ഹദ്റത്ത് ഇൽയാസ് നബിയുടെ രണ്ടാം വരവിനെ എങ്ങനെയാണ് വ്യാഖ്യാനിച്ചത് അതുപോലെ ഇതും വ്യാഖ്യാനിക്കണമെന്നാണ് മറുപടി. അതിലുപരി ഹദീഥുകളിലുള്ളത് അവസാനകാലത്തെ ഈസാ ഈ ഉമ്മത്തിൽനിന്നുള്ള ഒരാളായിരിക്കുമെന്നും മറ്റൊരാളായിരിക്കയില്ലെന്നുമാണ്. അദ്ദേഹം വീണ്ടും വരുമെന്നല്ല എഴുതിയിരിക്കുന്നത്; മറിച്ച്, അദ്ദേഹം ഇറങ്ങുമെന്നാണ്. വീണ്ടും വരുമെന്നതാണ് ഉദ്ദേശ്യമെങ്കിൽ ‘റുജൂഅ്’(മടക്കം) എന്ന പദമാണ് ‘നുസൂൽ’ (ഇറക്കം) എന്ന പദത്തിനു പകരം ഉപയോഗിക്കേണ്ടിയിരുന്നത്. വാദത്തിനുവേണ്ടി ചില ഹദീഥുകൾ വിശുദ്ധഖുർആന് വിരുദ്ധമായിരിക്കുകയാണെന്ന് പറയുകയാണെങ്കിൽ അവയെ തള്ളണമെന്നാണ് മറുപടി. ഹദീഥിന്റെ പേരിൽ വിശുദ്ധഖുർആനെ തള്ളുകയല്ല വേണ്ടത്.

ഇവിടെ നാം മനസ്സിലാക്കേണ്ട കാര്യം വിശുദ്ധഖുർആൻ ഇറക്കപ്പെട്ടത് ക്രിസ്ത്യാനികളുടെയും യഹൂദരുടേയും തെറ്റുകളും തർക്കങ്ങളും ഇല്ലായ്മ ചെയ്യാനാണെന്നതാണ്. അതുകൊണ്ട് നാം വിശുദ്ധഖുർആനിലെ ക്രിസ്ത്യാനികളേയും യഹൂദരേയും സംബന്ധിച്ച ഏതെങ്കിലും വചനം വ്യാഖ്യാനിക്കുമ്പോൾ ആദ്യമായി നാം പരിശോധിക്കേണ്ടത് അവർ തമ്മിലുള്ള തർക്കമെന്താണെന്നാണ്. അതിന് വിശുദ്ധഖുർആൻ വിധി പ്രഖ്യാപിക്കുന്നു. ഈ തത്ത്വത്തിന്റെ അടിസ്ഥാനത്തിൽ നീതിബോധമുള്ള ഒരു മനുഷ്യന് താഴെ പറയുന്ന വചനങ്ങളുടെ അർഥം ശരിയായി മനസ്സിലാകും.

‘വാസ്തവത്തിൽ അദ്ദേഹത്തെ അവർ വധിച്ചിട്ടില്ല. ക്രൂശിച്ചുകൊന്നിട്ടുമില്ല. നേരെമറിച്ച് അദ്ദേഹം അവർക്ക് സദൃശീകരിക്കപ്പെടുകയാണുണ്ടായത്.......... പ്രത്യുത അല്ലാഹു അദ്ദേഹത്തെ തന്നിലേക്ക് ഉയർത്തുകയാണുണ്ടായത്.’ (4:158,159)

എന്തെന്നാൽ യഹൂദികളുടെ വിശ്വാസപ്രകാരം കുരിശിൽ കൊല്ലപ്പെടുന്ന ആൾ ശപ്തനാണ്. അയാൾ ആത്മീയമായി ദൈവത്തിലേക്ക് ഉയർത്തപ്പെടുകയുമില്ല. മറിച്ച് അയാൾ പിശാചായി താണുപോകുന്നു. ഇനി ഹദ്റത്ത് ഈസാ(അ)ആത്മീയമായി ദൈവത്തിലേക്ക് ഉയർത്തപ്പെടുമോ ഇല്ലേ എന്ന കാര്യം സർവ്വശക്തനായ അല്ലാഹുവിന് വിശുദ്ധഖുർആനിൽ തീർപ്പ് കല്പിക്കേണ്ടതുണ്ടായിരുന്നു. അതുകൊണ്ട് ദൈവം ആദ്യമായി ഹദ്റത്ത് ഈസാ(അ)കുരിശിൽ കൊല്ലപ്പെട്ടുവെന്ന യഹൂദരുടെ തെറ്റുധാരണ നീക്കി. അത് അവരുടെ മനസ്സിൽ ദൈവം ഇട്ടുകൊടുത്ത വെറുമൊരു ഊഹമാണെന്നു പ്രഖ്യാപിച്ചു.

ഈസാ കുരിശിൽ കൊല്ലപ്പെടാത്തതിനാൽ അദ്ദേഹം ശപ്തനാണെന്ന് കണക്കാക്കാവതല്ല. മറിച്ച്, അദ്ദേഹം മറ്റു വിശ്വാസികളെപോലെ ആത്മീയമായി ഉയർത്തപ്പെട്ടതാണ്. വ്യക്തമായും സർവ്വശക്തനായ ദൈവത്തന് ഹദ്റത്ത് ഈസാ(അ) ശാരീരികമായി ആകാശത്തിലേക്ക് കരേറിയോ ഇല്ലയോ എന്ന വിഷയത്തിൽ നിഷ്പ്രയോജനമായ സംവാദവും തീരുമാനവും കൈക്കൊള്ളേണ്ടതില്ല. എന്തെന്നാൽ, ഇത് ജൂതന്മാരുടെ തർക്കവിഷയമല്ല. ക്രൂശിക്കപ്പെട്ട മനുഷ്യർ ശാരീരികമായി ആകാശത്തേക്കുയരുന്നില്ല എന്ന് യഹൂദികൾ വിശ്വസിക്കുന്നില്ല, എന്തെന്നാൽ അതിന്റെ അർഥം ക്രൂശിക്കപ്പെടാത്ത മനുഷ്യൻ ശാരീരികമായി ആകാശത്തേക്കുയരും എന്നാണ്. വിശ്വാസമില്ലാത്ത ശപ്തനായ ഒരാൾക്ക് ശാരീരികമായി ആകാശത്തേക്ക് ഉയരാൻ സാധിക്കുകയില്ല

## ഹദീഥുന്നബ്വി (സ):

*ആഇശ(റ)പറയുന്നു:‘നബി(സ)തിരുമേനിക്ക് തുടക്കത്തിൽ ലഭിച്ച ദൈവികസന്ദേശങ്ങളുടെ ആരംഭം ഉറക്കത്തിൽ ദൃശ്യമാകുന്ന നല്ല സ്വപ്നങ്ങളായിരുന്നു. അവിടന്ന് കാണുന്ന എല്ലാ സ്വപ്നങ്ങളും പ്രഭാതോദയംപോലെ സ്പഷ്ടമായി പുലർന്നുകൊണ്ടണ്ടിരുന്നു.’*

*(ബുഖാരി, കിതാബുൽ വഹ്യ്, ഹദീഥ് നമ്പർ 3)*

ത്വാലിബെ ദുആ
P.P.Raheem & Family
Ahmadiyya Jama-ath Payangadi, Kerala.

## അല്ലഹുവിന്റെ കലാം:

**‘നിങ്ങൾ മനഃപൂർവം സത്യത്തെ അസത്യവുമായി കലർത്തുകയും സത്യം മറച്ചു വെക്കുകയും ചെയ്യരുത്.’(2:43)**

ത്വാലിബെ ദുആ:
K.Muhammad Shareef & Family
Ahmadiyya Jama-ath Vaniyambalam, Kerala.

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-4 Thursday 06 June 2019 Issue-23

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

എന്നും അവർ വിശ്വസിക്കുന്നില്ല. എന്നാൽ, ഒരു വിശ്വാസിക്ക് ശാരീരികമായി ആകാശത്തേക്കുയരാൻ സാധിക്കും. ജൂതന്മാരുടെ വിശ്വാസപ്രകാരം ഏറ്റവും വലിയ പ്രവാചകനായ മൂസാ(മോസസ്) പോലും ശാരീരികമായി ആകാശത്തേക്കുയർന്നു എന്നു ജൂതന്മാർ വിശ്വസിക്കുന്നില്ല. ചുരുക്കിപ്പറഞ്ഞാൽ മുഴുവൻ തർക്കവും ആത്മീയമായ ഉയർച്ചയെപ്പറ്റിയാണ്. ജൂതന്മാർ അവരുടെ സിദ്ധാന്തപ്രകാരം ഹദ്റത്ത് ഈസാ ശപ്തനാണെന്നായിരുന്നു (നഊദുബില്ലാഹ്) വിശ്വസിച്ചത്. അദ്ദേഹം ക്രൂശിൽ കൊല്ലപ്പെട്ടതിനാൽ ആത്മീയമായ ഉയർച്ച അനുവദിക്കപ്പെട്ടില്ല. ഈ തെറ്റുതന്നെയാണ് ദൈവത്തിന് തിരുത്തേണ്ടിയിരുന്നത്. അതുകൊണ്ട് അവൻ ഈസാ(അ)ശപ്തനല്ലെന്നു വിധിച്ചു. അദ്ദേഹത്തെ മറ്റു വിശ്വാസികളെപ്പോലെ ആത്മീയമായി ഉയർത്തി.

‘മൽഊൻ’ (ശപ്തൻ) എന്ന പദം ‘മർഫൂഅ്’ (ഉയർത്തപ്പെട്ടവൻ) എന്ന പദത്തിന്റെ വിപരീതമാണ്. ഉയർത്തൽ ആത്മീയമായ ഒരർഥം ഉൾക്കൊള്ളുന്നു. അപ്രകാരം കുരിശിൽ കൊല്ലപ്പെട്ടതുകൊണ്ട് ഹദ്റത്ത് ഈസാ(അ) ശപ്തനായി എന്നു വിശ്വസിക്കുന്നവരുടെ അഭിപ്രായമനുസരിച്ച് ‘മൽഊൻ’ എന്നതിന്റെ അർഥം അങ്ങനെയുള്ള വ്യക്തി ആത്മീയമായി ഉയർത്തപ്പെടുകയില്ലെന്നാണ്. ക്രിസ്ത്യാനികൾപോലും ഹദ്റത്ത് ഈസാ മൂന്നു ദിവസം ശപ്തനായിരുന്നു എന്നു വിശ്വസിച്ചുകൊണ്ട് തെറ്റു ചെയ്തു. അതുകൊണ്ട് അവരുടെ വിശ്വാസപ്രകാരം ഹദ്റത്ത് ഈസാ പാതാളത്തിൽ പോയത് അദ്ദേഹത്തിന്റെ ഭൗതികശരീരം ഇല്ലാത്തവിധം ശപ്തനായിട്ടായിരുന്നു. ഉയർത്തപ്പെടുന്ന അവസ്ഥയിൽ ഭൗതികശരീരത്തിന്റെ ആവശ്യമെന്താണ്? രണ്ടവസ്ഥയ്ക്കും ഈ നിയമം ബാധകമാണ്. ഉയർത്തപ്പെടലിന്റെ അർഥത്തെ സംബന്ധിച്ച് തെറ്റുപറ്റിയതിൽ ക്രിസ്ത്യാനികളും ഉത്തരം പറയണം എന്നാണ് ഞങ്ങളുടെ അഭിപ്രായം. ഇന്നും അവർ വിശ്വസിക്കുന്നത് തൗറാത്തനുസരിച്ച് കുരിശുമരണം കാരണം ആത്മീയമായ പ്രത്യാഘാതമുണ്ടായി അതായത് ശപ്തനായിത്തീർന്നു എന്നാണ്; മറ്റു വാക്കുകളിൽ പറഞ്ഞാൽ ഉയർത്തപ്പെടലിന്റെ അസാന്നിധ്യം. അതുകൊണ്ട് അവരുടെ വിശ്വാസമനുസരിച്ച് ഉയർത്തപ്പെടലിന്റെ അസാന്നിധ്യം ഒരു ആത്മീയപ്രതിഭാസമായിരുന്നു. അതുകൊണ്ട് ഉയർത്തപ്പെടലും ഒരു ആത്മീയപ്രതിഭാസം തന്നെയാണ്; അവ തമ്മിൽ പരിപൂർണ്ണമായ സാദൃശ്യം ഉണ്ടെങ്കിൽ.

ക്രിസ്ത്യാനികൾ വിശ്വസിക്കുന്നത് ശപ്തനായിരിക്കെ ഹദ്റത്ത് ഈസാ പാതാളത്തിൽ ഇറങ്ങുകയും നരകം അനുഭവിക്കുകയും ചെയ്തത് ആത്മീയമായ അർഥത്തിലാണെന്നും അദ്ദേഹത്തിന്റെ ശരീരം ഇല്ലായിരുന്നുവെന്നും ആണെന്നാണ്. ഇത് അങ്ങനെയായിരിക്കെ, ഉയർത്തപ്പെടലിന്റെ കാര്യം വന്നപ്പോൾ ഭൗതികശരീരം അതിനോടു കൂടിച്ചേരുകയും അതിനെ അനുഗമിക്കുകയും വേണ്ടിയിരുന്നുവോ? അതിലുപരി തൗറാത്തിന്റെ എല്ലാ പ്രവാചകന്മാരും നബിമാരും കുരിശുമരണത്തിന്റെ ശാപമായി മനസ്സിലാക്കിയിരുന്നത് ആത്മീയമായ ഉയർത്തലിന്റെ നിക്ഷേപമാണ്. ഇന്നും അവർ വിശ്വസിക്കുന്നത് കുരിശിൽ കൊല്ലപ്പെടുന്ന ഒരാൾ ദൈവത്തിലേക്ക് ഉയർത്തപ്പെടില്ല എന്നാണ്.

ലഅ്നത്ത് (ശാപം) എന്നതിന്റെ അർഥം ഉയർത്തപ്പെടലിന്റെ അസാന്നിധ്യമാണ്. സംഗതി എന്തുതന്നെയായാലും, ഉയർത്തപ്പെടാതിരിക്കുന്നതിന് ആത്മീയമായ ഒരു അവസരം ഇന്നുവരെ ഉണ്ടെന്നു ജൂതന്മാർ വിശ്വസിക്കുന്നതിനാൽ അതായത് ഹദ്റത്ത് ഈസാ കള്ളവാദിയായതിനാൽ, അദ്ദേഹം ദൈവത്തിലേക്ക് ഉയർത്തപ്പെട്ടില്ല എന്നു വിശ്വസിക്കുന്നതിനാൽ ജൂതന്മാരുടെ ആക്ഷേപത്തെ നേരിടാൻ എന്തുകൊണ്ടാണ് അത്യാവശ്യമായ പ്രശ്നം അവഗണിച്ചുകൊണ്ട് വേറൊരു ദിശയിൽ പോയിക്കൊണ്ട് നൗഊദുബില്ലാഹ്– ജൂതന്മാരുടെ യഥാർഥമായ തർക്കം അറിയാത്തവനെപോലെ സർവ്വശക്തനായ ദൈവം കേസ്സിന്റെ വസ്തുതകൾ അറിയാതെ വിധി കല്പിക്കുന്ന ഒരു ജഡ്ജിയെപോലെ തീർപ്പ് കല്പിച്ചത്? ദൈവത്തെ സംബന്ധിച്ച് മനഃപൂർവ്വം അത്തരമൊരഭിപ്രായം വെച്ചുപുലർത്താമെങ്കിൽ പിന്നെ എന്തു സംശയമാണ് കുഫ്റി (അവിശ്വാസം)നെ കുറിച്ചുള്ളത്?

ഇതുകൂടാതെ ജൂതന്മാരുടെ അടിസ്ഥാനപരമായ തർക്കം ഈ വചനത്തിൽ ദൈവത്തെ അവഗണിച്ചുവെന്നും എന്നിട്ട് കെട്ടിച്ചമച്ചതും അപ്രസക്തവും അനാവശ്യവുമായ ഒരു പ്രസ്താവനയാണ് നടത്തിയതെന്നും നാം സമ്മതിച്ചുകൊടുക്കുകയാണെങ്കിൽ– അതായത് ഹദ്റത്ത് ഈസാ(അ) ഭൗതികശരീരത്തോടുകൂടിയാണ് രണ്ടാനാകാശത്തിലേക്ക് എടുക്കപ്പെട്ടതെന്ന കാര്യം– അത്തരമൊരു ചിന്താഗതി താഴെപറയുന്നവിധം നിഷേധിക്കപ്പെടുന്നു. ഒന്നാമതായി വിശുദ്ധഖുർആനിൽ എവിടെയുംതന്നെ ഹദ്റത്ത് ഈസാ(അ) ശാരീരികമായി രണ്ടാനാകാശത്തേക്ക് എടുക്കപ്പെട്ടതായി പറയുന്നില്ല. മറിച്ച് വിശുദ്ധഖുർആനിലെ പദങ്ങൾ യഥാർഥത്തിൽ പ്രത്യുത അല്ലാഹു അദ്ദേഹത്തെ തങ്കലേക്ക് ഉയർത്തുകയാണ് ചെയ്തത് എന്നാണ്. ഇപ്പോൾ നിങ്ങൾ സ്വയം ചിന്തിക്കുക. അല്ലാഹു ഭൗതികവസ്തുക്കളെപ്പോലെ രണ്ടാനാകശാത്ത് ഇരിക്കുകയാണോ? ദൈവത്തിലേക്കുള്ള ഉയർത്തൽ എല്ലായ്പ്പോഴും ആത്മീയമാണ്. അതിനാൽ എല്ലാ പ്രവാചകന്മാരും പഠിപ്പിച്ചിട്ടുള്ളത് ശാരീരികമായ രീതിയിൽ കയറിപ്പറ്റാൻവിധം ഭൗതികമായ അസ്തിത്വമല്ല ദൈവം എന്നാണ്. വിശുദ്ധഖുർആനിൽ മുഴുവൻ ഉപയോഗിക്കപ്പെട്ട ശൈലി ഇതാണ്. ഒരു വ്യക്തി ദൈവത്തിലേക്ക് പോയെന്നും അല്ലെങ്കിൽ അവനിലേക്ക് ഉയർത്തപ്പെട്ടുവെന്നും എവിടെയെല്ലാം ഉപയോഗിക്കപ്പെട്ടാലും അതിന്റെ മാറ്റമില്ലാത്ത അർഥം അയാൾ ആത്മീയമായി ഉയർത്തപ്പെട്ടുവെന്നു തന്നെയാണ്. ഇത് താഴെപറയുന്ന വചനത്തിൽ പ്രകടമാണ്.

*“അല്ലയോ ശാന്തിപ്രാപിച്ച ആത്മാവേ നിന്റെ നാഥനിലേക്ക് മടങ്ങുക.” (89:28–29)*

**(തുടരും)**

---

**(പേജ് 1ൽനിന്ന്)**

കിടന്നും നേരം വെളുപ്പിച്ചവരാണ്. അവർ ശാരീരികമായ ശക്തി ഒരുപാട് ഉണ്ടായിരുന്നവരായിരുന്നുവെന്ന് നിങ്ങൾ കരുതുന്നുണ്ടോ? വലിയ ആരോഗ്യമുള്ളവരും യുവാക്കളും കായികശക്തിയുള്ള ഫൈൽവാന്മാരും ആയിരുന്നുവോ? അല്ല. ഓർമിക്കുക. നല്ലവണ്ണം ഓർമിക്കുക. ആത്മീയമായ ശക്തിയും കരുത്തും ചെയ്യുന്ന ജോലി ശാരീരികമായ കഴിവിനും കായികശക്തിയ്ക്കും ഒരിക്കലും ചെയ്യാൻ സാധിക്കുകയില്ല. ധാരാളമാളുകളെ നിങ്ങൾ കണ്ടിട്ടുണ്ടാവും; അവർ നിത്യവും മൂന്നും നാലും തവണ ഭക്ഷണം കഴിക്കുന്നു. വളരെ രുചികരവും ഹെവിയുമായിട്ടുള്ള ബിരിയാണി തുടങ്ങിയവ തിന്നുന്നു. എന്നാൽ, അതിന്റെ ഫലമെന്താണ്? സുബ്ഹിവരെ കൂർക്കും വലിച്ചുറങ്ങുന്നു. ഉറക്കം അവരെ അതിജയിക്കുന്നു. അവസാനം ഉറക്കത്തിനും അലസതയ്ക്കും അടിമയാകുന്നു. ഇശാനമസ്കാരവും അവർക്ക് പ്രയാസവും ബുദ്ധിമുട്ടുമായി തോന്നുന്നു; പിന്നല്ലെ തഹജ്ജുദ്!

നോക്കുക! അവിശ്വാസികളുടെമേൽ വിജയിച്ചിരുന്ന നബി(സ)തിരുമേനിയുടെ വലിയ സ്വഹാബ രിള്വാനല്ലാഹി അലയ്ഹിം അജ്മഊൻ ഭൗതികാനുഗ്രഹം ഇഷ്ടപ്പെടുന്നവരും തിന്നാനും കുടിക്കാനും താൽപര്യമുള്ളവരുമായിരുന്നുവോ? അല്ല. അവർ അങ്ങനെയായിരുന്നില്ല. മുൻകഴിഞ്ഞ ഗ്രന്ഥങ്ങളിലും അവരെക്കുറിച്ച് വന്നിട്ടുള്ളത് അവർ രാത്രിയിൽ ഉണർന്ന് ആരാധിക്കുന്നവരും പകൽ നോമ്പുപിടിക്കുന്നവരുമായിരിക്കുമെന്നാണ്. അവരുടെ രാത്രികൾ ചിന്തയിലും ദൈവസ്മരണയിലും കഴിഞ്ഞിരുന്നു. അവരുടെ ജീവിതം എങ്ങനെയാണ് കഴിഞ്ഞിരുന്നത്? വിശുദ്ധഖുർആനിലെ ഈ പരിശുദ്ധവചനം അവരുടെ ജീവിതരീതി പൂർണമായും കോറിയിട്ടുകാണിച്ചു. *വമിൻ രിബാതിൽഖയ്ലി തുർഹിബൂന ബിഹീ അദുവ്വല്ലാഹി വ അദുവ്വക്കും.* (8:61) *യാ അയ്യുഹല്ലദീന ആമനുസ്ബിറൂ വ സ്വാബിറൂ വ റാബിത്വൂ* (3:201) അല്ലാഹുവിന്റേയും നിങ്ങളുടേയും ശത്രു, നിങ്ങളുടെ തയ്യാറെടുപ്പുകളും കഴിവുകളും കണ്ട് ഭയപ്പെടാൻ അതിർത്തിയിൽ കുതിരയെ കെട്ടിനിറുത്തുക. അല്ലയോ വിശ്വാസികളേ! ക്ഷമയോടും, സഹനത്തോടുംകൂടി അല്ലാഹുവിന്റെ നിയമങ്ങൾ പാലിക്കുക.’

**(മൽഫൂദാത്ത്, വാല്യം 1, പേജ് 44–46, 2018 ഖാദിയാൻ)**

★★★

## അല്ലാഹുവിന്റെ കലാം

***“അല്ലയോ ജനങ്ങളേ! നിങ്ങളേയും നിങ്ങൾക്കു മുമ്പേയുള്ളവരേയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ; നിങ്ങൾ രക്ഷപ്പെടുന്നതിനുവേണ്ടി.’(2:22)***

**ത്വാലിബെ ദുആ**
**M.P.Haneef Ahmad**
**Ameer Ahmadiyya Jama-ath Koodali, Kerala.**

## കലാമുൽ ഇമാം:–

**‘ഈ ലോകത്ത് ദൈവത്തെ കാണാൻ ഭാഗ്യം സിദ്ധിച്ചിട്ടില്ലാത്തവൻ അന്ത്യനാളിലും അന്ധകാരത്തിലായിരിക്കും. അല്ലാഹു പറയുന്നു: ‘ഈ ലോകത്ത് കുരുടനായവൻ പരലോകത്തും കുരുടനായിരിക്കും.’**
**(കിതാബുൽ ബരിയ്യ പേജ് 47)**

**ത്വാലിബെ ദുആ:**
**C. Shameem Ahmad**
**Ahmadiyya Jama-ath Calicut, Kerala.**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin